# ഇവാൻ ഇലിയിച്ചിൻെറ മരണം

UNIVERSITY LIBRARY
18 JUN 1959
MADRAS

NATIONAL BOOK STALL * KOTTAYAM * BR.
SPCS LTD

(Malayalam)

Ivan Ilyichinte Maranam

Novelett

**TOLSTOY**

Translated by
G. B. MOHAN, B. A. (Hons.)
Central Hindu College
Kamacha, Banares

First Published March 1958
Reprinted January 1962

Printed at
INDIA PRESS, KOTTAYAM

Price Rs 1.25

Rights Reserved

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOKSTALL
**Kottayam Kerala State India**

# ഇവാൻ ഇലിയിച്ചിൻെറ മരണം

## ടോൾസ്റ്റോയി

വിവത്തനം

**ജി. ബി. മോഹൻ**

UNIVERSITY LIBRARY
30 NOV 1983
MADRAS

Univ. Grants Commission

പ്രസാധകന്മാർ

**സാഹിത്യപ്രവത്തക സഹകരണസംഘം**

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1,25

## ടോൾസ്റ്റോയിയുടെ കൃതികൾ

(മലയാളത്തിൽ)

| | |
|---|---|
| യുദ്ധവും സമാധാനവും | (നോവൽ) |
| അന്നാകരീനിനാ | ,, |
| ഉയിർത്തെഴുന്നേല്പ് | ,, |
| ക്രൂററ്സർ സോണാററ | ,, |
| സുഖത്തിന്റെ പിറവി | ,, |
| ഇവാൻ ഇലിയിച്ചിന്റെ മരണം | ,, |
| ചെകുത്താൻ | ,, |
| ഒരു ഭ്രാന്തന്റെ ഡയറി | ,, |
| തമശ്ശക്തി | (നാടകം) |
| കഷ്കനും നരകത്തിൽ | ,, |
| ഇരുളിൽനിന്നു വെളിച്ചത്തിലേയ്ക്കു | (കഥകൾ) |
| കഥാസൗരഭം | ,, |
| നമ്മുടെ കാലങ്ങളിലെ അടിമത്തം | |
| സ്ത്രീപുരുഷബന്ധം | |
| കുട്ടികളുടെ വിവേകം | |

MADRAS UNIVERSITY LIBRARY
- 3 APR 2003
CHENNAI-600 005

221818
O142:3M28:22
32K2

S1298 B551 78/61-62 2-1500

UNIVERSITY LIBRARY
30 NOV 1983
MADRAS

## ഒന്നു്

ആ ഗംഭീരമായ കോടതിക്കെട്ടിടത്തിൽ 'മെൽവിൻസ്കികേസ്'' നടന്നുകൊണ്ടിരിക്കുകയായിരുന്നു. വിശ്രമസമയമായപ്പോൾ ന്യായാധിപന്മാരും പബ്ലിക്പ്രാസിക്യൂട്ടരും ഷെബക്കിന്റെ മുറിയിൽ സമ്മേളിച്ചു. അവരുടെ സംഭാഷണം ക്രമേണ സുപ്രസിദ്ധമായ 'ക്രാസോവ്സ്കികേസി'ലേക്കു തിരിഞ്ഞു. തങ്ങളുടെ അധികാരപരിധിയിൽ ഉൾപ്പെട്ടതല്ലായിരുന്നു അതു് എന്നാണു് ഫെഡോർ വാസിലിയെവിച്ച് പറഞ്ഞതു്. ഇവാൻ ഇഗാറോവിച്ച് നേരേ വിപരീതാഭിപ്രായക്കാരനായിരുന്നു. പീററർ ഇവാനോവിച്ചാകട്ടെ ചർച്ചയുടെ ആരംഭത്തിൽത്തന്നെ പങ്കെടുക്കാതിരുന്നതുകൊണ്ടു് യാതൊരഭിപ്രായവും പറയാതെ അപ്പോൾ വന്ന പത്രം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു.

പെട്ടെന്നു് അയാൾ പറഞ്ഞു. "ഇവിടെ നോക്കൂ. ഇവാൻ ഇലിയിച്ച് മരിച്ചുപോയി."

"ങേ! വാസ്തവമോ?"

"ഇതാ നിങ്ങൾതന്നെ വായിച്ചുനോക്കിൻ" എന്നുപറഞ്ഞിട്ടു് പീററർ ഇവാനോവിച്ച് ഫെഡോർ വാസിലിയെവിച്ചിന്റെ കൈയിൽ പ്രസ്സിലെ ചൂടു മാറിയിട്ടില്ലാത്ത ആ പത്രം കൊടുത്തു. കറുത്ത ബോർഡറിനുള്ളിൽ ഇങ്ങനെ അടിച്ചിരുന്നു: "തന്റെ പ്രിയഭർത്താ

വായ ജഡ്ജി ഇവാൻ ഇലിയിച്ച് ഗോലോവിൻ 1882 ഫെബ്രുവരി നാലാംതീയതി മരിച്ചുപോയവിവരം. പ്ര·സ്കോവ്യ ഫെഡറോവ്നാ ഗോലോവിനാ ഏററവും ദുഃഖത്തോടെ ബന്ധുക്കളെയും സുഹൃത്തുക്കളെയും അറിയിച്ചുകൊള്ളുന്നു. ശവസംസ്കാരകർമ്മം വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരുമണിക്കു നടക്കുന്നതാണു്."

അവിടെ സന്നിഹിതരായിരുന്ന മാന്യന്മാരുടെ സഹപ്രവർത്തകനായിരുന്നു ഇവാൻ ഇലിയിച്ച്. അവർക്കെല്ലാം ഇഷ്ടനായിരുന്ന അയാൾ ശമിപ്പിക്കാൻ അസാദ്ധ്യമെന്നു കരുതിയ രോഗം ബാധിച്ചു കുറേമാസങ്ങളായി കിടപ്പിലായിരുന്നു. അയാളുടെ ഒഴിവിൽ മററാരെയും നിയമിക്കാതെ ഇട്ടിരിക്കുകയായിരുന്നു. പക്ഷേ, അയാൾ മരിച്ചുപോയാൽ അലക്സിയെവിനു് ആ ഉദ്യോഗം കൊടുക്കുമെന്നും, അലക്സിയെവിൻെറ ഒഴിവിൽ വിന്നിക്കോവോ ഷ്ടെബെലോ നിയമിക്കപ്പെടുമെന്നും ശ്രുതികൾ പരന്നിരുന്നു. അതുകൊണ്ടു് ഇവാൻ ഇലിയിച്ചിൻെറ മരണവാർത്ത കേട്ടയുടൻ തങ്ങളുടേയും സുഹൃത്തുക്കളുടേയും ഉദ്യോഗക്കയററത്തിൽ വന്നേക്കാവുന്ന മാററങ്ങളിലേക്കാണു് അവരുടെ ചിന്ത തിരിഞ്ഞതു്.

ഫെഡോർ വാസിലിയെവിച്ച് വിചാരിച്ചു: 'ഷ്ടെബെലിൻെറയോ വിന്നിക്കോവിൻെറയോ ഒഴിവിൽ ഞാൻ കയറും. തീർച്ചതന്നെ. പണ്ടേ വാഗ്ദാനംചെയ്തിരുന്നതാണു്. കയററംകിട്ടിയാൽ കൂടുതലായി കൊല്ലത്തിൽ പതിന്നൂറു റൂബിളും അലവൻസുമായിരിക്കും കിട്ടുക.'

പീററർ ഇവാനോവിച്ച് വിചാരിച്ചു: 'ആ അവസരത്തിൽ ഭാര്യയുടെ സഹോദരനു കാലുഹായിൽനിന്നും സ്ഥലംമാററം വാങ്ങിക്കൊടുക്കണം. ഭാര്യ സന്തോ

ഷിക്കും. അവളുടെ സ്വന്തക്കാർക്കുവേണ്ടി ഞാൻ ഒന്നും ചെയ്യുന്നില്ല എന്ന പരാതിക്ക് ഇനി ഇടവരികയില്ല.' അയാൾ കൂട്ടുകാരോടു പറഞ്ഞു: "അദ്ദേഹം കിടക്കവിട്ടെഴുന്നേല്ക്കുകയില്ലെന്ന് എനിക്ക് അപ്പോഴേ തോന്നി. ഏതായാലും അതു കഷ്ടമായിപ്പോയി!"

"എന്തായിരുന്നു യഥാർത്ഥത്തിൽ രോഗം?"

"ഡോക്ടർമാർക്കുപോലും പറയാൻകഴിഞ്ഞില്ല. ഓരോരുത്തനും ഓരോന്നു പറഞ്ഞു. അവസാനം ഞാൻ കണ്ടപ്പോൾ സുഖപ്പെട്ടുകയായിരുന്നു എന്നാണ് എനിക്കു തോന്നിയതു്."

"കഴിഞ്ഞ അവധിക്കുശേഷം ഞാൻ കണ്ടിട്ടേയില്ല. പോകണമെന്നു പലപ്പോഴും വിചാരിച്ചു. പക്ഷേ, പററിയില്ല."

"സ്വത്തു് എന്തുമാത്രമുണ്ടായിരുന്നു?"

"ഭാര്യയ്ക്കു കുറേയേതാണ്ടുണ്ടായിരുന്നു എന്നു തോന്നുന്നു. പക്ഷേ, പറയത്തക്കതായി ഒന്നുമില്ല."

"നമുക്ക് ആ സ്ത്രീയെ ഒന്നു കാണാൻ പോകണ്ടേ? ഛേ! എത്രദൂരെയാണ് അവർ താമസിക്കുന്നതു്!"

"നിങ്ങളുടെ സ്ഥലത്തുനിന്നും, അല്ലേ? എല്ലാം നിങ്ങളുടെ സ്ഥലത്തുനിന്നും വളരെ ദൂരെയാണ്."

പീററർ ഇവാനോവിച്ച് ഷെബക്കിനോടു ചിരിച്ചുകൊണ്ടു പറഞ്ഞു: "കണ്ടോ, ഈ മനുഷ്യനു ഞാൻ നദിയുടെ അക്കരയിൽ താമസിക്കുന്നതു് ഇഷ്ടമല്ല." നഗരത്തിൻെറ പലഭാഗങ്ങൾതമ്മിലുള്ള ദൂരത്തെക്കുറിച്ചു സംസാരിച്ചുകൊണ്ടു് അവർ കോടതിഹാളിൽ പ്രവേശിച്ചു.

ഇവാൻ ഇലിയിച്ചിൻെറ മരണംമൂലം സംഭവ്യമായിരുന്ന ഉദ്യോഗക്കയററങ്ങളെപ്പററിയും സ്ഥലംമാറ്റങ്ങളെപ്പററിയും എല്ലാവരും ആലോചിച്ചു. പക്ഷേ, അതു

കൂടാതെ സുപരിചിതനായ ഈ വ്യക്തിയുടെ മരണം കേട്ടവരുടെ മനസ്സിൽ മറെറാരു വികാരംകൂടി ഉളവാക്കി. 'അയാളല്ലേ മരിച്ചതു്, ഞാൻ അല്ലല്ലോ' എന്ന വിചാരത്തിൽനിന്നുമുളവായ ആശ്വാസമായിരുന്നു അതു്.

ഓരോരുത്തനും തോന്നി: 'ങാ, അയാഠം മരിച്ചു. പക്ഷെ, ഞാൻ ജീവിച്ചിരിപ്പുണ്ടല്ലോ!' അതേസമയം ഇവാൻ ഇലിയിച്ചിൻെറ അടുത്ത സുഹൃത്തുക്കഠംക്കു് ആ വാർത്ത കേട്ടപ്പോഠം, ആചാരമര്യാദപ്രകാരം ശവസംസ്കാരകർമ്മത്തിൽ പങ്കെടുക്കുകയും വിധവയായിത്തീർന്ന സ്ത്രീയെ സന്ദർശിച്ചു സഹതാപം പ്രകടിപ്പിക്കുകയും ചെയ്യണമെന്ന മുഷിപ്പൻപണിയെക്കൂടി ഓർക്കേണ്ടിവന്നു.

ഫെഡോറും പീറ്ററുമായിരുന്നു അയാളുടെ ഏററവുമടുത്ത സുഹൃത്തുക്കഠം. പീററർ, ഇവാൻ ഇലിയിച്ചിൻെറകൂടെ നിയമം പഠിച്ചിരുന്നു.

ഭക്ഷണസമയത്തു് ഇവാൻ ഇലിയിച്ചിൻെറ മരണത്തെപ്പററിയും സഹോദരൻെറ സ്ഥലംമാററത്തിനുള്ള സാധ്യതയെപ്പററിയും ഭാര്യയെ അറിയിച്ചശേഷം പീററർ ഇവാനോവിച്ചു് പതിവായുള്ള മദ്ധ്യാഹ്നനിദ്ര വേണ്ടെന്നുവച്ചിട്ടു് ഇവാൻ ഇലിയിച്ചിന്റെ വീട്ടിലേക്കു യാത്രയായി.

വീട്ടിൻെറ പ്രവേശനദ്വാരത്തിൽ രണ്ടുമൂന്നു വാഹനങ്ങഠം നിന്നിരുന്നു. താഴത്തെമുറിയിൽ കസവുവസ്ത്രം കൊണ്ടു മൂടപ്പെട്ട ശവപ്പെട്ടിയുടെ മൂടിയുണ്ടായിരുന്നു. കറുത്തവസ്ത്രം ധരിച്ചിരുന്ന രണ്ടു സ്ത്രീകഠം തങ്ങളുടെ രോമക്കുപ്പായം ഊരുന്നതു് അയാഠം കണ്ടു. അവരിൽ ഒരാഠം ഇവാൻ ഇലിയിച്ചിന്റെ സഹോദരിയാണെന്നു് അയാഠം മനസ്സിലാക്കി. മറേറസ്ത്രീ അയാഠംക്കു് അപരിചിതയാ

യിരുന്നു. അയാളുടെ സഹപ്രവർത്തകനായ ഷ്വാർട്ട്സ് കോണിപ്പടികളിൽക്കൂടി താഴെയിറങ്ങി വന്നു. പീറ്റർ ഇവാനോവിച്ചിനെ കണ്ടപ്പോൾ ഇവാൻ ഇലിയിച്ച് കാര്യങ്ങളാകെ കുഴപ്പത്തിലാക്കിയിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതരത്തിൽ കണ്ണു ചിമ്മി.

ഷ്വാർട്ട്സ് സദാ നേരമ്പോക്കുകാരനായിരുന്നെങ്കിലും കൃതാവുള്ള മുഖവും മെലിഞ്ഞ ശരീരവും അയാളുടെ ഭാവത്തിനു് ഒരു ഗാംഭീര്യം നൽകിയിരുന്നു. പീറ്റർ ഇവാനോവിച്ച് സ്ത്രീകളുടെ പുറകെ കോണിപ്പടി കയറി. ഷ്വാർട്ട്സ് താഴെയിറങ്ങാതെ നിന്നു. രാത്രി എവിടെവെച്ചു ശീട്ടുകളിക്കണമെന്ന കാര്യത്തെക്കുറിച്ചു തീരുമാനമുണ്ടാക്കാൻ ഷ്വാർട്ട്സിനു് ആഗ്രഹമുള്ളതായി പീററിനു തോന്നി. സ്ത്രീകൾ മുകളിൽ വിധവയുടെ മുറിയിൽ പ്രവേശിച്ചു. ഷ്വാർട്ട്സ് അമർത്തിയ ചുണ്ടുകളോടെ പുരികം ചുളിച്ചു വലതുവശത്തു ശവശരീരം കിടന്ന മുറി കാട്ടിക്കൊടുത്തു.

പീററർ ഇവാനോവിച്ച് എന്തുചെയ്യണമെന്നറിയാതെ അനിശ്ചിതഭാവത്തിൽ അകത്തുകടന്നു. ഇത്തരം സന്ദർഭങ്ങളിൽ കുരിശടയാളം വരയ്ക്കുന്നതാണു് ഏററവും ഉചിതമായ ചടങ്ങെന്നു് അയാൾക്കറിയാം. പക്ഷേ, അതു ചെയ്യുമ്പോൾ മുട്ടുകുത്തി നമസ്കരിക്കേണ്ടതു് അത്യാവശ്യമാണോ എന്നു് അറിയാൻ പാടില്ലായിരുന്നു. അതുകൊണ്ടു് അയാൾ മദ്ധ്യമാർഗ്ഗം പിൻതുടർന്നു. മുറിയിൽ കടന്നയുടനെ കുരിശുവരച്ചിട്ടു തലകുനിച്ചു. മുറിയാകെ കണ്ണുകൊണ്ടു പരിശോധനനടത്തി. രണ്ടു ബാലന്മാർ—മരുമക്കളായിരിക്കണം—ഒരാൾ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നു—കുരിശടയാളം വരച്ചുകൊണ്ടു മുറിയിൽനിന്നും പുറത്തുപോകുന്നതു് അയാൾ കണ്ടു.

ഒരു വൃദ്ധ നിശ്ചലയായി മുറിയുടെ ഒരററത്തു നില്ക്കുകയാണ്. ഒരു സ്ത്രീ പുരികം ഉയർത്തിക്കൊണ്ടു് അവരോട്ട് എന്തോ ചെവിയിൽ മന്ത്രിക്കുന്നു. സ്ഫൂർത്തിയും ഓജസ്സുമുള്ള പള്ളിയിലെ ഉദ്യോഗസ്ഥൻ എന്തോ ഉറക്കെ വായിക്കുന്നു. അടുക്കളഭൃത്യനായ ഗെറാസിം, പീററർ ഇവാനോവിച്ചിൻെറ മുമ്പിൽക്കൂടിവന്നു തറയിൽ എന്തോ വിതറിത്തുടങ്ങി. ഇതുകണ്ടപ്പോഴാണു ചീഞ്ഞുതുടങ്ങിയിരുന്ന ശവശരീരത്തിൻെറ ദുർഗ്ഗന്ധം പീറ്റർ ഇവാനോവിച്ചിന്നു് അനുഭവപ്പെട്ടതു്.

പീററർ ഇവാനോവിച്ച് അവസാനമായി ഇവാൻ ഇലിയിച്ചിനെ കാണാൻ വന്നപ്പോൾ ഗെറാസിം അടുത്തുണ്ടായിരുന്നു. നഴ്സിനെപ്പോലെ അയാൾ ശുശ്രൂഷിച്ചിരുന്നു. പീറ്ററിന്നു് അയാളോടു പ്രത്യേകമമതയും തോന്നിയിരുന്നു.

ശവപ്പെട്ടിയുടെയും മുറിയുടെമൂലയിൽ മേശപ്പുറത്തു വച്ചിരുന്ന വിഗ്രഹങ്ങളുടെയും ഇടയ്ക്കുനോക്കി തല കുനിച്ചുകൊണ്ടു പീററർ കുരിശടയാളം വരയ്ക്കുന്നതു തുടന്നു. പക്ഷേ, കുറേസമയം കഴിഞ്ഞു് തൻെറ ഈ കുരിശടയാളംവരയ്ക്കൽ ആവശ്യത്തിൽ കവിഞ്ഞുപോയെന്നു തോന്നിയപ്പോൾ അതു നിറുത്തുകയും ശവത്തെ സൂക്ഷിച്ചുനോക്കാൻ തുടങ്ങുകയും ചെയ്തു.

എല്ലാ മരിച്ചമനുഷ്യരെയുംപോലെ ഇവാൻ ഇലിയിച്ചും ഒരു പ്രത്യേകതരത്തിലാണു് കിടന്നിരുന്നതു്. മരവിച്ചുപോയ അവയവങ്ങൾ ശവപ്പെട്ടിയിലെ മെത്തയിൽ അമന്നും, തല തലയണയിൽ ചാഞ്ഞും കിടന്നിരുന്നു. മഞ്ഞമെഴുകുനിറത്തിലുള്ള നെററി മുമ്പോട്ടുന്തിയിട്ടുണ്ടു്. മുമ്പോട്ടുന്തിയ മൂക്കു് മേൽച്ചുണ്ടിനെ അമത്തിയതുപോലെ കാണാം. പീററർ അവസാനമായി ഇവാൻ

ഇലിയിച്ചിനെ കണ്ടപ്പോഴുള്ളതിനേക്കാറം വലിയ മാറ്റം വന്നിരിക്കുന്നു. ശരീരം തീരെ ശോഷിച്ചിട്ടുണ്ടു്. പക്ഷേ, എല്ലാ മരിച്ചവക്കും സംഭവിക്കാറുള്ളതുപോലെ അയാളുടെ മുഖം ജീവിച്ചിരുന്നപ്പോഴുണ്ടായിരുന്നതിനെക്കാറം സൗന്ദയ്യവും അന്തസ്സും കൂടുതലുള്ളതായി കാണപ്പെട്ടു. നേടേണ്ടകാര്യം നേടിയെന്നും, ശരിയാംവണ്ണം നേടിയെന്നും അയാളുടെ മുഖം വിളിച്ചുപറയുന്നതുപോലെ തോന്നി. പക്ഷേ, അതുകൂടാതെ ആ മുഖത്തിൽ പരാതിയുടെയും ജീവിച്ചിരിക്കുന്നവക്കു മുന്നറിയിപ്പിൻെറയും ഭാവംകൂടി ഉണ്ടായിരുന്നു. ഈ മുന്നറിയിപ്പിൻെറ ആവശ്യമില്ലെന്നാണു്—ഉണ്ടെങ്കിൽത്തന്നെയും അതു തനിക്കു ബാധകമല്ലെന്നാണു്—പീററർ ഇവാനോവിച്ചിനു തോന്നിയതു്. അയാറംക്കു് അവണ്ണ്യമായ അസുഖവും വല്ലായ്മയും തോന്നി. തിടുക്കത്തോടെ വീണ്ടും കുരിശു വരച്ചിട്ടു് അയാറം പുറത്തുകടന്നു. തൻെറ അതിരുകവിഞ്ഞ തിടുക്കം മയ്യാദയെ അതിലംഘിച്ചില്ലേ എന്നു് അയാറംക്കുതന്നെ സംശയം തോന്നി.

അടുത്തമുറിയിൽ കാൽരണ്ടും അകററിവച്ചുനിന്നു്, തൊപ്പിയുടെ പിൻവശം തടവിക്കൊണ്ടു ഷ്വാർട്ട്സ് അയാറംക്കുവേണ്ടി കാത്തുനില്ക്കുകയായിരുന്നു. ഉന്മേഷവാനും ഗംഭീരനും ആഡംബരമായി വസ്ത്രധാരണം ചെയ്തിരുന്നവനുമായ ഷ്വാർട്ട്സിനെ കണ്ടപ്പോറംത്തന്നെ പീററർ ഇവാനോവിച്ചിനു് ആശ്വാസം തോന്നി. ഷ്വാർട്ട്സ് ഇത്തരം സംഭവങ്ങറംക്കെല്ലാം അതീതനാണെന്നും മനസ്സിനു ഗ്ലാനതയുളവാക്കുന്ന ഒന്നും അയാളെ ബാധിക്കുകയില്ലെന്നും പീററിനു തോന്നി. ഇവാൻ ഇലിയിച്ചിനു വേണ്ടി പള്ളിയിൽ നടത്തപ്പെടുന്ന പ്രാത്ഥനയ്ക്കു തൻെറ ദിനചയ്യയെ ബാധിക്കത്തക്ക പ്രാധാന്യം

താൻ നൽകിയിരുന്നില്ലെന്നു് അയാളുടെ നോട്ടം വ്യക്തമാക്കിയിരുന്നു. അന്നു രാത്രിയും ഭൃത്യൻ പുതിയ നാലു മെഴുകുതിരികൾ കത്തിച്ചുവയ്ക്കുമ്പോൾ ഷ്വാർട്ട്സ് ശീട്ടുകെട്ടു് അഴിക്കുകതന്നെ ചെയ്യും. അവരുടെ രാത്രി ഉല്ലാസപ്രദമായി കഴിക്കുന്നതിനു് ഇതു് ഒരു തടസ്സമേ അല്ലായിരുന്നു. അയാൾ പീറ്റർ ഇവാനോവിച്ചിനോടു്, അന്നുരാത്രി ഫെഡോറിൻെറ വീട്ടിൽ കളിക്കാൻ കൂടാമെന്നു പറയുകപോലും ചെയ്തു. പക്ഷേ, പീററർ ഇവാനോവിച്ചിനു് അന്നുരാത്രി കളിക്കാൻ വിധിച്ചിട്ടില്ലായിരുന്നു. പ്രസ്കോവ്യ ഫെഡറോവ്നാ (ആ ഉയരം കുറഞ്ഞ തടിച്ച സ്ത്രീക്കു ശവപ്പെട്ടിക്കടുത്തുനിന്ന സ്ത്രീയുടേതുപോലെ അസാധാരണമാംവിധം വളഞ്ഞ പുരികം ഉണ്ടായിരുന്നു. വളരെയേറെ ശ്രമിച്ചിട്ടും തടിച്ചുകൊഴുപ്പു് കുറയ്ക്കാൻ അവൾക്കു കഴിഞ്ഞിട്ടില്ല.) കറുത്തവസ്ത്രം ധരിച്ചു ശിരസ്സു തുണികൊണ്ടുമൂടി തൻെറ മുറിവിട്ടു പുറത്തുവന്നു. അവരുടെകൂടെയുണ്ടായിരുന്ന സ്ത്രീകളെ ശവശരീരം കിടന്ന മുറിയിലേക്കു നയിച്ചിട്ടു പറഞ്ഞു: "അകത്തു കടക്കാമല്ലോ. പ്രാർത്ഥന ഉടനെ ആരംഭിക്കും."

ഷ്വാർട്ട്സ് തലകുനിച്ചു ക്ഷണം സ്വീകരിക്കണോ വേണ്ടയോ എന്നു നിശ്ചയിക്കാൻ കഴിയാതെ നിശ്ചലനായി നിന്നു. പീറ്ററിനെ കണ്ടപ്പോൾ പ്രസ്കോവ്യ ഫെഡറോവ്നാ അടുത്തുചെന്നു ഹസ്തദാനം ചെയ്തിട്ടു നെടുവീർപ്പോടെ പറഞ്ഞു: "നിങ്ങൾ ഇവാൻ ഇലിയിച്ചിൻെറ യഥാർത്ഥസ്നേഹിതനായിരുന്നു എന്നു് എനിക്കറിയാം." ഇത്രയും പറഞ്ഞിട്ടു് അനുയോജ്യമായ പ്രത്യുത്തരം കിട്ടാൻവേണ്ടി അയാളുടെ മുഖത്തുനോക്കി. മുറിയിൽവച്ചു കുരിശടയാളം കാണിക്കേണ്ടതു് എത്ര ആവശ്യമാണോ അതുപോലെ ഇവിടെയും ഏററവും

സമുചിതമായതു് ആ സ്ത്രീയുടെ കൈയമത്തി ദീർഘ നിശ്വാസത്തോടെ "എന്നെ വിശ്വസിക്കുക" എന്നു പറയുകയാണെന്നു് അയാൾക്കറിയാമായിരുന്നു. അതെല്ലാം ചെയ്തുകഴിഞ്ഞപ്പോൾ പ്രതീക്ഷിച്ച ഫലമുണ്ടായെന്നു് അയാൾക്കു തോന്നി. രണ്ടുപേക്കും ഹൃദയംഗമമായ അടുപ്പം അനുഭവപ്പെട്ടു.

വിധവ പറഞ്ഞു: "എൻെറകൂടെ വരൂ. പ്രാർത്ഥന തുടങ്ങുംമുമ്പു നിങ്ങളുമായി കുറെ സംസാരിക്കാനുണ്ടു്." രണ്ടുപേരും ഷ്വാർട്ട്സിനെ കടന്നു് അകത്തെ മുറിയിലേക്കു പോയി. ഷ്വാർട്ട്സാകട്ടെ പീറ്ററെ സഹതാപപൂർവ്വം നോക്കി. 'നമ്മുടെ ശീട്ടുകളി തുലഞ്ഞു. വേറെ കളിക്കാരനെ തേടിപ്പിടിച്ചാൽ ഞങ്ങളോടു മുഷിയരുതു്. നിങ്ങൾ ഇവിടെനിന്നും രക്ഷപെട്ടാൽ കൂടെച്ചെന്നു കളിക്കാൻ കഴിഞ്ഞേക്കും.'—ഇതായിരുന്നു ആ നോട്ടത്തിൻെറ അർത്ഥം.

പീററർ ഇവാനോവിച്ച് ആത്മാർത്ഥമായി നെടുവീർപ്പിട്ടു. പ്രസ്കോവ്യ ഫെഡറോവ്നാ കൃതാർത്ഥതയോടെ അയാളുടെ കരം അമർത്തി. അവർ ഇളംചുമപ്പുനിറമുള്ള തുണികളാൽ അലംകൃതവും മങ്ങിയ വെളിച്ചമുള്ളതുമായ ആ മുറിയിൽച്ചെന്നു കയറി മേശയ്ക്കരികിൽ ഇരുന്നു. പീററർ മൃദുവായ മെത്തയുള്ള സ്പ്രിങ് കസേരയിലിരുന്നു. മറെറാരു കസേരയിലിരിക്കണമെന്നു് അയാളോടു പറയാൻ അവർ ആഗ്രഹിച്ചുവെങ്കിലും സന്ദർഭം അനുയോജ്യമല്ലെന്നു തോന്നിയതുകൊണ്ടു മനസ്സുമാററി. തൻെറ മുറി അലങ്കരിച്ചതു താൻ തന്നെയെന്നു് ഇവാൻ ഇലിയിച്ച് പറഞ്ഞതും പച്ചനിറത്തിൽ ഇലകളുടെ ചിത്രപ്പണികളുള്ളതും ചുവപ്പുനിറത്തുണിയെപ്പററി തന്നോടു് അഭിപ്രായം ചോദിച്ചതും

പീററർ ഓത്തു. മുറിയിൽ കസേരകളും മററും ധാരാളമുണ്ടായിരുന്നു. വിധവ സോഫയിൽ ഇരിക്കാൻ ഭാവിച്ചപ്പോഠ മേശയുടെ അരികിൽ അവരുടെ കറുത്ത വസ്ത്രം ഉടക്കിപ്പിടിച്ചു. പീററർ ഇവാനോവിച്ച് അതു നിവിക്കാനായി എഴുന്നേററപ്പോഠ സ്പ്രിങ് അയഞ്ഞു് അയാഠക്കൊരു ഉന്തുകൊടുത്തു. വിധവ തന്നെത്താൻ വസ്ത്രം ശരിയാക്കാൻ ഭാവിച്ചതുകൊണ്ടു് പീറ്റർ കസേരയിലെ സ്പ്രിങ്ങിനെ അമത്തിക്കൊണ്ടു വീണ്ടുമിരുന്നു. പക്ഷേ, വിധവയ്ക്കു വസ്ത്രം മുഴുവനായും ഉടക്കെടുക്കാൻ കഴിഞ്ഞില്ല. അയാഠ വീണ്ടും എഴുന്നേറ്റപ്പോഠ സ്പ്രിങ് ഒന്നുകൂടി നിവിരുകയും ശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു. അതെല്ലാം കഴിഞ്ഞപ്പോഠ പ്രസ്കോവ്യ ഫെഡറോവ്നാ ശുചിയായ കൈലേസെടുത്തു മുഖത്തുപിടിച്ചുകൊണ്ടു കരയാൻതുടങ്ങി. വസ്ത്രം മേശയിൽനിന്നു് എടുക്കാനുള്ള ശ്രമവും സ്പ്രിങ്ങിൻെറ തോന്ന്യാസവും അയാളുടെ വികാരത്തെ തണുപ്പിച്ചു കഴിഞ്ഞിരുന്നു. വിഷണ്ണഭാവത്തോടെ അയാഠ ഇരുന്നു. ഭൃത്യനായ സോകോലോവ് മുറിയിൽ വന്നപ്പോഠ ഈ അസുഖകരമായ അവസ്ഥ മാറിക്കിട്ടി. ശ്മശാനത്തിൽ തിരഞ്ഞെടുത്ത സ്ഥലത്തിനു് ഇരുന്നൂറു റൂബിഠ വില വരും എന്നറിയിക്കാനാണു് അയാഠ വന്നതു്. അവർ കരച്ചിൽ നിത്തി ഹതഭാഗ്യയുടെ ഭാവത്തോടെ പീററെ നോക്കി തനിക്കതു വളരെ വിഷമമുള്ള കാര്യമാണെന്നു ഫ്രഞ്ചിൽ പറഞ്ഞു. അതങ്ങനെയാണെന്നു തനിക്കു തികച്ചും ബോദ്ധ്യമുണ്ടെന്നു പീററർ ഭാവിക്കുകയും ചെയ്തു.

"വേണമെങ്കിൽ പുകവലിച്ചോളൂ" എന്നു തകന്നതെങ്കിലും ഉദാരമായ സ്വരത്തിൽ പറഞ്ഞിട്ടു് ആ

സ്ത്രീ സോകോലോവുമായി സെമിറേററിയിലെ സ്ഥല ത്തിൻെറ വിലയെക്കുറിച്ചു ചർച്ചചെയ്യാൻതുടങ്ങി. അവർ സെമിറേററിയിലെ പല ഭാഗങ്ങളെപ്പററിയും വിശദമായ വിലവിവരങ്ങൾ ചോദിക്കുന്നതും അവസാനം തനിക്കിഷ്ടപ്പെട്ട ഒരു ഭാഗം തീർച്ചപ്പെടുത്തുന്നതും സിഗരററ് കത്തിക്കുന്നതിനിടയിൽ പീററർ ഇവാനോവിച്ച് കേട്ടു. അതു കഴിഞ്ഞപ്പോൾ ഒരു ഗായകസംഘം ശട്ടംകെട്ടുന്ന വിഷയത്തെക്കുറിച്ചു സംസാരിച്ചു. സോകോലോവ് മുറിവിടുകയും ചെയ്തു.

മേശപ്പുറത്തു കിടന്ന ചിത്രപുസ്തകങ്ങൾ മാററിവച്ചിട്ട് അവർ പീററർ ഇവാനോവിച്ചിനോടു പറഞ്ഞു: "എല്ലാക്കാര്യങ്ങളും ഞാൻതന്നെ നോക്കേണ്ടിയിരിക്കുന്നു." മേശപ്പുറത്ത് അയാളുടെ സിഗരററിൽനിന്നും ചാമ്പൽ വീഴുന്നു എന്നുകണ്ടയുടൻ അവർ ഒരു ആഷ്ട്രേ എടുത്ത് അയാളുടെ മുമ്പിൽ നീക്കിവച്ചുകൊണ്ടു പറഞ്ഞു: "പ്രായോഗികകാര്യങ്ങളിൽ വേണ്ട ശ്രദ്ധചെലുത്താൻ എൻെറ വ്യസനം അനുവദിക്കുകയില്ല എന്നു പറയുന്നതു വെറും മിഥ്യാഗൗരവമായിരിക്കും. എന്തിനെങ്കിലും എന്നെ ആശ്വസിപ്പിക്കാൻ കഴിവുണ്ടെങ്കിൽ അദ്ദേഹവുമായി ബന്ധമുള്ള വസ്തുക്കൾക്കാണ്." വീണ്ടും കരയാൻപോകുന്നതുപോലെ അവർ കൈലേസെടുത്തു. പക്ഷേ, തൻെറ വികാരങ്ങളെ നിയന്ത്രിച്ചിട്ടെന്നപോലെ ശാന്തയായി പറഞ്ഞു: "നിങ്ങളോട് ഒരു കാര്യത്തെപ്പററി സംസാരിക്കേണ്ടതുണ്ട്."

പീററർ തലയൊന്നു കുനിച്ചു. ഉടൻ ചലിക്കാൻ തുടങ്ങിയിരുന്ന സ്പ്രിങ്ങിനെ അമർത്തിക്കൊണ്ട് ഇരിക്കയുംചെയ്തു.

"അവസാനത്തെ കുറെ ദിവസങ്ങഠം അദ്ദേഹം വളരെ ബുദ്ധിമുട്ടി."

"ങാഹാ!" പീററർ ചോദിച്ചു.

"ഭയങ്കരം! മണിക്കൂറുകളായി നിൎത്താതെ നിലവിളിച്ചു. അവസാനത്തെ മൂന്നുദിവസം തുടർച്ചയായി നിലവിളിച്ചുകൊണ്ടിരുന്നു. കേട്ടു സഹിക്കാൻ സാദ്ധ്യമല്ല. അതു ഞാൻ എങ്ങനെ സഹിച്ചുവെന്നു് എനിക്കുതന്നെ അറിവില്ല. അടുക്കളയിൽ നിന്നാൽ കേഠക്കാം. ഓ! ഞാൻ സഹിച്ച ബുദ്ധിമുട്ടു്!"

"അദ്ദേഹത്തിനു് ആ സമയമെല്ലാം ബോധമുണ്ടായിരുന്നോ?" പീററർ ചോദിച്ചു.

"അതെ, അവസാനംവരെ. മരിക്കുന്നതിനു കാൽ മണിക്കൂർമുമ്പാണു് ഞങ്ങളോടു വിടവാങ്ങിയതു്. വോളാഡ്യായെ കൊണ്ടുപോകാനും പറഞ്ഞു."

ആ സ്ത്രീയും താനും കപടനാടകം അഭിനയിക്കുകയാണെന്ന അസന്തോഷകരമായ ബോധം പീറ്ററിനുണ്ടായിരുന്നു. എങ്കിലും ബാല്യംമുതലേ സുപരിചിതനായ ആ മനുഷ്യൻെറ വേദനയെപ്പററി ഓൎത്തപ്പോഠം പീററിൻെറ ഹൃദയം ഭീതികൊണ്ടു നിറഞ്ഞു. ശവത്തിൻെറ പുരികവും മേൽച്ചുണ്ടിനെ അമൎത്തുന്ന നാസികയും അയാഠം കൺമുമ്പിൽ കണ്ടു. ഉള്ളിൽ ഭയചകിതനായി.

'മൂന്നുദിവസത്തെ അവൎണ്ണനീയമായ വേദന; എന്നിട്ടു മരിക്കുക. എപ്പോഠം വേണമെങ്കിലും എനിക്കും സംഭവിക്കാവുന്നതേയുള്ളു.' അതോൎത്തപ്പോഠം ഒരു നിമിഷനേരത്തേക്കു് അയാഠം ഭയംകൊണ്ടു വിറച്ചുപോയി. പക്ഷെ, അതു് ഇവാൻ ഇലിയിച്ചിനാണു സംഭവിച്ചതെന്നും, തനിക്കല്ലെന്നും, അതു തനിക്കു സംഭവി

ക്കാൻ പാടില്ലെന്നും സംഭവിക്കുകയില്ലെന്നും, അമ്മാതിരി ചിന്തകൾ മനസ്സിൽ അനാവശ്യമായ വ്യാകുലതയുള വാക്കുമെന്നും, ഷ്വാർട്ട്സിൻെറ മുഖഭാവം പഠിപ്പിക്കുന്നതുപോലെ അത്തരം ചിന്തകൾ ഒഴിവാക്കണമെന്നും എങ്ങനെയോ അയാൾ ഓർത്തു. അതിനുശേഷം അയാളുടെ ഭയം അകന്നു. മരണം ഇവാൻ ഇലിയിച്ചിനു മാത്രമുള്ള സ്വാഭാവികമായ വിപത്താണെന്നും അതു് തന്നെ തീണ്ടുകയില്ലെന്നുമുള്ള വിശ്വാസത്തോടെ ഇവാൻ ഇലിയിച്ചിൻെറ മരണത്തെപ്പററിയുള്ള ഓരോ ചെറിയ വിശദാംശവും ചോദിക്കാൻ തുടങ്ങി.

ഇവാൻ ഇലിയിച്ച് അനുഭവിച്ച മാരകമായ വേദനയുടെ ഭയങ്കരമായ വിശദാംശങ്ങൾ വിസ്തരിച്ചശേഷം അവർ വീണ്ടും കരയാൻ തുടങ്ങി.

അവർ കരഞ്ഞുതീരുന്നതുവരെ പീററർ കാത്തിരുന്നു. "എന്നെ വിശ്വസിക്കു—" എന്നുമാത്രം അയാൾ പറഞ്ഞു. അവർ വീണ്ടും സംസാരിക്കാൻ തുടങ്ങി. ഭർത്താവിൻെറ മരണത്തിനു സക്കാർ കൊടുക്കുന്ന നഷ്ടപരിഹാരം എങ്ങനെ വാങ്ങാമെന്നതിനെക്കുറിച്ചായിരുന്നു പ്രധാനമായും അവക്ക് അയാളോട്ട് ആലോചിക്കാനുണ്ടായിരുന്നതു്. പീററർ ഇവാനോവിച്ചിൻെറ ഉപദേശം ആവശ്യപ്പെടുന്നമട്ടിലാണ് അവർ ആദ്യം സംസാരിച്ചതു്. പക്ഷേ, അതിനെപ്പററിയുള്ള എല്ലാ വിശദാംശങ്ങളും തന്നെക്കാൾക്കൂടുതൽ ഭംഗിയായി അവക്ക് അറിയാമെന്നു ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ പീററർ മനസ്സിലാക്കി. എന്തുതുക സക്കാരിൽ നിന്നും കിട്ടുമെന്ന് അവക്കറിയാമായിരുന്നു; കൂടുതൽ കിട്ടാൻ വഴിയുണ്ടോ എന്നായിരുന്നു അവക്കറിയേണ്ടതു്. അതിനു വല്ല മാർഗ്ഗവുമുണ്ടോ എന്നു പീറ്റർ ചിന്തി

ക്കാൻ തുടങ്ങി. പക്ഷേ, അല്പനേരം കഴിഞ്ഞു് മയ്യാദയ്ക്കുവേണ്ടി സക്കാരിൻെറ ലുബ്ധിനെ ശകാരിച്ചശേഷം കൂടുതൽ കിട്ടാൻ യാതൊരു വഴിയുമില്ലെന്നു പറഞ്ഞു. ആ സ്ത്രീ ഒന്നു നെടുവീപ്പിട്ടശേഷം സന്ദശ്കനെ പുറത്തേക്കു നയിക്കാനുള്ള ഭാവങ്ങൾ കാട്ടിത്തുടങ്ങി. അതു മനസ്സിലാക്കിയപ്പോൾ അയാൾ സിഗരററുകേസ് അടച്ചിട്ട് എണീററു് അവരുടെ കൈ അമത്തുകയും പുറത്തേക്കു കടക്കുകയും ചെയ്തു.

ഇവാൻ ഇലിയിച്ചിനു് ഏററവും പ്രിയമായിരുന്ന ഭക്ഷണമുറിയിൽ പാതിരിയും മററു ചില പരിചിതരും ഇവാൻ ഇലിയിച്ചിൻെറ സുന്ദരിയായ മകളും നില്ക്കുന്നതു പീററർ കണ്ടു. മകൾ കറുത്ത വസ്ത്രമാണു് ധരിച്ചിരുന്നതു്. സാധാരണയെക്കാൾ കൂടുതൽ മെലിഞ്ഞുപോയതുപോലെ കാണപ്പെട്ടു. വിഷാദാത്മകവും കോപകലുഷിതവുമെന്നു തോന്നിക്കുന്നതുമാതിരിയിരുന്നു അവളുടെ മുഖഭാവം. പീററർ ഇവാനോവിച്ചിനെ കുററം പറയുന്നമാതിരി അവളൊന്നു നമിച്ചു. അവളുടെ പിന്നിലായി അവളുടെ കാമുകനായ ധനികയുവാവു്—ഒരു മജിസ്ത്രേട്ടു്—അതേ കോപകലുഷിതമായ നോട്ടത്തോടെ നിന്നിരുന്നു. പീററർ അവരെ നമിച്ചിട്ടു ശവമുറിയിൽ കടക്കാൻ ഭാവിക്കവേ കോണിപ്പടികളിൽനിന്നും ഇവാൻ ഇലിയിച്ചിന്റെ മകൻ—ഒരു വിദ്യാത്ഥി—ഇറങ്ങിവന്നു. അവനു് പിതാവിനെ അനുസ്മരിപ്പിക്കുന്ന രൂപമാണുണ്ടായിരുന്നതു്. ഇവാൻ ഇലിയിച്ച് ബാലനായിരുന്നപ്പോൾ എങ്ങനെയിരുന്നോ അതുപോലെതന്നെ. അവൻെറ കണ്ണുനീർനിറഞ്ഞ നയനങ്ങളിൽ ബാലസഹജമായ നിഷ്കളങ്കത പ്രതിഫലിച്ചിരുന്നു. പീററർ അവൻെറ നേരേ തലകുനിച്ചിട്ടു ശവമുറിയിൽക്കടന്നു

പ്രാത്ഥനതുടങ്ങി. മെഴുകുതിരി, ദീർഘനിശ്വാസം, സുഗന്ധം, കണ്ണുനീർ, ഏങ്ങലുകൾ. പീററർ വിഷാദമഗ്നനെന്നപോലെ സ്വന്തം കാൽത്തുമ്പിൽ നോക്കിക്കൊണ്ടു നിന്നു. മരിച്ചമനുഷ്യൻെറ മുഖത്തു് ഒരിക്കലെങ്കിലും നോക്കുകയോ അസുഖകരമായ ചിന്തകൾക്കു വഴങ്ങുകയോ ചെയ്തില്ല. പ്രാത്ഥനയ്ക്കുശേഷം ആദ്യമായി ആ മുറിവിട്ടതു് അയാളായിരുന്നു. പുറത്തേമുറിയിൽ ആരുമുണ്ടായിരുന്നില്ല. പക്ഷേ, ഉടൻ ഗെറാസിം ഓടിവന്നു് പീററർ ഇവാനോവിച്ചിൻെറ കമ്പിളിക്കോട്ടു് തിരഞ്ഞുപിടിച്ചു് ഇടാൻ സഹായിച്ചു.

എന്തെങ്കിലും പറയണമല്ലോ എന്നു വച്ചിട്ടു് പീററർ പറഞ്ഞു: "ഗെറാസിം, വളരെ കഷ്ടമായിപ്പോയി. അല്ലേ?"

ആരോഗ്യവാനായിരുന്ന ഗെറാസിം തൻെറ വെളുത്ത ദന്തനിര കാട്ടിക്കൊണ്ടു പറഞ്ഞു: "ദൈവനിശ്ചയം! എല്ലാവരുടേയും അവസാനം അതല്ലേ?" ഗെറാസിം വാതിൽതുറന്നു വണ്ടിക്കാരനെ വിളിച്ചു. പീറററെ വണ്ടിയിൽ കയറാൻ സഹായിച്ചശേഷം തിരിച്ചു് അടുത്തതായി ചെയ്യേണ്ടകാര്യത്തിനു തയാറെടുക്കുന്നപോലെ പടി കയറിത്തുടങ്ങി.

സുഗന്ധദ്രവ്യങ്ങളുടെയും ശവത്തിൻെറയും കാർബോളിക് ആസിഡിൻെറയും ഗന്ധങ്ങൾക്കുശേഷം പീററർ ഇവാനോവിച്ചിനു് പരിശുദ്ധവായു ഉന്മേഷപ്രദമായിത്തോന്നി.

"എങ്ങോട്ടു പോകണം?" ഡ്രൈവർ ചോദിച്ചു.

"അധികം താമസിച്ചിട്ടില്ല. ഫെഡോർ വാസിലിയെവിച്ചിനെ കണ്ടുകളയാം."

അവിടെയെത്തിയപ്പോഠം കളിക്കാർ ആദ്യത്തെ വട്ടം കളി കഴിഞ്ഞിരുന്നു; അതുകൊണ്ടു് അയാഠംക്കു സൗകര്യപൂർവ്വം കളിയിലേപ്പെടാൻ കഴിഞ്ഞു.

## രണ്ടു്

ഇവാൻ ഇലിയിച്ചിൻെറ ജീവിതം ഏററവും ലളിതവും ഏററവും സാധാരണവുമായിരുന്നു; അതുകൊണ്ടു തന്നെ ഏററവും ഭയങ്കരവുമായിരുന്നു.

ജസ്റ്റിഉദ്യോഗം വഹിക്കുമ്പോഠം നാല്പത്തഞ്ചാമത്തെ വയസ്സിൽ അയാഠം മരിച്ചു. അയാളുടെ പിതാവു് പീറേറഴ്സ്ബർഗ്ഗിൽ പല വകുപ്പുകളിൽ ഉദ്യോഗം വഹിച്ചിരുന്നയാളായിരുന്നു. ചില ഉദ്യോഗസ്ഥന്മാരുണ്ടു്—വളരെക്കാലത്തെ സേവനം അനുഷ്ഠിച്ചുപോയതുകൊണ്ടു്, ഭരിക്കാൻ യാതൊരു കഴിവും അർഹതയും ഇല്ലെങ്കിലും അവരെ ഉദ്യോഗത്തിൽനിന്നും പറഞ്ഞയയ്ക്കാൻ ഗവമ്മെൻറിനു നിവൃത്തിയില്ല. അവക്കുവേണ്ടി യാതൊരു ചുമതലയും ജോലിയുമില്ലാത്ത പുതിയ പദവികഠം സൃഷ്ടിക്കപ്പെടുന്നു. ജോലി നാമമാത്രമാണെങ്കിലും പതിനായിരം റൂബിഠംവരെ ശമ്പളം കിട്ടുന്നതുകൊണ്ടു് അവർ വളരെക്കാലം ജീവിച്ചിരിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരിൽ ഒരാളായിരുന്നു ഇവാൻ ഇലിയിച്ചിൻെറ പിതാവായ ഇലിയാ എഫിമോവിച്ച് ഗോലോവിൻ. അദ്ദേഹം ഒരു പ്രിവികൗൺസിലറും അനാവശ്യമായ അനവധി സ്ഥാപനങ്ങളുടെ അനാവശ്യമായ ഭാരവാഹിയുമായിരുന്നു.

അദ്ദേഹത്തിൻെറ മൂന്നു പുത്രന്മാരിൽ രണ്ടാമത്തെ

യാളായിരുന്നു ഇവാൻ ഇലിയിച്ച്. മൂത്തമകൻ അച്ഛനെപ്പോലെ മററൊരു വകുപ്പിൽ വിജയകരമായി ഉദ്യോഗം വഹിച്ചുവന്നു. മൂന്നാമത്തെ മകൻ പരാജയമായിരുന്നു. പല പദവികളിലും ജോലിനോക്കിയശേഷം റെയിൽവേ ഡിപ്പാർട്ട്മെൻറിൽ താഴ്ന്ന ഉദ്യോഗത്തിൽ കഴിയുകയാണ്. അയാളുടെ അച്ഛനും സഹോദരന്മാരും അവരുടെ ഭായ്യമാരും അയാളെ വെറുത്തിരുന്നു. മാത്രമല്ല, നിർബന്ധപൂവ്വമായ പരിതഃസ്ഥിതികളിലല്ലാതെ അയാളുടെ അസ്തിത്വംതന്നെ അവർ കണക്കിലെടുത്തിരുന്നില്ലതാനും. പീറേറഴ്സ്ബഗ്ഗിലെ ഉയന്ന ഉദ്യോഗസ്ഥനായ ഒരു ബാറൺഗ്രഫിനെയാണ് അവരുടെ സഹോദരി വിവാഹം കഴിച്ചിരുന്നത്. ഇവാൻ ഇലിയിച്ചായിരുന്നു ആ കുടുംബത്തിലെ സവ്വസമ്മതനായ അംഗം. ഹൃദയംഗമമായ പെരുമാററമില്ലാത്ത ജ്യേഷ്ഠനെപ്പോലെയല്ല, അനുജനെപ്പോലെ ബഹളമെടുക്കുന്ന പ്രകൃതക്കാരനുമല്ല, രണ്ടിനും മദ്ധ്യേ. സുമുഖനും മയ്യാദക്കാരനും ഉന്മേഷവാനും ബുദ്ധിമാനും സവ്വസമ്മതനുമായ മനുഷ്യൻ. അനുജൻെറകൂടെയാണ് നിയമപാഠശാലയിൽ പഠിച്ചത്. പക്ഷേ, അനുജനു വിദ്യാഭ്യാസം പൂത്തിയാക്കാനുള്ള ശേഷി ഉണ്ടായിരുന്നില്ല. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ പുറന്തള്ളപ്പെട്ടു. ഇവാൻ ഇലിയിച്ച് പ്രശസ്തമാംവിധം പരീക്ഷകൾ ജയിച്ചു. സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ അയാളുടെ സാമത്ഥ്യവും, സൽസ്വഭാവവും, സൗഹൃദവും വെളിവായിരുന്നു. തൻെറ ചുമതലയെ സംബന്ധിച്ചിടത്തോളം അയാൾ യാതൊരു വിട്ടുവീഴ്ചകളും കാണിച്ചിരുന്നില്ല. അധികൃതരുടെ ആജ്ഞകൾ നിവ്വഹിക്കുകയാണ് തൻെറ ഏററവും പാവനമായ കടമയെന്ന് അയാൾ ധരിച്ചി

രുന്നു. ബാലനായിരിക്കുമ്പോഴോ പ്രായമായതിനുശേഷമോ പാദസേവ എന്ന ദുശ്ശീലം അയാളെ തീണ്ടിയിട്ടുപോലുമില്ലായിരുന്നു. അതേസമയം ഉന്നതപദവി വഹിച്ചിരുന്നവരോട്, ശലഭത്തിനു ജ്വാലയോടുണ്ടാകാറുള്ള സ്വാഭാവികമായ ആകർഷണം തോന്നിയിരുന്നുതാനും. അയാൾ അവരുടെ ജീവിതാനുഭവങ്ങളിൽനിന്നും വിലയേറിയ പാഠങ്ങൾ പഠിക്കുകയും അവരുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുകയും ചെയ്തു. അവരുമായി അടുത്ത സൗഹൃദ്ബന്ധങ്ങൾ സ്ഥാപിച്ചു. ഇന്ദ്രിയസുഖങ്ങൾക്കും പൊള്ളയായ താൻപ്രമാണിത്വത്തിനും ഉന്നതവർഗ്ഗക്കാർക്ക് സഹജമായ ഉല്പതിഷ്ണുത്വത്തിനും അയാൾ അടിമയായി; പക്ഷെ, അതിൻെറ വരമ്പു കടന്നു ചാടാൻ അയാളുടെ പ്രകൃതം അനുവദിച്ചിരുന്നില്ല.

വിദ്യാർത്ഥിയായിരിക്കുമ്പോൾ ചെയ്ത ചില കാര്യങ്ങളെക്കുറിച്ച് അയാൾക്കു വലിയ ലജ്ജതോന്നിയിരുന്നു; തന്നോടു വെറുപ്പു തോന്നുകയും ചെയ്തിരുന്നു. പക്ഷെ, പ്രായമായിക്കഴിഞ്ഞപ്പോൾ പല ബഹുമാനപ്പെട്ട വ്യക്തികളും അത്തരം പ്രവൃത്തികൾ യാതൊരു സങ്കോചവുംകൂടാതെ ചെയ്യുന്നതു് അയാൾ കണ്ടു. അതിനുശേഷം തൻെറ ആ പ്രവൃത്തികൾ ശരിയാണെന്നു വാദിക്കാൻ അയാൾ മുതിർന്നില്ലെങ്കിലും അവയെ മറന്നുകളയാനും ഓർത്താൽത്തന്നെ ലജ്ജയില്ലാതെ ഓർക്കാനും അയാൾക്കു കഴിഞ്ഞു.

ലോക്കോളേജിൽനിന്നു ബിരുദംനേടി സിവിൽ സർവ്വീസിലെ പത്താംതരം ഉദ്യോഗത്തിനു യോഗ്യത കരസ്ഥമാക്കിക്കഴിഞ്ഞപ്പോൾ അയാൾ പിതാവിൽനിന്നും ലഭിച്ച പണംകൊണ്ടു് ഏററവും പുതിയ പരിഷ്കൃതമട്ടിൽ വസ്ത്രങ്ങൾ തയ്പിച്ചു. തൻെറ പ്രൊഫസ്സറോട്ടും

കോളേജിൻെറ രക്ഷാധികാരിയായിരുന്ന പ്രഭുവിനോട്ടും വിടവാങ്ങിയശേഷം അവിടത്തെ ഏററവും നല്ല റെസ്റ്റോറൻറിൽ ചെന്നു സഹവിദ്യാത്ഥികളുമായി ഭക്ഷണം കഴിച്ചു. അതിനുശേഷം തൻെറ പിതാവിൻെറ സ്വാധീനംമൂലം കിട്ടിയ ഉദ്യോഗം വഹിക്കാൻ പുറപ്പെടുകയും ചെയ്തു.

ലോക്കോളേജിൽ തനിക്കു കിട്ടിയിരുന്ന ആഹ്ലാദജനകവും ബഹുമതിയേറിയതുമായ സ്ഥാനം കൈവരത്തക്കവണ്ണം ഇവാൻ ഇലിയിച്ച് ഇവിടെയും പെരുമാറി. തൻെറ ഔദ്യോഗികകൃത്യങ്ങൾ ഏററവും കൃത്യമായി, കാര്യക്ഷമമായി നിർവ്വഹിക്കുകയും അതോടൊപ്പം തൻെറ സമയം ഏററവും ഉല്ലാസഭരിതമായി കഴിക്കുകയും ചെയ്തു. ഇടയ്ക്കിടെ ഉൾനാടൻ പട്ടണങ്ങളിൽ ഔദ്യോഗിക സന്ദശ്നം നടത്തും. മേലുദ്യോഗസ്ഥന്മാരോടും കീഴുദ്യോഗസ്ഥന്മാരോടുമുള്ള അയാളുടെ പെരുമാററം ഒരുപോലെ അന്തസ്സുള്ളതായിരുന്നു.

ഔദ്യോഗികകാര്യങ്ങളിൽ അയാൾ മിതഭാഷിയും കൃത്യനിഷ്ഠയുള്ളവനും ഒരുവിധത്തിൽ നിഷ്ഠുരനുമായിരുന്നു. പക്ഷേ, ഉന്നതതലത്തിലുള്ള സമൂഹമദ്ധ്യത്തിൽ നല്ലവനും ഉല്ലാസവാനും ഉന്മേഷപ്രദനുമായിരുന്നു. ഗവണ്ണരും ഭാര്യയും തങ്ങളുടെ കുടുംബാംഗമെന്നപോലെ കരുതിയിരുന്ന അയാളെ 'നല്ല കുട്ടി' എന്നുപോലും വിളിച്ചിരുന്നു.

തൻെറ ഉദ്യോഗസ്ഥലത്തു് അയാൾ ഒരു യുവതിയുമായി പ്രേമബന്ധത്തിലേർപ്പെട്ടു. മറെറാരു റിബ്ബൺ കച്ചവടക്കാരിയേയും അയാൾ പ്രേമിച്ചു. നഗരം സന്ദശിക്കുന്ന പട്ടാളഉദ്യോഗസ്ഥന്മാരുമായി മദിരോത്സവം കൊണ്ടാടി. രാത്രിയിൽ അപകീത്തിനേടിയ തെരുവു

കരം സന്ദർശിച്ചു. തൻെറ മേലധികാരിയേയും അദ്ദേഹത്തിൻെറ ഭാര്യയേയും ആവശ്യത്തിൽക്കൂടുതൽ അനുസരണയോടെ സേവിച്ചു. പക്ഷേ, ഇതെല്ലാം മാന്യമായ രീതിയിൽ നടന്നിരുന്നതുകൊണ്ടു് ആരും കുററംപറഞ്ഞില്ല. "യൗവനത്തിനു് അതിൻെറ കളിവേണം" എന്ന ഫ്രഞ്ചുചൊല്ലനുസരിച്ചാണു് അതെല്ലാം നടന്നതു്; ഏററവും വെടിപ്പായി, ഫ്രഞ്ചുവാചകങ്ങളുടെ അകമ്പടിയോടും സർവ്വോപരി മാന്യന്മാരുടെ കൂട്ടുകെട്ടിൽ അവരുടെ അംഗീകാരത്തോടുംകൂടിയാണു് അതെല്ലാം നടന്നതു്.

അങ്ങനെ അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ അയാളുടെ ഔദ്യോഗികജീവിതത്തിൽ ഒരു മാററം സംഭവിച്ചു. നീതിന്യായവകുപ്പു പരിഷ്കരിച്ചതുകൊണ്ടു് പുതിയ കുറെ ഉദ്യോഗസ്ഥന്മാരുടെ ആവശ്യം നേരിട്ടു. അങ്ങനെ ഇവാൻ ഇലിയിച്ച് ഒരു മജിസ്ട്രേട്ടിൻെറ ഉദ്യോഗം സ്വീകരിച്ചു. പുതിയ ഉദ്യോഗം മറെറാരു പ്രവിശ്യയിലായതുകൊണ്ടു് തൻെറ പരിചയക്കാരെ ഉപേക്ഷിക്കേണ്ടിവരുമെന്നും പുതിയ ബന്ധങ്ങൾ സൃഷ്ടിക്കേണ്ടിവരുമെന്നും അറിഞ്ഞുവെങ്കിലും യാതൊരു മടിയുമില്ലാതെ അയാൾ പുതിയ ഉദ്യോഗത്തിൽ പ്രവേശിക്കുകതന്നെ ചെയ്തു. അയാളുടെ സുഹൃത്തുക്കൾ ഗംഭീരമായ യാത്രയയപ്പുസല്ക്കാരം നല്കി. ഗ്രൂപ്പ്ഫോട്ടോ എടുത്തു. വെള്ളിസിഗരററുകേസ് സമ്മാനിച്ചു. അയാൾ പുതിയ ജോലിസ്ഥലത്തേക്കു യാത്രയാവുകയും ചെയ്തു.

പഴയ ഉദ്യോഗത്തിലെന്നപോലെ പുതിയതിലും അയാൾ അസൂയാർഹമാംവിധം ശോഭിച്ചു. വളരെവേഗം പൊതുജനസമ്മതി നേടാൻ അയാൾക്കു കഴിഞ്ഞു. തൻെറ സ്വകാര്യജീവിതവും ഔദ്യോഗികജീവിതവും

അയാഠം ഒരിക്കലും കൂട്ടിക്കുഴച്ചിരുന്നില്ല. പുതിയ ഉദ്യോഗം പഴയതിനെക്കാഠം ആകർഷകവും രസകരവുമായിരുന്നു. പഴയ പദവിയിൽ, ഏററവും നവീനമട്ടിലുള്ള വസ്ത്രങ്ങഠം ധരിച്ചുകൊണ്ടു ഗവണ്ണരെ കാത്തുനില്ക്കുന്ന മനുഷ്യരുടെ ഇടയ്ക്കുകൂടി യുവസഹജമായ ഉല്ലാസഭാവത്തോടെ തൻെറ പ്രധാനിയുടെ മുറിയിൽ ചായകഴിക്കാൻവേണ്ടി പോകുന്നതു തീർച്ചയായും രസകരമായിരുന്നു. പക്ഷേ, അന്നു വളരെക്കുറച്ചുപേർമാത്രമേ അയാളെ ആശ്രയിച്ചുകഴിഞ്ഞിരുന്നുള്ളു. അവരോടു പെരുമാറുമ്പോഠം തനിക്ക് അവരെ നശിപ്പിക്കാൻ അധികാരമുണ്ടായിരുന്നിട്ടുകൂടി കൂട്ടുകാരോടെന്നപോലെ അത്ര ലാഘവത്തോടെയാണു് പെരുമാറുന്നതു് എന്ന ബോധം അവരിൽ ഉളവാക്കാൻ അയാഠംക്കു കഴിഞ്ഞിരുന്നു. എങ്കിലും അത്തരം മനുഷ്യരുടെ എണ്ണം അവിടെ കുറവായിരുന്നു.

പക്ഷേ, ഇപ്പോഴത്തെ കാര്യം വ്യത്യസ്തമാണു്. സർവ്വരും, ഏറ്റവും പ്രധാനപ്പെട്ട വ്യക്തികഠംപോലും, തന്റെ അധികാരപരിധിയിൽ ഉഠംപ്പെട്ടവരാണെന്നും കടലാസിൽ താൻ ഒരു കുറിപ്പെഴുതിയാൽമതി ആരായാലും തൻെറ മുമ്പിൽ പ്രതിയായിട്ടോ സാക്ഷിയായിട്ടോ ആനയിക്കപ്പെടുമെന്നും താൻ ഇരിക്കാൻ പറഞ്ഞില്ലെങ്കിൽ ആ വ്യക്തിക്കു നിന്നുകൊണ്ടു തൻെറ ചോദ്യങ്ങഠംക്കു മറുപടി പറയേണ്ടിവരുമെന്നും അയാഠംക്കു് അറിയാമായിരുന്നു. പക്ഷേ, ഇവാൻ ഇലിയിച്ച് ഒരിക്കലും തൻെറ അധികാരത്തെ ദുരുപയോഗപ്പെടുത്തിയിരുന്നില്ല. നേരേമറിച്ചു് അധികാരത്തിൻെറ കാക്കശ്യത്തെ മയപ്പെടുത്താൻ ബോധപൂർവ്വം ശ്രമിച്ചിരുന്നതാനും. ഈ അളവററ അധികാരബോധവും അതിനെ മന

ക്ഷ്യവും മയപ്പെടുത്താനുള്ള ശ്രമവുമാണ് അയാളെ ഏററവും അധികം ആകർഷിച്ചതും രസിപ്പിച്ചതും. തന്റെ ജോലിയിൽ, നിയമവുമായി ബന്ധമില്ലാത്ത അനാവശ്യ കാര്യങ്ങൾ ഉപേക്ഷിക്കുകയും ഏററവും കുഴഞ്ഞുമറിഞ്ഞ കേസുകളിൽപ്പോലും തൻെറ വ്യക്തിപരമായ അഭിപ്രായം ഉൾക്കൊള്ളിക്കാതെ തീർപ്പ് എഴുതുകയും ചെയ്തു. ജോലിയുടെ സ്വഭാവം പുതുമയുള്ളതായിരുന്നു. 1864-ലെ പുതിയ നിയമം ആദ്യം നടപ്പിൽവരുത്തിയവരിൽ ഒരാളായിരുന്നു ഇവാൻ ഇലിയിച്ച്.*

പുതിയ നഗരത്തിൽ മജിസ്രേട്ടുദ്യോഗം ലഭിച്ചശേഷം അയാൾ പുതിയ സുഹൃത്തുക്കളെ നേടുകയും പുതിയ സ്വരവും ഭാവവും സ്വീകരിക്കുകയും ചെയ്തു. നാടൻ അധികാരികളിൽനിന്നും അന്തസ്സുള്ള അകൽച്ച ഭാവിച്ചുകൊണ്ട് അയാൾ നിയമജ്ഞന്മാരുടേയും ധനികപ്രഭുക്കളുടേയും ഇടയ്ക്കുള്ള ഏററവും നല്ല വ്യക്തികളെ കണ്ടുപിടിച്ച് അവരുടെ വലയത്തിൽ ചേന്നു. സക്കാരിനോടു ചെറിയ അതൃപ്തിയുള്ളതുപോലെയും രാഷ്ട്രീയപ്രബുദ്ധതയും ഉൽപതിഷ്ണുത്വവും തനിക്കുള്ളതുപോലെയും ഭാവിച്ചു. വേഷത്തിൻെറ അന്തസ്സു മാററാതെ താടിക്ഷൗരംചെയ്യുന്നതു നിർത്തി.

പുതിയനഗരത്തിലെ ഇവാൻ ഇലിയിച്ചിന്റെ ജീവിതം ഉന്മേഷപ്രദമായിരുന്നു. അവിടത്തെ മാന്യന്മാരുടെ കൂട്ടത്തിൽ നല്ല പദവി ലഭിച്ചു. നല്ല ശമ്പളം കിട്ടി. ശീട്ടുകളി തുടങ്ങി. ശീട്ടുകളി അയാളുടെ പ്രധാന ഉല്ലാസങ്ങളിലൊന്നായിത്തീന്നു. ബുദ്ധിപൂർവ്വം കണക്കുകൂട്ടാൻ

---

* 1861-ലെ അടിയാന്മാരുടെ വിമോചനത്തിനുശേഷം റഷ്യയിലെ നിയമസംഹിത ആകെ ഉടച്ചുവാക്കപ്പെട്ടു.

പ്രത്യേകകഴിവുണ്ടായിരുന്നതുകൊണ്ടു കളിയിൽ സാധാരണ അയാഠം ജയിച്ചിരുന്നു.

അവിടെവച്ചാണു് ഇവാൻ ഇലിയിച്ച് തൻെറ ഭാവിവധുവായിത്തീന്ന് പ്രസ്കോവ്യ ഫെഡറോവ്നാ മിഹല്യമായി പരിചയപ്പെട്ടതു്. അവഠം അതിസുന്ദരിയും മിടുക്കിയും ബുദ്ധിശാലിനിയുമായിരുന്നു. തൻെറ വിശ്രമവേളകളിൽ അയാഠം അവളുമായി മണിക്കൂറുകഠം രസകരമായി കഴിച്ചുകൂട്ടി.

സ്പെഷ്യൽസവ്വീസിലായിരുന്നപ്പോഠം അയാഠം പതിവായി നൃത്തംചെയ്യാറുണ്ടായിരുന്നു. പുതിയ ജോലി കിട്ടിയശേഷം വളരെ വിരളമായേ അതിനു മുതിന്നിരുന്നുള്ളു. വല്ലപ്പോഴും നൃത്തംചെയ്യുന്നെങ്കിൽ അതു താൻ യഥാത്ഥപരിഷ്കാരിയാണു്, ഉദ്യോഗത്തിൽ അഞ്ചാമത്തെ സ്ഥാനംവരെ എത്തിയിട്ടുണ്ടു്, മറ്റാരേക്കാളും തനിക്കു ഭംഗിയായി നൃത്തംചെയ്യാൻ കഴിയും എന്നെല്ലാം കാണിക്കാനാണു്. സന്ധ്യാസമയങ്ങളിൽ പലപ്പോഴും അയാഠം പ്രസ്കോവ്യ ഫെഡറോവ്നായുടെ കൂടെ നൃത്തംചെയ്യുക പതിവുണ്ടായിരുന്നു; ഈ നൃത്തങ്ങളാണു് അവരെ പ്രേമബദ്ധരാക്കിയതു്. അവളെ വിവഹം കഴിക്കണമെന്നു് അയാഠംക്കു് ആദ്യം വ്യക്തമായ ഉദ്ദേശ്യം ഇല്ലാതിരുന്നിട്ടുകൂടി അവഠം പ്രേമഭരിതയായപ്പോഠം അയാഠം വിചാരിച്ചു: 'എന്തുകൊണ്ടു് അവളെ വിവാഹം കഴിച്ചുകൂടാ!'

പ്രസ്കോവ്യ ഫെഡറോവ്നാ മാന്യകുടുംബത്തിൽ ജനിച്ചവളും സുന്ദരിയും സ്വത്തുള്ളവളുമായിരുന്നു. ഇവാൻ ഇലിയിച്ചിനു് വേണമെങ്കിൽ കുറേക്കൂടി ഉയന്നസ്ഥലത്തു് ജോടി അന്വേഷിക്കാമായിരുന്നു. പക്ഷെ, ഇതുതന്നെ കൊള്ളാമെന്നു് അയാഠംക്കു തോന്നി.

തനിക്കു ശമ്പളമുണ്ട്. അവളുടെ വസ്തുക്കളിൽനിന്നും അത്രയുംതന്നെ വരവുണ്ടാകും. അവൾക്കു നല്ല ബന്ധുക്കളുണ്ട്. വിവാഹം വ്യക്തിപരമായി അയാളെ അതീവ സംതൃപ്തനാക്കി. ഉന്നത ഉദ്യോഗങ്ങളിലിരുന്നവർ അതു നല്ല ജോടിയാണെന്നു് അഭിപ്രായം പുറപ്പെടുവിക്കുകയും ചെയ്തു.

അങ്ങനെ ഇവാൻ ഇലിയിച്ച് വിവാഹിതനായി.

വിവാഹത്തിനുള്ള ഒരുക്കങ്ങൾ, ആരംഭത്തിലെ പരസ്പരലാളനകൾ, വീട്ടിലെ പുതിയ മരസ്സാമാനങ്ങൾ, പുതിയ വസ്ത്രങ്ങൾ ഇവയെല്ലാം അയാളുടെ ഉന്മേഷത്തെ പതിന്മടങ്ങു വർദ്ധിപ്പിച്ചു. ഉല്ലാസകരമായ ജീവിതത്തെ വിവാഹം നശിപ്പിക്കുന്നതിനുപകരം സഹായിക്കുമെന്നു് അയാൾക്കു തോന്നി. അയാളുടെ വിചാരം ശരിയായിരുന്നു—ഭാര്യ ഗർഭവതിയാകുന്നതുവരെ. പക്ഷേ, ഗർഭം തുടങ്ങി ആഴ്ചകൾ കഴിയുന്തോറും അവൾക്കു് അസുഖകരവും അസുന്ദരവും വിഷാദഭരിതവുമായ രംഗങ്ങൾ അപ്രതീക്ഷിതമായി അഭിമുഖീകരിക്കേണ്ടിവന്നു.

തങ്ങളുടെ ജീവിതത്തെ യാതൊരു കാരണവുമില്ലാതെ തൻെറ ഭാര്യ അലങ്കോലപ്പെടുത്തുകയാണെന്നു് ഇവാൻ ഇലിയിച്ചിനു തോന്നി. കാരണമില്ലാതെ അസൂയാലുവാകുക, ഭർത്താവിന്റെ സർവ്വശ്രദ്ധയും എല്ലായ്പ്പോഴും തന്നിൽ കേന്ദ്രീകരിക്കണമെന്നു പ്രതീക്ഷിക്കുക, എല്ലാററിലും ഇല്ലാത്ത കുററങ്ങൾ കണ്ടുപിടിക്കുക മുതലായവ ഭാര്യയുടെ ഭാഗത്തുനിന്നും ആരംഭിച്ചു. പലപ്പോഴും നിർഭാഗ്യകരമായ രംഗങ്ങൾ അഭിനയിക്കപ്പെട്ടു.

ഈ ക്ലേശകരമായ അവസ്ഥയിൽനിന്നും രക്ഷപെടാൻ പഴയമാതിരി ഉല്ലാസപ്രദമായ ജീവിതരീതിയെ ശരണം പ്രാപിച്ചുകളയാമെന്നു് അയാൾ വ്യാമോ

ഹിച്ചു. ഭാര്യയുടെ ശല്യപ്പെടുത്തുന്ന പ്രകൃതത്തെ അവഗണിച്ചിട്ടു സുഹൃത്തുക്കളെ വീട്ടിൽ ശീട്ടുകളിക്കാൻവരുത്തി. വൈകുന്നേരം ശീട്ടുകളിക്കാൻ അവരോടൊന്നിച്ചു ക്ലബ്ബിൽ പോയി. ഒരു ദിവസം ഭാര്യ അയാളെ അതിനിശിതമായി പരുഷവാക്കുകളുപയോഗിച്ചു ശകാരിച്ചു. തൻെറ ഓരോ ആവശ്യങ്ങളും നിറവേറുന്നതുവരെ, തന്നെപ്പോലെ വീട്ടിലിരുന്നു മുഷിയാൻ ഭർത്താവും സമ്മതിക്കുന്നതുവരെ അവൾ ശകാരം തുടരുകയും കലശലായി ബഹളം കൂട്ടുകയും ചെയ്തു. സ്വാഭാവികമായും ഇതയാളെ വിറളി പിടിപ്പിച്ചു. വിവാഹം—എന്തായാലും പ്രസ്കോവ്യ ഫെഡറോവ്നായുമായുള്ള വിവാഹം—സുഖജീവിതത്തിനു സഹായകരമല്ലെന്നും നേരേമറിച്ച് അതിനു വിഘാതം വലിച്ചുവയ്ക്കുന്ന ഒന്നാണെന്നും, പക്ഷേ, ഇത്തരം തടസ്സങ്ങൾക്കെതിരായി താൻ ഉറച്ചു നിന്നേപറ്റൂ എന്നും അയാൾക്കു തോന്നിത്തുടങ്ങി. അയാളുടെ ഉദ്യോഗസംബന്ധമായ ജോലികളെ പ്രസ്കോവ്യ എപ്പോഴും ആദരവോടെ മാത്രമേ വീക്ഷിച്ചിരുന്നുള്ളു. അങ്ങനെ ഉദ്യോഗസംബന്ധമായ ജോലികളിൽ മുഴുകിക്കൊണ്ടു് അവളിൽനിന്നും സ്വാതന്ത്ര്യം നേടാൻ അയാൾ ശ്രമിച്ചുതുടങ്ങി.

അവൎക്ക് ഒരു കുഞ്ഞു ജനിച്ചു. കുഞ്ഞിനെ ലാളിക്കാനുള്ള ശ്രമത്തിൽ ഇവാൻ ഇലിയിച്ച് പരാജയപ്പെട്ടു. കുഞ്ഞിനും അമ്മയ്ക്കും തൻ്റെ സഹാനുഭൂതി നൽകാൻ അയാൾ എപ്പോഴും തയാറായിരുന്നു. പക്ഷേ, അവരുടെ ആവശ്യങ്ങളൊന്നും അയാൾക്കു മനസ്സിലായിരുന്നില്ല. അവരുടെ യഥാൎത്ഥവും സാങ്കല്പികവുമായ രോഗങ്ങൾ അയാളെ ശല്യപ്പെടുത്തി. ഇതെല്ലാം തൻ്റെ കുടുംബ

ജീവിതത്തിനു വെളിയിൽ തനിക്കു് അസ്തിത്വം തേടിയെടുക്കണമെന്ന അയാളുടെ ആഗ്രഹം ഉറപ്പിച്ചു.

ഭാര്യയുടെ വർദ്ധിച്ചുവന്ന കലഹപ്രിയത്വത്തിൽനിന്നും ശുണ്ഠിയിൽനിന്നും രക്ഷപെടാൻവേണ്ടി ഇവാൻ ഇലിയിച്ച് തന്റെ സമയത്തിന്റെ ഭൂരിഭാഗവും ഔദ്യോഗികജോലികൾക്കുവേണ്ടി ചെലവഴിക്കാൻ ആരംഭിച്ചപ്പോൾ സ്വാഭാവികമായി അയാൾ തൻെറ ജോലി കൂടുതൽ ഇഷ്ടപ്പെടാനും ഉദ്യോഗസംബന്ധമായ മഹത്തായ അഭിലാഷങ്ങൾ വളർത്താനും തുടങ്ങി.

വിവാഹജീവിതം കുറെ സുഖങ്ങൾ പ്രദാനംചെയ്യുമെങ്കിലും വളരെ വിഷമംപിടിച്ചതും കുഴഞ്ഞുമറിഞ്ഞതുമായ ഒരു കാര്യമാണെന്നു് വിവാഹം കഴിഞ്ഞു് ഒരു കൊല്ലത്തിനകം ഇവാൻ ഇലിയിച്ചിനു മനസ്സിലായി. അതുകൊണ്ടു് സമൂഹം അംഗീകരിക്കുന്നതരത്തിലുള്ള ഉല്ലാസപ്രദമായ ജീവിതം നയിക്കണമെങ്കിൽ ഉദ്യോഗത്തോടെന്നപോലെ വിവാഹജീവിതത്തോടും ഒരു പ്രത്യേക മനോഭാവം സ്വീകരിക്കണമെന്നു് അയാൾക്കു ബോദ്ധ്യമായി.

അങ്ങനെയൊരു മനോഭാവം ക്രമേണ അയാൾ വളർത്തിയെടുക്കുകയും ചെയ്തു. ഭക്ഷണം, വീട്ടുജോലികൾ നിർവ്വഹിക്കുന്ന ഭാര്യ, കിടക്ക, കൂടാതെ പൊതുജനസമ്മതി ലഭിക്കത്തക്കവിധം പെരുമാറ്റത്തിലെ ഔചിത്യം— ഇത്രയും മാത്രമേ അയാൾ വിവാഹജീവിതത്തിൽനിന്നും പ്രതീക്ഷിച്ചുള്ളു. അതിൽനിന്നും ഉല്ലാസപ്രദമായ നിമിഷങ്ങൾ കിട്ടിയാൽ തീർച്ചയായും അയാൾ കൃതാർത്ഥനായിരുന്നു. പക്ഷേ, എതിർപ്പോ കലഹമോ ഉണ്ടായാൽ ഉടനേ അയാൾ ഔദ്യോഗികജോലികളുടെ വേലിക്കെട്ടിനുള്ളിൽ പ്രവേശിച്ചു സംതൃപ്തനാകും.

ഇവാൻ ഇലിയിച്ച് സമത്ഥനായ ഉദ്യോഗസ്ഥനായിരുന്നതുകൊണ്ടു് മൂന്നുകൊല്ലംകഴിഞ്ഞപ്പോഠം അയാഠം അസിസ്റ്റൻറ് പബ്ളിക് പ്രാസിക്യൂട്ടറായി നിയമിക്കപ്പെട്ടു. പുതിയ കടമകഠം, അവയുടെ പ്രാധാന്യം, തനിക്കിഷ്ടമുള്ള ആരെയും കുററവാളിയാക്കാമെന്ന സാദ്ധ്യത, തൻെറ പ്രസംഗങ്ങഠംക്കു കിട്ടുന്ന പരസ്യം, ഇതിലെല്ലാററിലുമുള്ള വിജയം—ഇവയെല്ലാം ആ ജോലിയെ കുറേക്കൂടി സമാകൎഷകമാക്കിത്തീൎത്തു.

വീണ്ടും കുഞ്ഞുങ്ങഠം ജനിച്ചു. ഭാൎയ്യ കൂടുതൽ കൂടുതൽ ശുണ്ഠിക്കാരിയും കലഹപ്രിയയുമായിത്തീൎന്നു. പക്ഷേ, താൻ ഗൃഹജീവിതത്തോടു പ്രത്യേകമായ മനോഭാവം പുലത്തിയിരുന്നതുകൊണ്ടു് ഭാൎയ്യയുടെ മുറുമുറുക്കലുകഠം അയാളുടെ മനസ്സാസ്ഥ്യത്തെ ഭഞ്ജിച്ചില്ല.

ഏഴുകൊല്ലത്തെ ആ നഗരത്തിലെ സൎവ്വീസിനുശേഷം അയാഠം മറെറാരു പ്രാവിൻസിൽ പബ്ലിക്‌പ്രാസിക്യൂട്ടറായി നിയമിക്കപ്പെട്ടു. അവർ മാറിത്താമസിച്ചു. കൈയിൽ വേണ്ടത്ര പണമുണ്ടായിരുന്നില്ല. ഭാൎയ്യക്കു പുതിയ സ്ഥലം പിടിച്ചില്ല. ശമ്പളം ഉയൎന്നതായിരുന്നെങ്കിലും ജീവിതച്ചെലവു വദ്ധിച്ചിരുന്നു. രണ്ടു കുഞ്ഞുങ്ങഠം ഇടയ്ക്കു മരിച്ചുപോയി. ആകെ കുടുംബജീവിതം കൂടുതൽ അസുഖകരമായി.

പുതിയവീട്ടിൽ നേരിട്ട ഓരോ ചെറിയ അസൗകൎയ്യത്തിനും ഭാൎയ്യ ഭത്താവിനെ കുറ്റപ്പെടുത്തി. ഭാൎയ്യാഭത്താക്കന്മാർ തമ്മിലുള്ള സംഭാഷണം—പ്രത്യേകിച്ചു കുട്ടികളുടെ വിദ്യാഭ്യാസകാൎയ്യം—പഴയ തക്കങ്ങളെ അനുസ്മരിപ്പിക്കും; വീണ്ടും കലഹം കത്തിയെരിയും. ദുർല്ലഭമായി ഉണ്ടാകാറുള്ള ശാരീരികബന്ധത്തിൻെറ മാദകമായ

ആനന്ദംമാത്രമായിരുന്നു ഇതിനു വ്യത്യസ്തം. അതു തന്നെയും നീണ്ടുനിന്നിരുന്നില്ല. അവ ചെറിയ ദ്വീപുകളാണു്; അവിടെ അവർ അല്പനേരം താവളമടിച്ചു വിശ്രമിച്ചശേഷം വീണ്ടും ശത്രുതകൊണ്ടു് ഇളകിമറിയുന്ന സമുദ്രത്തിൽ യാത്രയാകും. തങ്ങൾ രണ്ടു ലോകങ്ങളിൽ സഞ്ചരിക്കുകയാണെന്നു് അവക്കു തോന്നി. ഈ അകൽച്ച തൻെറ ജീവിതലക്ഷ്യമാണെന്നു് ഇവാൻ ഇലിയിച്ചിനു തോന്നിത്തുടങ്ങി. ആ അസുഖകരമായ അന്തരീക്ഷത്തിൽനിന്നും പിൻവലിഞ്ഞു് ആ കലഹങ്ങളെ നിരുപദ്രവകരമാക്കാൻ അയാൾ ശ്രമിച്ചു. തൻെറ കുടുംബവുമായി ഏററവും കുറച്ചുസമയം ചെലവഴിക്കുകയും കഴിയുമ്പോഴൊക്കെ വീട്ടിൽ സുഹൃത്തുക്കളെ വിളിച്ചുകൊണ്ടുവരികയും ചെയ്തുമൂലം അയാൾ തൻെറ ഉദ്ദേശ്യം നിറവേററി.

അയാൾക്കു് ഇപ്പോൾ ഉദ്യോഗമായിരുന്നു സർവ്വപ്രധാനം. ജീവിതത്തിലെ എല്ലാ താൽപര്യങ്ങളും അയാൾ ഉദ്യോഗത്തിൽ കേന്ദ്രീകരിച്ചു. മുഴുവൻ സമയവും അതിനെപ്പററിയുള്ള വിചാരങ്ങൾതന്നെയായി. തന്റെ അധികാരത്തിൻെറ വ്യാപ്തിയെപ്പററിയുള്ള ബോധം, ആരെ വേണമെങ്കിലും നശിപ്പിക്കാൻ കഴിയുമെന്ന വിചാരം, മേലും കീഴുമുള്ള ഉദ്യോഗസ്ഥന്മാരോടുള്ള പെരുമാററത്തിൽ വിജയം, കേസുകളെ ഏററവും സമർത്ഥമായി കൈകാര്യംചെയ്യാനുള്ള കഴിവു്, സുഹൃത്തുക്കളെമായുള്ള സംഭാഷണം, ശീട്ടുകളി, ഭക്ഷണം—ഇവയെല്ലാം അയാൾക്കു് ഉന്മേഷം നൽകാൻ പര്യാപ്തമായിരുന്നു. പൊതുവേ പറയുകയാണെങ്കിൽ താൻ ആഗ്രഹിച്ചപോലെ ജീവിതം സുഖകരമായി—വേണ്ടപോലെ പൊയ്ക്കൊണ്ടിരുന്നു.

അങ്ങനെ ഏഴുകൊല്ലംകൂടി കഴിഞ്ഞു. മൂത്ത മകൾക്കു പതിനാറു വയസ്സായി. ഒരു കുട്ടികൂടെ മരിച്ചു. ഒരൊററ ബാലൻമാത്രമേ പിന്നെ ശേഷിച്ചിരുന്നുള്ളു— സ്ക്കൂൾകുട്ടി. അവൻെറ ഭാവിയെപ്പററി അവർ എന്നും തർക്കിക്കും. നിയമപാഠശാലയിൽ ചേക്കാനാണ് ഇവാൻ ഇലിയിച്ച് ആഗ്രഹിച്ചതു്. പക്ഷേ, അയാളെ ശല്യപ്പെടുത്താൻ പ്രസ്കോവ്യ മനഃപൂർവ്വം അവനെ ഹൈസ്ക്കൂളിൽ കൊണ്ടുചേത്തു. മകളെ വീട്ടിൽവച്ചു തന്നെയാണ് പഠിപ്പിച്ചതു്. അവൾ നല്ലവണ്ണം പഠിച്ചു. മകനും മോശമല്ലായിരുന്നു.

## മൂന്നു്

വിവാഹശേഷമുള്ള പതിനേഴുകൊല്ലം ഇവാൻ ഇലിയിച്ച് ഇങ്ങനെ കഴിച്ചു. ദീർഘകാലസേവനപാരമ്പര്യമുള്ള പബ്ലിക്പ്രാസിക്യൂട്ടറാണ്. അതുകൊണ്ടു് ഉദ്യോഗക്കയററം കിട്ടുമെന്ന വിശ്വാസത്തിൽ പല സ്ഥലംമാററങ്ങളെയും അയാൾ നിരസിച്ചു. പക്ഷേ, അപ്രതീക്ഷിതമായ ഒരു സംഭവം അയാളുടെ സമാധാനപരമായ ജീവിതത്തിനു ഭംഗംവരുത്തി. ഒരു സർവ്വകലാശാലാനഗരത്തിൽ പ്രിസൈഡിങ്ജഡ്ജിഉദ്യോഗം കിട്ടുമെന്നു് അയാൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കവേ ഹാപ്പ് മുന്നോട്ടുവരികയും ആ പദവി പിടിച്ചുപററുകയും ചെയ്തു. ഇവാൻ ഇലിയിച്ചിനു ദേഷ്യം മൂത്തു. ഹാപ്പുമായി വഴക്കുകൂട്ടി. തൻെറ മേലുദ്യോഗസ്ഥന്മാരുമായി കലഹിച്ചു. അവർ അയാളുടെ വിരോധികളായി; വീണ്ടും സന്ദർഭം വന്നപ്പോൾ അയാളെ അവഗണിക്കുകയും ചെയ്തു.

1880-ലാണ് ഇതു സംഭവിച്ചതു്. ഇവാൻ ഇലിയിച്ചിൻെറ ജീവിതത്തിൽ ഏറ്റവും കഷ്ടങ്ങൾ നിറഞ്ഞ വർഷവും അതായിരുന്നു. രണ്ടു പ്രശ്നങ്ങൾ അയാളെ നേരിട്ടു. ഒന്നു്: തൻെറ ശമ്പളം കുടുംബംപോററാൻ മതിയാകുന്നില്ല. രണ്ടു്: തന്നെ മററുള്ളവർ മറന്നുകളഞ്ഞിരിക്കുന്നു. മാത്രമല്ല, തനിക്കു് ഏററവും ക്രൂരമായ അനീതിയെന്നു തോന്നുന്ന കാര്യങ്ങൾ മററുള്ളവർക്കു വെറും സാധാരണകാര്യങ്ങൾപോലെ തോന്നുന്നു. സ്വന്തം പിതാവിനുപോലും അയാളെ സഹായിക്കണമെന്നു തോന്നുന്നില്ല. സർവ്വരും ഇവാൻ ഇലിയിച്ചിനെ ഉപേക്ഷിച്ചതുപോലെ തോന്നി. 3,500 റൂബിൾ ശമ്പളമുള്ള പദവി ഭാഗ്യത്തിൻെറ ഫലമാണെന്നു മററുള്ളവർ വിചാരിച്ചു. പക്ഷേ, തൻെറനേരെ കാണിച്ച അനീതികൾ, ഭാര്യയുടെ ശല്യം, വരവിൽക്കൂടുതൽ ചെലവാക്കിയതുകൊണ്ടുണ്ടായ ഋണഭാരം—ഇവയെല്ലാററിനെപ്പററി ശരിക്കു ബോധമുള്ള അയാൾക്കുമാത്രമേ തൻെറ അവസ്ഥയുടെ ഭാഗ്യഹീനത ബോധ്യപ്പെട്ടുള്ളു.

ആ വേനൽക്കാലത്തു കുറെ പണം ചേർത്തുവയ്ക്കാൻ വേണ്ടി അയാൾ അവധിയെടുത്തുകൊണ്ടു ഭാര്യയുമൊത്തു തൻെറ ഭാര്യാസഹോദരൻെറ വീട്ടിൽ താമസിക്കാൻ നാട്ടിൻപുറത്തു പോയി.

നാട്ടിൻപുറത്തു ചെന്നപ്പോൾ ജോലിയൊന്നുമില്ലായിരുന്നതുകൊണ്ടു ജീവിതത്തിലാദ്യമായി അയാൾക്കു വല്ലാത്ത മുഷിവുതോന്നി. മുഷിവു മാത്രമല്ല ദുസ്സഹമായ വിഷാദവും തോന്നി. ഇത്തരത്തിൽ ജീവിതം നയിക്കുക അസാദ്ധ്യമാണെന്നു് അയാൾക്കു് അനുഭവപ്പെട്ടു. രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല. പീറേറഴ്സ്ബർഗ്ഗിൽ ചെന്നു തൻെറ അവകാശങ്ങളെ നിഷേധിച്ചവരെ ശിക്ഷി

ക്കാനും മററുവല്ല ഡിപ്പാർട്ട്മെൻറിലും ഉദ്യോഗം കിട്ടാൻ ശ്രമിക്കാനും ഒരുദിവസം അയാഠം തീർച്ചയാക്കി.

അടുത്തദിവസം ഭാര്യയുടെയും സഹോദരൻെറയും പ്രതിഷേധങ്ങളൊന്നും വകവയ്ക്കാതെ കൊല്ലത്തിൽ 5,000 റൂബിഠം ശമ്പളമുള്ള ജോലി നേടണമെന്ന ഏക ഉദ്ദേശ്യത്തോടെ അയാഠം പീറേറഴ്സ്ബർഗ്ഗിലേക്കു യാത്രതിരിച്ചു. ഇന്ന ജോലിയോ ഇന്ന ഡിപ്പാർട്ട്മെന്റിൽത്തന്നെയോ ജോലി കിട്ടണമെന്നു യാതൊരു മുൻതീരുമാനവും അയാഠംക്കു് ഉണ്ടായിരുന്നില്ല. ബാങ്ക്, റെയിൽവേ, ചുങ്കം—ഏതെങ്കിലും കിട്ടിയാൽ മതി. 5,000 റൂബിഠം ശമ്പളം വേണം, അത്രതന്നെ. തന്നെ മാനിക്കാൻ കൂട്ടാക്കാത്ത ഡിപ്പാർട്ട്മെൻറ് ഇനി വേണ്ട.

ഈ പരിശ്രമം അപ്രതീക്ഷിതമായി വമ്പിച്ച വിജയത്തിൽ കലാശിച്ചു. കുഴ്സ്കിൽവച്ചു് അയാളുടെ പരിചയക്കാരനായ ഇലിൻ ഒന്നാംക്ലാസ്സ്മുറിയിൽ കയറി ഇവാൻ ഇലിയിച്ചിൻെറ അടുത്തുവന്നിരുന്നു് കുഴ്സ്ക്ഗവർണ്ണർ ഇവാൻ സെമിനോവിച്ചിനെ പീററർ ഇവാനോവിച്ചിനു മീതെ നിയമിച്ച വാർത്ത അയാളെ അറിയിച്ചു.

ഈ മാററം ഇവാൻ ഇലിയിച്ചിൻെറ ഭാഗ്യനക്ഷത്രത്തെ പ്രകാശിപ്പിച്ചു. ഈ മാററംമൂലം അയാളുടെ സുഹൃത്തായ സാക്കാർ ഇവാനോവിച്ച് പുതിയൊരു പ്രധാനപദവിയിലേക്കുയന്നതുകൊണ്ടു തൻെറ കാര്യം ശരിപ്പെട്ടു എന്നു് അയാഠം ദൃഢമായി വിശ്വസിച്ചു.

മോസ്കോവിലെത്തിയപ്പോഠം ആ വാർത്ത തികച്ചും ശരിയാണെന്നു് അയാഠം അറിഞ്ഞു. നീതിന്യായ

വകുപ്പിൽത്തന്നെ ഉദ്യോഗം കൊടുക്കാമെന്നു സാക്കാർ ഇവാനോവിച്ച് വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഒരാഴ്ച കഴിഞ്ഞു് അയാരം ഭാർയ്യക്കു കമ്പിയടിച്ചു: "മില്ലറുടെ സ്ഥാനത്തു സാക്കാറാണു്. റിപ്പോർട്ടു് കൊടുക്കുമ്പോരം ജോലികിട്ടും."

ചില വ്യക്തികളുടെ ഈ പദവിമാറ്റംമൂലം ഇവാൻ ഇലിയിച്ചിനു പഴയസ്ഥാനത്തിനു രണ്ടുപടി മുകളിലുള്ളതും 5,000 റൂബിരം ശമ്പളമുള്ളതുമായ ഉദ്യോഗം ലഭിച്ചു. ജോലിമാററം സംബന്ധിച്ച ചെലവുകരംക്കു 3,500 റൂബിളും കിട്ടി. മനസ്സിലെ അസ്വാസ്ഥ്യവും ഡിപ്പാർട്ടു്മെൻറിലെ മററുദ്യോഗസ്ഥന്മാരോടുള്ള ദേഷ്യവും അപ്രത്യക്ഷമായി. അയാരം തികച്ചും ഉന്മേഷവാനായി ത്തീന്നു.

വളരെക്കാലത്തിനുശേഷം ആദ്യമായി തോന്നിയ സംതൃപ്തിയോടും ആനന്ദത്തോടും അയാരം നാട്ടിലേക്കു തിരിച്ചു. പ്രസ്കോവ്യ ഫെഡറോവ്നായും സന്തോഷിച്ചു. അവർ തമ്മിൽ രമ്യമായി. പീറ്റേഴ്സ്ബർഗ്ഗിൽ തന്നെ അവർ ഉത്സാഹത്തോടെ സ്വീകരിച്ചതിനെപ്പററിയും, തന്റെ ശത്രുക്കളെല്ലാം ലജ്ജിച്ചു തലതാഴ്ത്തേണ്ട പരിതസ്ഥിതി വന്നതിനെപ്പററിയും, അവർ ഇപ്പോരം അസൂയപ്പെടുന്നതിനെപ്പററിയും അയാരം ഭാർയ്യയെ സവിസ്തരം പറഞ്ഞുകേരംപ്പിച്ചു.

പ്രസ്കോവ്യ ഫെഡറോവ്നാ ഇതെല്ലാം ശ്രദ്ധിച്ചുകേട്ടു; എല്ലാം വിശ്വസിക്കുന്നതുപോലെ ഭാവിച്ചു; ഒന്നിനും എതിരു പറഞ്ഞില്ല. പുതിയ നഗരത്തിലേക്കുള്ള യാത്രയെപ്പററിയും അവിടത്തെ താമസത്തെപ്പററിയും പ്ലാനുകരം ഇട്ടുതുടങ്ങി. തൻെറ എല്ലാ പ്ലാനുകളോടും ഭാർയ്യ യോജിക്കുന്നതു് അയാരം കണ്ടു. വിഘ്നങ്ങരംക്കു

ശേഷം തൻെറ ജീവിതം പഴയപടി ഉല്ലാസപൂർണ്ണവും ശാന്തവുമായ രീതിയിൽ ഒഴുകാൻപോവുകയാണെന്ന് അയാൾക്കു തോന്നി.

സെപ്റ്റംബർ പത്താംതീയതിയായിരുന്നു അയാൾക്കു പുതിയ ജോലിയിൽ പ്രവേശിക്കാനുണ്ടായിരുന്നതു്. പുതിയസ്ഥലത്തു താമസമുറപ്പിക്കാൻ കുറെസമയം വേണ്ടിയിരുന്നു. സാമാനങ്ങളെല്ലാം കൊണ്ടുപോകണം. പുതിയ കസേരകളും മേശയും മററും വാങ്ങണം. തന്റെ പ്ലാനുകൾ നടപ്പിൽ വരുത്താൻ സമയത്തിൻെറ ആവശ്യമുണ്ടായിരുന്നു.

ഭാഗ്യവശാൽ ഭാൎയ്യയും ഭൎത്താവും എല്ലാ കാര്യങ്ങളിലും യോജിച്ചു. വിവാഹംകഴിഞ്ഞ ആദ്യവൎഷത്തെക്കാൾ അധികം സുഖത്തോടെ അവർ കഴിഞ്ഞുകൂടി. ഉടനേ സകുടുംബം പുതിയ സ്ഥലത്തേക്കു പോകണമെന്ന് അയാൾ കരുതിയിരുന്നു. പക്ഷേ, തൻെറ ഭാൎയ്യയുടെ സഹോദരിയും അവളുടെ ഭൎത്താവും പെട്ടെന്ന് വൎദ്ധിച്ച ഉത്സാഹത്തോടെ സ്നേഹം പ്രകടിപ്പിക്കാൻ തുടങ്ങുകയും അവിടെ തുടരണമെന്നു നിർബന്ധിക്കയും ചെയ്തതുകൊണ്ടു് അയാൾക്കു തനിച്ചു യാത്രയാകേണ്ടിവന്നു.

പുതിയനഗരത്തിൽ അയാൾ ഏററവും നല്ലൊരു വീടു് എടുത്തു—തൻെറ ഭാര്യയും താനും ആഗ്രഹിച്ചിരുന്നതുപോലൊരു വീടു്. വിശാലമായ മുറികൾ, പഴയമാതൃകയിലുള്ള സ്വീകരണമുറി, സൗകൎയ്യവും അന്തസ്സുമുള്ള പഠനമുറി, ഭാര്യയ്ക്കും മകൾക്കും പ്രത്യേകം മുറികൾ, മകനു പഠിക്കാൻ മറെറാരു മുറി—വീടു് ആ കുടുംബത്തിനുവേണ്ടി പ്രത്യേകം കെട്ടിയതുപോലെ തോന്നും. വീട്ടിലെ അലങ്കാരങ്ങളെല്ലാം ഇവാൻ ഇലിയിച്ച് സ്വന്തം മേൽനോട്ടത്തിൽത്തന്നെ നടത്തി. എല്ലാം

ഭംഗിയായി, പ്രതീക്ഷകളേയും കവച്ചുവച്ചുകൊണ്ടു പു രോഗമിച്ചു. എല്ലാം പൂർത്തിയാകുമ്പോൾ തൻെറ വീട്ട് എത്രമാത്രം പരിഷ്കൃതവും അന്തസ്സുള്ളതും ആയിരിക്കുമെ ന്ന് അയാൾ ഓർത്തു.

സ്വീകരണമുറി എങ്ങനെ അലങ്കരിക്കണമെന്ന് ആലോചിച്ചുകൊണ്ടുതന്നെ അയാൾ കിടക്കയിൽ ചെ ന്നുവീണു. സജ്ജീകരണങ്ങളെല്ലാം അതതിൻെറ സ്ഥാ നത്തായശേഷം തൻെറ ഭാര്യയും മകളും അതെല്ലാം കാ ണുമ്പോൾ എന്തുമാത്രം ആഹ്ലാദിക്കുമെന്നും അയാൾ ആലോചിച്ചു. ഇതെല്ലാം അവർ ഒരിക്കലും പ്രതീക്ഷി ച്ചുകാണുകയില്ല. അയാൾ ചില പുരാതനവിശിഷ്ടവസ്തു ക്കൾ വാങ്ങിവച്ച് ആ സ്ഥലത്തിനു പ്രഭുകുടുംബത്തി ൻെറ അന്തരീക്ഷം നൽകി. പക്ഷേ, നേരിട്ടുകാണു മ്പോൾ ആഹ്ലാദം വർദ്ധിപ്പിക്കാൻവേണ്ടി ഇവാൻ ഇ ലിയിച്ച് ഭാര്യയ്ക്കുള്ള കത്തുകളിൽ മനഃപൂർവ്വം വിവര ങ്ങൾ കുറച്ചെഴുതി. ഇതെല്ലാം അയാളെ ആകർഷിച്ചിരു ന്നതുകൊണ്ട് ഔദ്യോഗികജോലികൾ അയാൾക്ക് ഇ ഷ്ടമായിരുന്നുവെങ്കിലും പഴയതുപോലെ മുഴുവൻസമയ വും അപഹരിച്ചിരുന്നില്ല. കോടതി നടന്നുകൊണ്ടിരി ക്കുമ്പോൾ അയാൾ ജനലിനുവേണ്ട കർട്ടൻെറ നിറ ത്തെപ്പററിയായിരിക്കും ചിന്തിക്കുക. ഇതിലെല്ലാം വലിയ താല്പര്യമുണ്ടായിരുന്നതുകൊണ്ടു കർട്ടൻ കെട്ടുക, മേശ, കസേര മുതലായവ മാററിയിടുക തുടങ്ങിയ ജോലി കളെല്ലാം അയാൾ സ്വയം ചെയ്തിരുന്നു. ഒരു ദിവസം വീട്ട് അലങ്കരിക്കാൻ വന്നവന് കാര്യം മനസ്സിലാകാ ത്തതുകൊണ്ടു തുണികൾ എങ്ങനെ തൂക്കിയിടണമെന്നു കാണിക്കാൻ ഏണിയിൽ കയറിയപ്പോൾ അയാളുടെ കാൽ വഴുതിപ്പോയി. പക്ഷേ, അയാൾ ശക്തനും ശരീര

ലാഘവമുള്ളവനമായിരുന്നതുകൊണ്ടു താഴെവീഴാതെ സൂക്ഷിച്ചു. ജനലിൻെറ കതകിൽ വാരിയെല്ലിനു് താഴെവശത്തു ഒന്നിടിച്ചു മുറിവുപററുകമാത്രം ചെയ്തു. ആ ഭാഗം വല്ലാതെ വേദനിച്ചു. പക്ഷേ, കുറേക്കഴിഞ്ഞപ്പോൾ അതു മാറി. അപ്പോൾ അയാൾക്കു പ്രത്യേകിച്ച് ഒരുത്സാഹംതോന്നി. അയാൾ കത്തിലെഴുതി: "എനിക്കു പതിനഞ്ചുവയസ്സുപ്രായം കുറഞ്ഞതുപോലെ തോന്നുന്നു." സെപ്റ്റംബർ അവസാനമാകുമ്പോഴേക്കും എല്ലാം ശരിയാകുമെന്നു് അയാൾ വിചാരിച്ചു; പക്ഷേ, ഒക്ടോബർ പകുതിവരെയായി എങ്കിലും അയാളുടെ പ്രയത്നം പാഴായില്ല. വീടു് അതിസുന്ദരമായിത്തന്നെ കാണപ്പെട്ടു; അയാളുടെ കണ്ണിൽമാത്രമല്ല മററുള്ളവരുടെ കണ്ണിലും.

യഥാർത്ഥത്തിൽ അതു സാമാന്യം ഭേദപ്പെട്ട വരുമാനമുള്ളവർ പ്രഭുത്വം ഭാവിക്കാൻവേണ്ടി വലിയ പണക്കാരെ അനുകരിക്കാൻ ഒരുമ്പെട്ടതിൻെറ ഫലമെന്നേ തോന്നുമായിരുന്നുള്ളു. മററുള്ളവരുടെ വീടുകളെക്കാൾ അതിനു പ്രത്യേക മെച്ചമൊന്നുമുണ്ടായിരുന്നില്ല; ആരും അതിനെ പ്രത്യേക ശ്രദ്ധയോടെ നോക്കുകയില്ലായിരുന്നു. പക്ഷേ, അയാൾക്കു് അതെല്ലാം തികച്ചും അസാധാരണമായിത്തോന്നി. തൻെറ കുടുംബത്തെ സ്റ്റേഷനിൽനിന്നും വീട്ടിലേക്കു് ആനയിച്ചപ്പോൾ അയാൾക്കു് അസാമാന്യമായ സംതൃപ്തിയും ആനന്ദവും അനുഭവപ്പെട്ടു. വീട്ടിൻെറ കതകു്, ശുചിയായി വസ്ത്രധാരണംചെയ്ത ഭൃത്യൻ തുറന്നു. പൂച്ചെടികളാൽ അലംകൃതമായ വിശാലമായ സ്വീകരണമുറിയും പഠനമുറിയും മററും കണ്ടപ്പോൾ അയാളുടെ ഭാര്യയും മകളും തങ്ങളറിയാതെതന്നെ ആശ്ചര്യദ്യോതകങ്ങളായ ശബ്ദങ്ങൾ

പുറപ്പെട്ടവിച്ചു. അയാൾ അവരെ എല്ലാ മുറിയും കൊണ്ടുനടന്നുകാണിച്ചു. അവരുടെ ആശ്ചര്യം അയാളെ ഉന്മേഷവാനാക്കി. വൈകുന്നേരം ചായ കഴിക്കുമ്പോൾ പ്രസ്താവ്യ അയാൾ ഏണിയിൽനിന്നും വീഴാൻഭാവിച്ച കഥ ചോദിച്ചു. അയാൾ പറഞ്ഞു:

"ഞാൻ ഏതാണ്ടൊരു കായികാഭ്യാസിയായതു നന്നായി. വേറെ വല്ലവരുമായിരുന്നെങ്കിൽ മരിച്ചുപോകുമായിരുന്നു; സംശയമില്ല. പക്ഷേ, എനിക്കിവിടെ ചെറിയ മുറിവു പററിയതേയുള്ളൂ. തൊട്ടുമ്പോൾ വേദനിക്കും—പക്ഷേ, അതും തീർന്നു. വെറുമൊരു ചെറിയ മുറിവ്."

അങ്ങനെ അവർ പുതിയ വീട്ടിൽ താമസം തുടങ്ങി. കുറെദിവസം കഴിഞ്ഞപ്പോൾ എല്ലാ പുതിയ വീടുകളെയുംപോലെ ഒരു മുറി കുറവുള്ളതായി അവക്കു തോന്നി. വരവും; ആവശ്യത്തിൽ ഒരഞ്ഞൂറുരൂബിൾ കുറവായതുപോലെ തോന്നി. എങ്കിലും എല്ലാം ഭംഗിയായി നടന്നു.

ഇവാൻ ഇലിയിച്ച് രാവിലെ കോടതിജോലി കഴിഞ്ഞു് ഉച്ചയ്ക്കു തിരിച്ചുവരും. ആദ്യമൊക്കെ ശാന്തശീലനായിരുന്നു; എങ്കിലും ക്രമേണ ദേഷ്യപ്പെടും. (മേശവിരിപ്പും കർട്ടനും മററും ചളിപുരണ്ടുകണ്ടാൽ അയാൾക്കു് അരിശമുണ്ടാകും. വളരെ പ്രയാസപ്പെട്ടു താൻതന്നെ ചെയ്ത ഏർപ്പാടുകളായതിനാൽ അതിനു തകരാറു സംഭവിക്കുമ്പോൾ സ്വാഭാവികമായും ദേഷ്യം വരുമല്ലോ.) പൊതുവേ പറഞ്ഞാൽ ജീവിതം അയാൾ ആഗ്രഹിച്ചതുപോലെതന്നെ സുഖമായി ഉല്ലാസപൂർവ്വം അന്തസ്സോടെ പൊയ്ക്കൊണ്ടിരുന്നു.

അയാൾ രാവിലെ ഒൻപതുമണിക്കു് എഴുന്നേല്ക്കും.

കാപ്പികുടിച്ചു പത്രം വായിച്ചശേഷം കോടതിയിൽ പോകും. അപ്പോഴേക്കും അയാൾ ജോലിയുമായി സാത്മ്യംപ്രാപിച്ചുകഴിയും. യാതൊരു മുടക്കംക്രൂടാതെ ജോലി ഭംഗിയായി നിർവ്വഹിക്കും. ഇവയിലൊന്നിലും പുതിയ ഘടകങ്ങൾ—സാധാരണ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന പുതിയ ഘടകങ്ങൾ നുഴഞ്ഞുകയറാൻ അയാൾ ഒരിക്കലും അനുവദിച്ചിരുന്നില്ല. വ്യക്തികളുമായി ഔദ്യോഗികനിലയിലുള്ള ബന്ധംമാത്രമേ പുലൎത്തിരുന്നുള്ളു. ഉദാഹരണത്തിനു് ഒരാൾ വന്നു് ഏതെങ്കിലും വിവരം ചോദിച്ചാൽ അതു തൻെറ വകുപ്പിൽപ്പെട്ടതല്ലെങ്കിൽ യാതൊന്നും ചെയ്യുകയില്ല. പക്ഷേ, തൻെറ ഔദ്യോഗികജോലിയിൽപ്പെട്ട കാര്യമാണെങ്കിൽ ചെയ്യാവുന്നതിൻെറ പരമാവധി ചെയ്തുകൊടുക്കാൻ മടിക്കയില്ല. ആ സഹായത്തിനിടയ്ക്കു സുഹൃൽഭാവം കാണിക്കുകയും ചെയ്യും.

യഥാൎത്ഥജീവിതത്തെ ഔദ്യോഗികജീവിതത്തിൽ നിന്നും വേർപെടുത്തിക്കഴിയാൻ, രണ്ടും കൂട്ടിക്കുഴയ്ക്കാതെ കഴിയാൻ ഇവാൻ ഇലിയിച്ചിനു് അസാമാന്യ കഴിവായിരുന്നു. ആത്മവിശ്വാസം കൂടുതലായിരുന്നതുകൊണ്ടു ചിലപ്പോൾ രണ്ടും കൂടിക്കുഴയാൻ അനുവദിച്ചെന്നുവരും. ഏതുസമയത്തും തൻെറ ഔദ്യോഗികകാര്യങ്ങളെ മനുഷ്യബന്ധങ്ങളിൽനിന്നകററാൻ തനിക്കു കഴിയുമെന്നു ദൃഢവിശ്വാസമുണ്ടായിരുന്നതുകൊണ്ടാണു് അയാൾ അതു ചെയ്തിരുന്നതു്. ഇതെല്ലാം യാതൊരു കുഴപ്പവുംകൂടാതെ ശരിക്കു്—കലാപരമായി എന്നു വേണമെങ്കിൽ പറയാം—നിർവ്വഹിച്ചു. കോടതി വിട്ടുകഴിഞ്ഞാൽ പുകവലിച്ചുകൊണ്ടു് രാഷ്ട്രീയം, ശീട്ടുകളി ഇവയെപ്പററി അല്പം സംസാരിക്കും. കൂടുതൽസമ

യവും ഉദ്യോഗങ്ങളെപ്പററിത്തന്നെ സംസാരിക്കും ക്ഷീണിതനായി, പക്ഷേ, സംതൃപ്തിയോടെ, ഓക്സ്ട്രാ യിൽ തെററുകൂടാതെ വായിക്കാൻകഴിഞ്ഞ പ്രധാന വയലിനിസ്റ്റിൻെറ വിജയഭാവത്തോടെ അയാൾ വീട്ടിലേക്കു മടങ്ങുമ്പോൾ പലപ്പോഴും ഭാര്യയും മകളും ആരെയോ സന്ദർശിക്കാൻ പോയിരിക്കയായിരിക്കും. ചിലപ്പോൾ ഏതെങ്കിലും സന്ദർശകർ ഉണ്ടായിരിക്കും. മകൻ സ്ക്കൂളിൽനിന്നും മടങ്ങിവന്നുകാണും. പഠിക്കുന്നതെന്തെല്ലാമെന്നു മകനോടു ചോദിച്ചറിയും. ചുരുക്കത്തിൽ ഹിതകരമാംവിധം അങ്ങനെ ജീവിതം നടന്നുകൊണ്ടിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷം സന്ദർശകർ ആരുമില്ലെങ്കിൽ ഇവാൻ ഇലിയിച്ച് ആയിടെ ഏററവും ചർച്ചാവിഷയമായിത്തീൎന്ന പുസ്തകം വായിക്കും. സന്ധ്യയായാൽ ജോലിയായി—ഔദ്യോഗികരേഖകൾ വായിക്കുക, സാക്ഷികളുടെ മൊഴികൾ താരതമ്യപ്പെടുത്തുക, നിയമത്തിൻെറ ആവശ്യമുള്ള ഭാഗങ്ങൾ കുറിച്ചെടുക്കുക മുതലായവ. ഇതു മുഷിപ്പനാണെന്നോ രസകരമാണെന്നോ പറയാൻ സാദ്ധ്യമല്ലായിരുന്നു. ശീട്ടുകളിക്കു സൗകര്യമുണ്ടായാൽ ഈ പണി മുഷിപ്പൻതന്നെ. പക്ഷേ, വെറുതേയിരിക്കുന്നതിനേക്കാൾ, ഭാര്യയുടെ കൂട്ടിനേക്കാൾ, തീർച്ചയായും ഇതു മികച്ചതായിരുന്നു. സമൂഹമദ്ധ്യത്തിൽ ബഹുമതിയാൎജ്ജിച്ച വ്യക്തികളെ ക്ഷണിച്ചു വിരുന്നുകൊടുക്കുക അയാളുടെ ആഹ്ലാദങ്ങളിലൊന്നായിരുന്നു. അയാളുടെ സ്വീകരണമുറി മറെറല്ലാ സ്വീകരണമുറികളെയുംപോലെത്തന്നെയായിരുന്നു. അതുപോലെത്തന്നെ അയാളുടെ വിരുന്നുകളും മററുവിരുന്നുകളിൽനിന്നും വ്യത്യസ്തമായിരുന്നില്ല.

ഒരിക്കൽ അവരുടെ ഗൃഹത്തിൽവച്ചു നൃത്തംപോലും നടന്നു. ഒരേ നിർഭാഗ്യകരമായ കാര്യം എന്തെന്നുവച്ചാൽ നൃത്തം കഴിഞ്ഞപ്പോൾ ഭാര്യ കലശലായി ശുണ്ഠിപിടിച്ചു. പലഹാരങ്ങളും കേക്കുകളുമായിരുന്നു കാരണം. പ്രസ്കോവ്യ ഫെഡറോവ്നാ സ്വന്തമായ ചില പ്ലാനുകളെല്ലാം ഉണ്ടാക്കിവച്ചിരുന്നു. പക്ഷേ, ഇവാൻ ഇലിയിച്ചാകട്ടെ കേക്കുകളും മററും, വിലക്കൂടിയ പലഹാരക്കടയിൽനിന്നും വാങ്ങണമെന്നു നിർബ്ബന്ധിക്കുകയും ആവശ്യത്തിൽക്കൂടുതൽ വാങ്ങിക്കുകയും ചെയ്തു. കുറേ കേക്കുകൾ ബാക്കിവന്നു. ബില്ല് 45 റൂബിൾ ആവുകയും ചെയ്തു. ഇതാണു വഴക്കിനു കാരണം. നിർഭാഗ്യകരമായ വഴക്കായിരുന്നു അതു്. അയാളെ 'വിഡ്ഢ്യാനെ'ന്നും 'മരത്തലയനെ'ന്നും ഭാര്യ വിളിച്ചു. വിവാഹബന്ധം വേർപെടുത്തൽ ധ്വനിപ്പിക്കുന്നതരത്തിൽ അയാൾ കുറേയേറെ പരുഷവാക്കുകൾ പറയുകയും ചെയ്തു.

പക്ഷേ, നൃത്തം വിജയകരമായിത്തന്നെ നടന്നു. ഏററവും പ്രധാനപ്പെട്ട ആളുകൾതന്നെയാണ് വന്നിരുന്നതു്. ഇവാൻ ഇലിയിച്ച് തൃഫോനോവാ എന്ന പ്രഭ്വിയുടെക്കൂടെ നൃത്തംചെയ്തു.

ഉദ്യോഗസംബന്ധിയായ ജോലികളിലുള്ള ഇവാൻ ഇലിയിച്ചിന്റെ ആഹ്ലാദം ഉന്നതപദവിമോഹത്തിൽ നിന്നും ഉടലെടുത്തതായിരുന്നു. മാന്യസമൂഹമദ്ധ്യത്തിലെ ആഹ്ലാദത്തിനു കാരണം പൊള്ളയായ താൻപ്രമാണിത്വവുമായിരുന്നു. പക്ഷേ, ഏററവും വലിയ ആനന്ദം അയാൾക്കു ലഭിച്ചിരുന്നതു് ശീട്ടുകളിയിൽനിന്നായിരുന്നു. എന്തെല്ലാം നിർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടായാലും എല്ലാററിനുംമീതെ ആനന്ദത്തിന്റെ

പ്രകാശധോരണി പരത്തിക്കൊണ്ടുവിളങ്ങാൻ, അധികം ശബ്ദമുണ്ടാക്കാത്ത നല്ല കളിക്കാരോടൊത്തു് ഒന്നാന്തരം കളി (നല്ല ശീട്ടു് കൈയിൽക്കിട്ടിയാൽ) കഴിഞ്ഞു ഭക്ഷണശേഷം ഒരുഗ്ലാസ് വൈൻ കുടിക്കാനുള്ള സന്ദർഭത്തിനു കഴിഞ്ഞിരുന്നു. ശീട്ടുകളി കഴിഞ്ഞാൽ, പ്രത്യേകിച്ചും ഒരു ചെറിയതുക കൈയിൽക്കിട്ടിയാൽ (വലിയതുക ശീട്ടുകളിയിൽ കിട്ടുന്നതു് അത്ര സുഖകരമല്ല) ഇവാൻഇലിയിച്ച് ഉന്മേഷത്തോടെ ഉറങ്ങാൻ കിടക്കും.

അങ്ങനെ അവർ ജീവിച്ചു. അവരുടെ പരിചയക്കാരെല്ലാം മാന്യന്മാരും ഉന്നതവൃത്തങ്ങളിലുള്ളവരുമായിരുന്നു. ഈ പരിചയക്കാരോടുള്ള മനോഭാവത്തെ സംബന്ധിച്ചിടത്തോളം ഭാര്യയും ഭർത്താവും മകളും ഏകാഭിപ്രായക്കാരായിരുന്നു. അതുകൊണ്ടു പ്രയോജനമില്ലാത്ത, അധികപ്പററുകാരായ, ബന്ധുക്കളെയും സുഹൃത്തുക്കളെയും ദൂരെത്തന്നെ അകററിനിർത്താൻ അവർക്കു കഴിഞ്ഞു. അയാളുടെ ബന്ധുക്കളും സുഹൃത്തുക്കളും ഏററവും മാന്യന്മാർ മാത്രമായിത്തീർന്നു.

ലിസയ്ക്കു് അനേകം സുഹൃത്തുക്കളുണ്ടായി. ദിമിത്രി ഇവാനോവിച്ച് പെട്രിഷ്ചൊവിൻെറ മകനും അദ്ദേഹത്തിൻെറ ഏക അനന്തരാവകാശിയുമായ ഒരു മജിസ്ട്രേട്ടു് അവളിൽ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചിരുന്നു. അയാൾക്കു പ്രത്യേകമായി വിരുന്നുനൽകുന്നതിനെപ്പററി പലപ്പോഴും ഭാര്യാഭർത്താക്കന്മാർതമ്മിൽ സംസാരിച്ചിരുന്നു.

അങ്ങനെ അവർ ജീവിച്ചു. എല്ലാക്കാര്യങ്ങളും മുറയ്ക്കു നടന്നുകൊണ്ടിരുന്നു. വ്യതിചലനങ്ങളൊന്നുമില്ലാതെ അവരുടെ ജീവിതം സുഖകരമായി ഒഴുകിക്കൊണ്ടിരുന്നു.

## നാല്

അവൾക്കെല്ലാവർക്കും നല്ല ആരോഗ്യം ഉണ്ടായിരുന്നു. തനിക്കു വായ്ക്കു ചെറിയ അരുചി തോന്നിത്തുടങ്ങിയിട്ടുണ്ടെന്നും ഇടതുവശത്ത് വാരിയെല്ലിനുതാഴെ ചെറിയ വേദന തോന്നുന്നുവെന്നും ഇവാൻ ഇലിയിച്ച് വല്ലപ്പോഴും പറഞ്ഞാൽ ആരാണ് അത് ഒരു രോഗമായി കണക്കാക്കുക.

പക്ഷെ, ഈ അസുഖം ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. വാരിയെല്ലിനുതാഴെ ഉള്ളിൽ എന്തോ ഒരു സമ്മർദ്ദമുള്ളതുപോലെ അയാൾക്കു തോന്നി. ചെറിയകാര്യങ്ങൾക്കുപോലും അയാൾ ശുണ്ഠിയെടുത്തുതുടങ്ങി. ആ കുടുംബത്തിലെ പരസ്പരം സുഖകരമായ, സമാധാനവും സ്ഥിരതയുമുള്ള ജീവിതത്തെ അയാളുടെ പെരുമാററം ഉലയ്ക്കാൻ തുടങ്ങി. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള കലഹം ക്രമേണ വർദ്ധിച്ചു. കുടുംബജീവിതത്തിൻെറ ഭദ്രത നഷ്ടപ്പെട്ടു. പൊട്ടിത്തെറിക്കലില്ലാതെ ഒന്നിച്ചു സമ്മേളിക്കാവുന്ന ദ്വീപുകളുടെ എണ്ണം തീരെക്കുറഞ്ഞു. ഭർത്താവിൻെറ പെരുമാററം സഹിക്കാൻ ബുദ്ധിമുട്ടുള്ള ഒന്നാണെന്നു പറയാൻ പ്രസ്കോവ്യ ഫെഡറോവ്നായ്ക്കു കാരണമില്ലാതിരുന്നില്ല. സ്വതേതന്നെ തൻെറ ഭർത്താവിൻെറ പെരുമാററം സഹിക്കാൻ അസാദ്ധ്യമാണെന്നും ഇരുപതുകൊല്ലം താൻ അതു സഹിക്കാൻ കാരണം തൻെറ സൽസ്വഭാവം മാത്രമാണെന്നും ആ സ്ത്രീ പറഞ്ഞുപരത്തി. ഇപ്പോൾ കലഹങ്ങൾ അയാളാണു തുടങ്ങിവയ്ക്കുക. ഭക്ഷണത്തിനുമുൻപു സൂപ്പുകഴിക്കുമ്പോൾമുതൽ ദേഷ്യം പുറത്തു ചാടും. ചിലപ്പോൾ പ്ലേറ്റ് അടന്നിരിക്കും; ഭക്ഷണം രുചിയുള്ളതായിരിക്കയില്ല; മകൻ മേശപ്പുറത്തു കൈമുട്ട് ഊന്നിയിരിക്കും; അല്ലെ

ങ്കിൽ മകളുടെ തലമുടി തനിക്കിഷ്ടമായതുപോലെ ചീകിവച്ചിരിക്കുകയില്ല—എല്ലാററിനും അയാൾ പ്രസ്കോവ്യ ഫെഡറോവ്നായെ കുററപ്പെടുത്തും.

ആദ്യമൊക്കെ ഭാൎയ്യയും ഭൎത്താവിനെ അതിനിശിതമായി തിരിച്ചു ശകാരിച്ചുകൊണ്ടിരുന്നു. പക്ഷേ, ഒന്നുരണ്ടുപ്രാവശ്യം ഭൎത്താവിൻെറ ക്രോധം അതിരുകടക്കുന്നതു കണ്ടപ്പോൾ അവൾ മറുപടിയൊന്നും പറയാതെ ഭക്ഷണം വേഗം കഴിക്കുന്നതിൽ മാത്രം ശ്രദ്ധവച്ചു. തൻെറ ഈ ആത്മനിയന്ത്രണം അത്യന്തം പ്രശംസനീയമായ ഒന്നാണെന്നു് അവൾ കരുതിയിരുന്നു. തൻെറ ഭൎത്താവിനു് അപരിഹാൎയ്യമായ ചില ദുശ്ശീലങ്ങളുണ്ടെന്നും തന്മൂലം തൻെറ ജീവിതം നിൎഭാഗ്യകരമായി മാറിപ്പോയെന്നുംമനസ്സിലാക്കിയപ്പോൾഅവൾക്കുതന്നോടുതന്നെ അനുകമ്പ തോന്നി. തന്നോടുള്ള അനുകമ്പ വൎദ്ധിക്കുന്തോറും ഭൎത്താവിനോടുള്ള വെറുപ്പും വൎദ്ധിച്ചു. അയാൾ മരിച്ചു തുലയുകയില്ലേ എന്നവൾ ആശിച്ചു; പക്ഷേ, അതിനുവേണ്ടി പ്രാൎത്ഥിക്കാൻ ഒരുമ്പെട്ടില്ല—ശമ്പളത്തിൽനിന്നുള്ള വരവു് നിന്നുപോകുമല്ലോ. ഈ വൈഷമ്യം അവളുടെ ക്രോധത്തെ ആളിക്കത്തിച്ചു. ആ മനുഷ്യൻെറ മരണംപോലും തന്നെ രക്ഷിക്കുകയില്ലെന്ന വിചാരം സ്വാഭാവികമായും അവളുടെ ദുഃഖത്തെ വൎദ്ധിപ്പിച്ചു. അവൾ തൻെറ വികാരങ്ങളൊന്നും പുറത്തു കാണിച്ചില്ലെങ്കിലും അവളുടെ പെരുമാററം ഇവാൻെറ ക്രോധത്തെ വൎദ്ധിപ്പിച്ചതേയുള്ളു.

ഒരിക്കൽ വഴക്കുതീൎന്നപ്പോൾ തനിക്കു ശരീരസുഖമില്ലാത്തതുകൊണ്ടാണു് ഇതെല്ലാം സംഭവിക്കുന്നതെന്നു് ഇവാൻ ഇലിയിച്ചു് വിശദീകരണാൎത്ഥം അറിയിച്ചു. അങ്ങനെയാണെങ്കിൽ ചികിത്സിക്കണമെന്നും

ഡോക്ടറെ കാണാൻ പോകണമെന്നും അവൾ നിർബ്ബന്ധിച്ചു.

അയാൾ സുപ്രസിദ്ധനായ ഒരു ഡോക്ടറെ കാണാൻ പോയി. സാധാരണ എല്ലായ്പ്പോഴും നടക്കുന്നതു തന്നെ നടന്നു. കുറേനേരം കാത്തിരിക്കേണ്ടിവന്നു. താൻ വലിയ പ്രമാണിയാണെന്ന ഡോക്ടരുടെ ഭാവം, (അയാൾക്കാ ഭാവം സുപരിചിതമായിരുന്നു; കോടതിയിൽ തൻെറ ഭാവം അതാണല്ലോ) പരിശോധന, സാധാരണ ചോദ്യോത്തരങ്ങൾ ഇതെല്ലാം പതിവുപോലെ തന്നെയുണ്ടായിരുന്നു. 'ഞങ്ങളുടെ കൈയിൽപ്പെട്ടാൽ ബാക്കിയെല്ലാം ഞങ്ങൾ നോക്കിക്കൊള്ളാം—എന്താണു വേണ്ടതെന്നു ഞങ്ങൾക്കു കൃത്യമായി അറിയാം,' എന്നായിരുന്നു ഡോക്ടരുടെ ഭാവം വിളിച്ചുപറഞ്ഞിരുന്നതു്. താൻ കോടതിയിൽവച്ചു പ്രതിയുടെ നേക്കു് ഏതു ഭാവത്തോടെയാണോ നോക്കാറുള്ളതു് അതേ ഭാവം!

ഇന്ന ലക്ഷണം ഇന്ന തരക്കേടിനെ കാണിക്കുന്നുവെന്നും അതു ശരീരത്തിൻെറ ഉള്ളിലാണെന്നും ഇന്ന പരിശോധന ഇന്നതു കാണിക്കുന്നില്ലെങ്കിൽ മറ്റൊന്നു് ഊഹിക്കണമെന്നും ഡോക്ടർ പറഞ്ഞു: "ഇതു് ആപല്ക്കരമാണോ ഇല്ലയോ?" എന്ന ഒരേ ഒരു ചോദ്യത്തിനു മറുപടിമാത്രമേ ഇവാൻ ഇലിയിച്ചിനു വേണ്ടിയിരുന്നുള്ളു. ഈ ചോദ്യത്തിനു മറുപടി പറയേണ്ട ആവശ്യം ഡോക്ടർക്കു തോന്നിയില്ല. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അതല്ല പ്രധാന പ്രശ്നം; അതു ജലദോഷമാണോ വൃക്കയുടെ തകരാറാണോ കുടൽവീക്കമാണോ എന്നതാണു തീരുമാനിക്കേണ്ടതു്. ഇവാൻ ഇലിയിച്ചിൻെറ ജീവനോ മരണമോ എന്നതല്ല പ്രശ്നം; മിതക്കുന്ന വൃക്കയോ,

വീങ്ങിയ കുടലോ എന്നതാണു്. ആ പ്രശ്നത്തിനു ഡോക്ടർ അതിസമത്ഥമായി ഉത്തരം കണ്ടുപിടിച്ചു. കുടൽ വീക്കമാണെന്നും പക്ഷേ, മൂത്രം പരിശോധിച്ചു വീണ്ടും നോക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രതികളോടു് ഇതേരീതിയിലാണു് ഇവാൻ ഇലിയിച്ചു് ആയിരംതവണ പെരുമാറിയിട്ടുള്ളതു്. ഡോക്ടറുടെ സംഭാഷണത്തിൽനിന്നും ആകെക്കൂടി ഇവാൻ ഇലിയിച്ചിനു മനസ്സിലായതു് തൻെറ കാര്യം പരുങ്ങലിലാണെന്നാണു്. പക്ഷേ, ഡോക്ടർക്കും മററുള്ളവർക്കും തന്റെ സ്ഥിതിയുടെ ഗൗരവത്തെക്കുറിച്ചു ബോദ്ധ്യമില്ല എന്നയാൾക്കു തോന്നി. ഇതു് അയാളെ വേദനിപ്പിച്ചു. തന്നോടുതന്നെ അനുകമ്പയും, ഇത്രയും പ്രാധാന്യമുള്ള കാര്യത്തെ നിസ്സാരമാക്കിത്തള്ളുന്ന ഡോക്ടറോടു ദേഷ്യവും തോന്നി.

പക്ഷേ, അയാൾ തൻെറ ഭാവങ്ങളൊന്നും പുറത്തു കാണിക്കാതെ എഴുന്നേററു ഡോക്ടറുടെ ഫീസ് മേശപ്പുറത്തു വച്ചിട്ടു നെടുവീർപ്പോടെ ചോദിച്ചു: "ഞങ്ങൾ രോഗികൾ പലപ്പോഴും ആവശ്യമില്ലാത്ത ചോദ്യങ്ങൾ ചോദിക്കാറുണ്ടു്. ഈ രോഗം പൊതുവായിപ്പറഞ്ഞാൽ ആപല്ക്കരമാണോ അല്ലയോ?"

ഡോക്ടർ കണ്ണടയ്ക്കു മുകളിൽക്കൂടി രൂക്ഷമായി നോക്കി. തടവുകാരനെനോക്കി ഇവാൻ ഇലിയിച്ചു് 'നിങ്ങളോടു ചോദിച്ച ചോദ്യങ്ങൾക്കു മറുപടി പറഞ്ഞില്ലെങ്കിൽ നിങ്ങൾ പുറത്തുപോകും' എന്നു പറയുന്ന ഭാവമുണ്ടായിരുന്നു ഡോക്ടറുടെ നോട്ടത്തിൽ.

"ആവശ്യമുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനിയും പരിശോധന നടത്താനുണ്ടു്. അപ്പോൾ കൂടുതൽ വിവരങ്ങൾ അറിയാറാകും."

ഇവാൻ ഇലിയിച്ചു് സാവധാനം പുറത്തുകടന്നു.

ഖിന്നചിത്തനായി തൻെറ വണ്ടിയിൽ കയറി വീട്ടി ലേക്കു തിരിച്ചു. വഴിയിൽ ഡോക്ടർ തന്നോടു പറഞ്ഞ കാര്യങ്ങൾ ഓർക്കുകയും മനസ്സിലാക്കാൻ പ്രയാസമായ സാങ്കേതികപദങ്ങളെ സാധാരണഭാഷയിൽ കൊണ്ടുവ രാൻ ശ്രമിക്കുകയും ചെയ്തു. അയാൾ തന്നത്താൻ ചോ ദിച്ചു: 'എൻെറ സ്ഥിതി മോശമാണോ? അത്ര മോശ മാണോ? വലിയ കുഴപ്പമൊന്നുമില്ലായിരിക്കാം.' എങ്കി ലും ഡോക്ടർ പറഞ്ഞതിൻെറ അർത്ഥം തൻെറ സ്ഥിതി അത്യന്തം ആപല്ക്കരമാണെന്നുതന്നെയാണു് എന്നു് അയാൾക്കു തോന്നി. മാർഗ്ഗമദ്ധ്യേ കണ്ടതെല്ലാം ദുഃഖ ജനകമായി അയാൾക്കു തോന്നി. കുതിരവണ്ടിക്കാർ, വീടുകൾ, യാത്രക്കാർ, കടകൾ എല്ലാം ദുഃഖജനകമായി രുന്നു. തുടർച്ചയായി തന്നെ കരണ്ടുതിന്നുന്ന വേദന ഡോക്ടരുടെ സംശയകരമായ സംഭാഷണത്തിനുശേഷം പുതിയ പ്രാധാന്യം കൈക്കൊണ്ടതായി അയാൾക്കു തോന്നി. ആ വേദനയെ അയാൾ തീവ്രമായ ദുഃഖത്തോ ടെ വീക്ഷിച്ചുതുടങ്ങി.

വീട്ടിലെത്തി അയാൾ ഭാര്യയോടു സകലവിവര ങ്ങളും പറയാൻ തുടങ്ങി. അവൾ കേട്ടു; പക്ഷേ, വിവര ണം പകുതിയായപ്പോൾ വെളിയിലിറങ്ങാൻ ഒരുങ്ങി മകൾ അമ്മയുടെ അടുത്തുവന്നു. മകളും ഈ വിവരണം കേൾക്കാനിരുന്നു. പക്ഷേ, ഈ മുഷിപ്പൻവിവരണ ങ്ങൾ കേൾക്കാൻ അവൾക്കു തീരെ ക്ഷമയുണ്ടായിരു ന്നില്ല. അമ്മയും അവസാനംവരെ അതു കേട്ടില്ല.

അവൾ പറഞ്ഞു: "നിങ്ങൾ ഡോക്ടരെ കണ്ടതു് ഏതായാലും നന്നായി. ഇനി ക്രമത്തിനു മരുന്നുകുടിക്ക ണം. ആ മരുന്നുകുറിപ്പു തരു. ഞാൻ ഗെറാസിമിനെ

മരുന്നുഷോപ്പിലേക്കയയ്ക്കാം." ഇത്രയും പറഞ്ഞിട്ട് ആ സ്ത്രീ വെളിയിലിറങ്ങാൻ ഒരുങ്ങാൻതുടങ്ങി.

അയാഠം ശ്വാസംവിടാതെയാണ് അവളോടു സംസാരിച്ചതു്. അവഠം പൊയ്ക്കഴിഞ്ഞപ്പോഠം ദീർഘനിശ്വാസം വിട്ടിട്ട് അയാഠം വിചാരിച്ചു: 'ഒരുപക്ഷേ, സ്ഥിതി അത്രവളരെ മോശമല്ലായിരിക്കും.'

അയാഠം മുറയ്ക്കു മരുന്നുകഴിക്കാൻ തുടങ്ങി. മൂത്രം പരിശോധിച്ചശേഷം ഡോക്ടർ പുതിയ നിർദ്ദേശങ്ങഠം കൊടുത്തു. രോഗലക്ഷണങ്ങഠംക്കും മൂത്രം പരിശോധിച്ചപ്പോഠം വെളിപ്പെട്ട വിവരങ്ങഠംക്കും തമ്മിൽ പൊരുത്തക്കേടുണ്ടെന്നു് ഡോക്ടർ പറഞ്ഞു. ഡോക്ടർ പറഞ്ഞതിനും യഥാർത്ഥരോഗത്തിനും തമ്മിൽ വ്യത്യാസമുണ്ടെന്നും അദ്ദേഹത്തിനു് എന്തെങ്കിലും മറന്നുപോവുകയോ തെററു പററുകയോ ചെയ്തെന്നും അദ്ദേഹം തന്നിൽനിന്നും എന്തോ മറച്ചുവച്ചിട്ടുണ്ടെന്നും അയാഠംക്കു തോന്നി. എന്തായാലും ഡോക്ടറെ കുററംപറയുന്നതുകൊണ്ടു പ്രയോജനമില്ലല്ലോ. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങഠം അനുസരിച്ചു നടന്നു. ആദ്യമെല്ലാം അതിൽ അയാഠംക്കു സംതൃപ്തി തോന്നിയിരുന്നു.

ഡോക്ടറെ സന്ദർശിച്ച ദിവസംമുതൽ രോഗങ്ങളെയും ചികിത്സയെപ്പററിയുമായിരുന്നു അയാളുടെ വിചാരം. രോഗം, മരണം, ചികിത്സ ഇവയെപ്പററി ആരെങ്കിലും അയാളുടെ മുമ്പിൽവച്ചു സംസാരിച്ചാൽ തൻെറ അസ്വാസ്ഥ്യം മറച്ചുവച്ചിട്ടു പല ചോദ്യങ്ങഠം ചോദിക്കും. രോഗവിവരങ്ങഠം തൻേറതുപോലെ ആയിരുന്നാൽ തൻെറ സ്ഥിതിയുമായി അതിനെ താരതമ്യപ്പെടുത്തിനോക്കും.

വേദന ഒട്ടും അടങ്ങിയില്ല. പക്ഷേ, രോഗം ഭേദമാ

കുന്നുണ്ടെന്നു് ദൃഢമായി വിശ്വസിക്കാൻ ഇവാൻ ഇലിയിച്ച് ശ്രമിച്ചു. പ്രത്യേകിച്ചും ഒന്നും അലോസരപ്പെടുത്താത്ത അവസരത്തിൽ അയാൾക്കു് അങ്ങനെ വിശ്വസിക്കാൻ കഴിഞ്ഞിരുന്നുതാനും. പക്ഷേ, ഭാര്യയുമായി ലഹളകൂട്ടുമ്പോഴോ ശീട്ടുകളിക്കുമ്പോൾ ഒന്നിനും കൊള്ളാത്ത ശീട്ട് കൈയിൽ കിട്ടുമ്പോഴോ, ഉദ്യോഗസംബന്ധമായി ക്രമക്കേടുകൾ പറ്റുമ്പോഴോ, തന്റെ രോഗത്തെപ്പററിയുള്ള ക്രൂരമായ ബോധം അയാളെ നേരിട്ടും. ഈ അലോസരങ്ങൾ ഓരോന്നും അയാളുടെ മനസ്സിൻെറ അസ്വാസ്ഥ്യത്തെ വർദ്ധിപ്പിച്ചു. "കണ്ടോ ഞാൻ മരുന്നുകുടിച്ചു് അല്പം ഭേദപ്പെട്ടുവരികയായിരുന്നു, അതിനിടയ്ക്കു് ഇതാ നാശം കേറിവന്നിരിക്കുന്നു," എന്നു തന്നത്താൻ മുറുമുറുക്കും ക്രമക്കേടുകൾക്കു കാരണക്കാരായവരോട്ട് അതിരുകവിഞ്ഞ വെറുപ്പും ദേഷ്യവും പ്രകടിപ്പിച്ചിരുന്നതുകൊണ്ടു രോഗം വഷളായതേയുള്ളു. വൈദ്യപുസ്തകങ്ങൾ വായിക്കുകയും ഡോക്ടർമാരുടെ ഉപദേശം നിരന്തരം തേടുകയും ചെയ്തിരുന്നതുകൊണ്ടു് അയാളുടെ മാനസികാവസ്ഥ കുറേക്കൂടി വഷളായി. അയാളുടെ രോഗം വളരെ സാവധാനമാണു് ഗുരുതരമായിക്കൊണ്ടിരുന്നതു്. ഓരോ ദിവസവും തലേദിവസവുമായി തുലനംചെയ്തു താൻ പുരോഗമിക്കുകയാണു് എന്നു വേണമെങ്കിൽ സ്വയം വിശ്വസിക്കാമായിരുന്നു. അത്ര തുച്ഛമായിരുന്നു വ്യത്യാസം. പക്ഷേ, ഡോക്ടർമാരുടെ അഭിപ്രായം കേൾക്കുമ്പോൾ തൻെറ സ്ഥിതി ഓരോ ദിവസവും ഗുരുതരമായിക്കൊണ്ടിരിക്കുകയാണെന്നു് അയാൾക്കു തോന്നും എങ്കിലും അവരുടെ അഭിപ്രായം ചോദിക്കുന്ന പതിവു് അയാൾ നിർത്തിയില്ല.

ആ മാസം ഇവാൻ ഇലിയിച്ച് മറെറാരു സുപ്ര

സിദ്ധ ഡോക്ടറെ കണ്ടു. ആദ്യത്തെ ഡോക്ടറെക്കാൾ കൂടുതൽ വെളിച്ചംവീശാൻ ഈ ഡോക്ടൎക്ക് കഴിഞ്ഞില്ല. പക്ഷേ, അദ്ദേഹം ചോദിച്ച ചോദ്യങ്ങൾ പഴയ ഡോക്ടർ ചോദിച്ചവയല്ലായിരുന്നു. ഇതു് ഇവാൻ ഇലിയിച്ചിൻെറ സംശയങ്ങളും ഭീതിയും ഊതിവീൎപ്പിക്കാൻ മാത്രമേ സഹായിച്ചുള്ളു. അയാളുടെ സുഹൃത്തിൻെറ ഒരു സുഹൃത്തായ മൂന്നാമതൊരു ഡോക്ടർ രോഗം മറ്റൊന്നാണെന്നു തീൎത്തുപറഞ്ഞു. ഭേദപ്പെടുമെന്നു് ആശ്വസിപ്പിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹത്തിൻെറ ചോദ്യങ്ങളും അഭിപ്രായങ്ങളും ഇവാൻ ഇലിയിച്ചിനെ വീണ്ടും കുഴപ്പത്തിലാക്കി. സംശയങ്ങൾ വൎദ്ധിച്ചു. ഒരു ഹോമിയോപ്പതി ഡോക്ടർ രോഗം വേറൊന്നാണെന്നു പറയുകയും പുതിയ മരുന്നു നിർദ്ദേശിക്കുകയും ചെയ്തു. ഇവാൻ ഇലിയിച്ച് അതു രഹസ്യമായി ഒരാഴ്ച കഴിക്കുകകൂടി ചെയ്തു. എങ്കിലും ഒരാഴ്ച കഴിഞ്ഞിട്ടും യാതൊരു പുരോഗതിയും കാണായ്കയാൽ എല്ലാ ഡോക്ടർമാരിലും വിശ്വാസം നശിച്ചു വീണ്ടും നിരാശനായി.

ഒരു ദിവസം ദിവ്യവിഗ്രഹത്തിൻെറ അനുഗ്രഹത്താൽ ഒരു രോഗി രോഗവിമുക്തനായ കഥ ഒരു സ്ത്രീസുഹൃത്തു് അയാളോടു പറഞ്ഞു. അവൾ പറഞ്ഞതു് അക്ഷരംപ്രതി ശ്രദ്ധിച്ചുകേട്ട ഇവാൻ ഇലിയിച്ച് അത്ഭുതചികിത്സയിൽ വിശ്വസിക്കാൻ തുടങ്ങി. ഇതു് അയാളെ സംഭ്രമിപ്പിച്ചു: 'എൻെറ മനസ്സ് ഇത്ര ഇളകിത്തുടങ്ങിയോ? ഇതെല്ലാം വെറും പഴങ്കഥകളാണു്. ഞരമ്പുകൾ ക്ഷീണിച്ചുതുടങ്ങിയിരിക്കുന്നു. ഒററഡോക്ടറെ അനുസരിക്കുക, അതാണു നല്ലതു്. വേനൽക്കാലംവരെ ചികിത്സിച്ചുനോക്കാം. അതിനുശേഷം എങ്ങനെയുണ്ടു് എന്നു കാണട്ടെ. ഈ ചാഞ്ചാട്ടം ഇനി പാടില്ല.'

ഇതെല്ലാപ്പം പറഞ്ഞുതീർത്തു. പക്ഷേ, അതനുസരിച്ചു നടക്കുക അസാദ്ധ്യമായിരുന്നു. വയററിൻെറ ഇടതുവശത്തുള്ള വേദന കൂടുതൽകൂടുതൽ രൂക്ഷമായിക്കൊണ്ടിരുന്നു. വായ്ക്കു തീരെ രുചിയില്ല. തൻെറ ശ്വാസത്തിനു ദുസ്സഹമായ ദുർഗ്ഗന്ധമുണ്ടെന്നും വിശപ്പും ബലവും നഷ്ടപ്പെട്ടുന്നതായും അയാൾക്കു തോന്നി. സ്വയം വഞ്ചിക്കാൻ അയാൾക്കു കഴിവില്ലാതെയായി. ഭയങ്കരമായ എന്തോ ഒന്ന്, പുതിയതും ഇതിനുമുമ്പുണ്ടായിട്ടുള്ളതിനെക്കാൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതുമായ എന്തോ ഒന്ന് അയാളുടെ ഉള്ളിൽ നടക്കുന്നു. അതു് അയാൾക്കുമാത്രമേ അറിയാവൂ. ചുററുമുള്ളവർക്ക് അതു മനസ്സിലാക്കാൻ കഴിഞ്ഞില്ല; അല്ലെങ്കിൽ അവർ അതു മനസ്സിലാക്കാൻ കൂട്ടാക്കിയില്ല. ലോകത്തിൽ എല്ലാം പഴയപോലെതന്നെ നടക്കുന്നുണ്ടെന്ന് അവർ വിചാരിച്ചു. ഇവാൻ ഇലിയിച്ചിന് ഏററവുമധികം മനശ്ശല്യമുണ്ടാക്കിയതു് ഈ വസ്തുതയാണ്. ഭാര്യയും മകളും വല്ലവരെയും സന്ദർശിക്കാനെന്നുപറഞ്ഞു വെളിയിൽപ്പോകും. അവർക്ക് ഇതൊന്നും മനസ്സിലായിരുന്നില്ല. അയാൾ മനപ്പൂർവ്വം തങ്ങളെ ഉപദ്രവിക്കുകയാണ് എന്ന് അവർക്കു തോന്നി. അയാളാണ് കുററക്കാരൻ എന്നായിരുന്നു അവരുടെ ഭാവം.

അവരതു മറയ്ക്കാൻ ശ്രമിച്ചുവെങ്കിലും ഇവാൻ ഇലിയിച്ചിന് കാര്യം മനസ്സിലാകാതിരുന്നില്ല ഭർത്താവിൻെറ രോഗത്തോട് അവൾക്ക് ഒരു പ്രത്യേകമനോഭാവമുണ്ടായിരുന്നു. അയാൾ എന്തെല്ലാം പറഞ്ഞാലും അവളതു മാററാൻ തയ്യാറില്ലായിരുന്നു. സുഹൃത്തുക്കളോട് അവൾ പറയും: "മററുള്ളവരെപ്പോലെ ഡോക്ടരുടെ നിർദ്ദേശങ്ങൾ കൃത്യമായി അനുസരിക്കാൻ ഇവാൻ

ഇലിയിച്ചിനു സാദ്ധ്യമല്ല. ഒരു ദിവസം മരുന്നും പത്ഥ്യാഹാരവും കഴിച്ചു നേരത്തേ കിടന്നുറങ്ങും. അടുത്ത ദിവസം ഞാൻ ശ്രദ്ധിച്ചില്ലെങ്കിൽ എല്ലാം തെററിക്കും. മരുന്നു കഴിക്കുകയില്ല; മീൻ തിന്നും; ഒരുമണിവരെയിരുന്നു ശീട്ടുകളിക്കുകയും ചെയ്യും."

ഇവാൻ ഇലിയിച്ച് അസ്വസ്ഥനായി ചോദിക്കും: "എപ്പോഴാണെന്നു പറയൂ. ആകെ ഒരിക്കൽമാത്രം. പീററർ ഇവാനോവിച്ചിൻെറ വീട്ടിൽവെച്ച്."

"പിന്നെ ഇന്നലെ ഷെബെക്കിൻ്റെ അവിടെയോ?"

"ഞാൻ ഉറങ്ങാൻകിടന്നാലും ഈ വേദന സമ്മതിക്കുകയില്ല."

"എന്നാൽപ്പിന്നെ നിങ്ങൾ ഒരിക്കലും ഭേദപ്പെടുകയില്ല. ഞങ്ങളെ മാത്രം എപ്പോഴും അലട്ടിക്കൊണ്ടിരിക്കും."

രോഗം അയാളുടെ കുററമാണെന്നും തന്നെ പലപ്രകാരത്തിൽ ദ്രോഹിക്കുന്നതിൽ ഇതും ഒരു മാർഗ്ഗമാണെന്നുമായിരുന്നു പ്രസ്കോവ്യ ഫെഡറോവ്നായുടെ മനോഭാവം. അതു് അവൾ അന്യരോടും ഭർത്താവിനോടും തുറന്നുപറഞ്ഞിരുന്നു. അവളുടെ ഈ അഭിപ്രായം അവളറിയാതെ പുറപ്പെടുന്നതാണെന്നു വിശ്വസിക്കാൻ ഇവാൻ ഇലിയിച്ച് ശ്രമിക്കുമെങ്കിലും അതുകൊണ്ടു യാതൊരാശ്വാസവും അയാൾക്കു കിട്ടുകയില്ല.

കോടതിയിലും എല്ലാവരും തന്നോടു പ്രത്യേകഭാവത്തോടെ പെരുമാറുന്നുണ്ടെന്നു് അയാൾക്കു തോന്നി. വളരെവേഗം പദവിയൊഴിയാൻപോകുന്ന മാന്യനെയെന്നപോലെ അവർ തന്നെ സൂക്ഷിച്ചുനോക്കുന്നുണ്ടെന്നും അയാൾക്കു തോന്നി. അയാളുടെ ഉള്ളിലുള്ള

ഭയങ്കരമായ വേദന പരിഹാസത്തിനുള്ള വിഷയംപോലെ കരുതി അയാളുടെ മനഃക്ലേശങ്ങളെ വിനോദഭാവത്തിൽ സുഹൃത്തുക്കൾ കളിയാക്കും. പ്രത്യേകിച്ചും ഷ്വാർട്ട്സ് തൻെറ പരിഹാസമനോഭാവവും ഉത്സാഹവും കൊണ്ടു് അയാളുടെ മനസ്സിനെ അലോസരപ്പെടുത്തി. പത്തുകൊല്ലം മുമ്പുള്ള തൻെറ സ്ഥിതിയെ അയാളുടെ മനോഭാവം ഓർമ്മയിൽ കൊണ്ടുവന്നിരുന്നു.

സുഹൃത്തുക്കൾ ശീട്ടുകളിക്കാൻ വരും. തൻെറയും കൂട്ടുകാരൻെറയും കൈയിൽ ഒന്നാന്തരം ശീട്ടുകൾ കിട്ടും. വളരെ ആഹ്ലാദിക്കേണ്ട സന്ദർഭം. പെട്ടെന്നു തൻെറ വേദനയെപ്പററിയും വായിലെ അരുചിയെപ്പററിയും അയാൾ ഓർക്കും. ഈ സ്ഥിതിയിൽ ആഹ്ലാദിക്കാൻ എന്തുണ്ടു്? ശീട്ടുകളി നന്നാവുകയില്ല. സുഹൃത്തുക്കൾ പറയും: "നിങ്ങൾ ക്ഷീണിച്ചുപോയെങ്കിൽ നമുക്കു നിറുത്താം. നിങ്ങൾ വിശ്രമിച്ചോളൂ." എല്ലാവരും നിശ്ശബ്ദരായി വ്യഥിതഹൃദയരായി അനങ്ങാതെ ഇരിക്കും. ആ അവസ്ഥ താൻ അവരുടെമേൽ വച്ചുകെട്ടിയതാണെന്നും അതില്ലാതാക്കാൻ തനിക്കു കഴിയുകയില്ലെന്നും അയാൾ മനസ്സിലാക്കും. ഭക്ഷണം കഴിഞ്ഞശേഷം അവർ പോകും. തൻെറ ജീവിതം വിഷലിപ്തമായിരിക്കുന്നു എന്നും താൻ മററുള്ളവരുടെ ജീവിതത്തിലും വിഷം പരത്തുകയാണെന്നും തൻെറ ജീവിതത്തിലുള്ള വിഷം കുറയ്ക്കുന്നതിനുപകരം ആഴത്തിലിറങ്ങി തൻെറ അസ്തിത്വത്തെയാകെ ബാധിക്കുന്നുവെന്നും അയാൾക്കു തോന്നും.

ഈ ബോധത്തോടെ ഭയങ്കരമായ ശാരീരികവേദനയും വച്ചുകൊണ്ടു് അയാൾ ഉറങ്ങാൻകിടക്കും. രാത്രിയിൽ അധികസമയവും ഉറക്കം വരികയില്ല. പിറേറദിവസം രാവിലെ എഴുന്നേററു കോടതിയിൽപ്പോയി

സംസാരിക്കണം, എഴുതണം. കോടതിയിൽ പോകാത്തദിവസങ്ങൾ ഇരുപത്തിനാലുമണിക്കൂറും വീട്ടിൽ കഴിയണം. അതിലെ ഓരോ നിമിഷവും ചിത്രവധമായിരുന്നു. അങ്ങനെ വലിയൊരു നാശഗർത്തത്തിൻെറ വക്കിൽ ആരുടേയും സഹതാപമോ അനുകമ്പയോ കൂടാതെ ഏകനായി കഴിയണം.

## അഞ്ച്

അങ്ങനെ ഒരുമാസം കടന്നുപോയി. പിന്നെയും ഒന്നുകൂടെ. ഇവാൻ ഇലിയിച്ചിൻെറ ഭാര്യാസഹോദരൻ അവിടെ വന്നു. അതു് പുതുവർഷാരംഭത്തിനു മുമ്പാണു്. ഇവാൻ ഇലിയിച്ച് കോടതിയിൽനിന്നും തിരിച്ചുവന്നു. തൻെറ മുറിയിൽ കയറിയപ്പോൾ ആരോഗ്യവാനും ദൃഢഗാത്രനുമായ ഭാര്യാസഹോദരൻ പെട്ടിയും മററും അഴിച്ചുവയ്ക്കുന്നതു കണ്ടു. ഇവാൻ ഇലിയിച്ചിൻെറ കാലൊച്ചകേട്ടു് അയാൾ തലയുയർത്തി നോക്കി—ഒരു നിമിഷംമാത്രം. അയാൾ യാതൊന്നും സംസാരിച്ചില്ല. ആ നോട്ടം പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു. ആശ്ചര്യഭരിതമായ സ്വരം താനേ ഉയർന്നുവെങ്കിലും അയാൾ സ്വയം നിയന്ത്രിച്ചു. അതു് കാര്യം കുറേക്കൂടി വഷളാക്കിയതേയുള്ളു.

"ഞാൻ വളരെ മാറിപ്പോയി, അല്ലേ?"

"അതെ, മാററമുണ്ടു്."

അതിനുശേഷം എത്രശ്രമിച്ചിട്ടും ഭാര്യാസഹോദരനെ തൻെറ ആരോഗ്യവിഷയത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞില്ല.

പ്രസ്കോവ്യ ഫെഡറോവ്നാ കടയിൽനിന്നും

സാമാനങ്ങൾ വാങ്ങി വീട്ടിൽ വന്നപ്പോൾ സഹോദരൻ അവളുടെ അടുത്തുചെന്നു. ഇവാൻ ഇലിയിച്ച് കണ്ണാടിയിൽ തൻെറ രൂപം നോക്കി. നേരേനിന്നും ചരിഞ്ഞു നിന്നും നോക്കി. താൻ ഭാര്യയുമായെടുത്ത ഫോട്ടോയും കണ്ണാടിയിൽക്കണ്ട രൂപവും തമ്മിൽ താരതമ്യപഠനം നടത്തി. തനിക്കു വലിയമാററം ഉണ്ടായിരിക്കുന്നു എന്നയാൾ കണ്ടു കൈമുട്ടുവരെ ഉടുപ്പുമാററിനോക്കി. അതെല്ലാം കഴിഞ്ഞു കസേരയിൽ ഇരുന്നപ്പോൾ അയാളുടെ മുഖമാകെ കറുത്തുപോയി.

"ഇതു പാടില്ല" എന്നു തന്നത്താൻ പറഞ്ഞുകൊണ്ടു് ചാടിയെഴുന്നേററു മേശയ്ക്കരികിൽച്ചെന്നു് കോടതിരേഖകൾ വായിക്കാൻ തുടങ്ങി. പക്ഷേ, മനസ്സ് വായനയിൽ നിറുത്താൻ അയാൾക്കു കഴിഞ്ഞില്ല. കതകുതുറന്നു സ്വീകരണമുറിയിൽ കയറി. അടുത്തമുറിയുടെ വാതിൽ അടച്ചിട്ടിരിക്കുകയായിരുന്നു. ഇവാൻ ഇലിയിച്ച് വാതിലിനടുത്തുചെന്നുനിന്നു് അകത്തുനടന്ന സംഭാഷണം ശ്രദ്ധിച്ചു:

"ചേട്ടൻ വലുതാക്കിപ്പറയുകയാണു്." പ്രസ്കോവ്യ ഫെഡറോവ്നായുടെ ശബ്ദമായിരുന്നു അതു്.

"വലുതാക്കിപ്പറയുന്നോ? നിനക്കതു കാണാൻ വയ്യേ? ഇവാൻ ഇലിയിച്ച് മരിച്ചവനെപ്പോലെയാണിരിക്കുന്നതു്! കണ്ണുകണ്ടോ? യാതൊരു പ്രകാശവുമില്ല. എന്താണു് തകരാറു്?"

"ആക്കറിയാം? നിക്കൊലോവിച്ച് (ഡോക്ടർ) എന്തോ പറഞ്ഞു. എനിക്കൊന്നും മനസ്സിലായില്ല. ലെഷ്ചെട്സ്കി (ഡോക്ടർ) മറെറന്തോ ആണു് പറഞ്ഞതു്."

ഇവാൻ ഇലിയിച്ച് നിശ്ശബ്ദനായി തൻെറ മുറി

യിൽ ചെന്നുകിടന്നു. "വൃക്കത്തിനാണു് തകരാറു്, വൃക്കം മിതക്കുകയായിരിക്കും." വൃക്കത്തിൻെറ ബന്ധം അററു് അതു് എങ്ങനെ ആടിക്കൊണ്ടിരിക്കുന്നു എന്നതിനെപ്പററി എല്ലാ ഡോക്ടർമാരും പറഞ്ഞതു് അയാറം ഓർത്തുനോക്കി. ഭാവനാശക്തികൊണ്ടു് ആ വൃക്കത്തെ പിടിച്ചുനിർത്തി ബന്ധിക്കാൻ ശ്രമിച്ചു. 'പീററർ ഇവാനോവിച്ചിനെ (അയാളുടെ സുഹൃത്തായി ഒരു ഡോക്ടർ ഉണ്ടായിരുന്നു) കാണാൻ പോകാം' എന്നു തീരുമാനിച്ചിട്ടു പുറപ്പെട്ടു.

ദുഃഖവും അനുകമ്പയും നിറഞ്ഞസ്വരത്തിൽ ഭാര്യ ചോദിച്ചു: "എവിടെയാണു് പോകുന്നതു്?"

ഈ അനുകമ്പ അയാളെ അരിശംകൊള്ളിച്ചു. ഗൗരവം ഭാവിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു പീററർ ഇവാനോവിച്ചിനെ ഒന്നു കാണണം."

അയാറം പീററർ ഇവാനോവിച്ചിനെ ചെന്നുകണ്ടു. രണ്ടുപേരും ഡോക്ടറെ തിരക്കി പുറപ്പെട്ടു. ഇവാൻ ഇലിയിച്ചും ഡോക്ടരും വളരെനേരം സംസാരിച്ചു.

രോഗത്തിൻെറ വിശദാംശങ്ങറം ശാസ്ത്രീയമായി വിശദീകരിച്ചു കേട്ടപ്പോറം ഇവാൻ ഇലിയിച്ചിനു് എല്ലാം മനസ്സിലായി.

കുടലിലുള്ള കുഴപ്പമാണു് ഇതിനെല്ലാററിനും കാരണം എന്നു് ഡോക്ടർ പറഞ്ഞു. അതു മാററാൻ മാർഗ്ഗമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇവാൻ ഇലിയിച്ച് വീട്ടിലെത്തിയപ്പോറം കുറെ ഉത്സാഹം വീണ്ടുകിട്ടിയതായി തോന്നി. പക്ഷേ, അതുകഴിഞ്ഞു വളരെനേരം ജോലിചെയ്യാൻ മനസ്സ വഴങ്ങിയില്ല. ജോലിചെയ്യാൻ ആരംഭിച്ചപ്പോറംത്തന്നെ എന്തോ പ്രധാനപ്പെട്ട കാര്യം ശ്രദ്ധിക്കുന്നില്ല എന്ന ബോധം മനസ്സിലുണ്ടായിരുന്നു.

MADRAS UNIVERSITY LIBRARY -5 APR 2003 CHENNAI-600 005

ഈ പ്രധാനകാര്യം തൻെറ കുടലിനെപ്പററിയതാണെന്നു് അയാൾ ഓത്തു. പതിനൊന്നുമണിയായപ്പോൾ ശയനമുറിയിൽ ചെന്നു. രോഗാരംഭത്തിനുശേഷം എപ്പോഴും ഈ മുറിയിലാണു് കിടന്നുറങ്ങിയിരുന്നതു്. വസ്ത്രമുരി കിടന്നു. സോളയുടെ ഒരു നോവൽ വായിക്കാൻ ശ്രമിച്ചു, പക്ഷേ, വായിക്കുന്നതിനുപകരം അയാൾ സങ്കല്പമേഖലയിൽ അലഞ്ഞുതിരിയുകയാണുണ്ടായതു്. ഭാവനയിൽ തൻെറ കുടലിൻെറ കുഴപ്പംതീൻ പഴയപടി പ്രവത്തനം തുടരുന്നതു് അയാൾ കണ്ടു.

അയാൾ സ്വയം പറഞ്ഞു: 'അതെ, പ്രകൃതിയുടെ പ്രവത്തനത്തെ സഹായിച്ചാൽ മതി. അത്രേവേണ്ടു.' മരുന്നിനെപ്പററി ഓത്തപ്പോൾ എണീററു മരുന്നുകുടിച്ചിട്ടു വന്നു മലന്നുകിടന്നു. മരുന്നിൻെറ രോഗശമന പ്രവത്തനത്തെപ്പററി സങ്കല്പത്തിൽ കാണാൻ തുടങ്ങി. വേദന കുറയുമെന്നു് അയാൾ ആശിച്ചു. 'ഇതു തുടർച്ചയായി കഴിച്ചാൽമതി. ഇപ്പോഴേ ഭേദമാണു്. വളരെ ഭേദമാണു്.' വയററിൽ തൊട്ടുനോക്കി. അത്ര വേദന തോന്നിയില്ല. 'കണ്ടോ, തീരെ വേദനയില്ല. ഞാൻ സുഖപ്പെടാൻ തുടങ്ങിയിരിക്കുന്നു.' 'കുടൽ നേരെയാകുന്നുണ്ടു'' എന്നു വിചാരിച്ചിട്ടു് അയാൾ വിളക്കണെച്ചു് വലത്തോട്ടു ചരിഞ്ഞു കിടക്കുന്നു. പെട്ടെന്നു് ആ പഴയ രൂക്ഷമായ, ക്രൂരമായ വേദന അനുഭവപ്പെട്ടു. വായ്ക്കു് അരുചിയും തോന്നി. അയാൾ നിരാശനായി. ദുഃഖാത്തനായി. 'എൻറീശ്വരാ! പിന്നെയും ഇതാ വന്നിരിക്കുന്നു! ഇതൊരിക്കലും മാറുകയില്ല.' പെട്ടെന്നു പ്രശ്നം മറെറാരു രൂപത്തിൽ മുമ്പിൽവന്നു: 'കുടൽ! വൃക്കം! ഇതു കുടലിൻെറയും വൃക്കത്തിൻെറയും പ്രശ്നമൊന്നുമല്ല. ഇതു ജീവനെ[illegible]യും പ്രശ്നമാണു്. അതെ,

MUL 221818
221818 0142
LIBRARY
18 JUN 1969

എൻെറ ജീവൻ അല്പാല്പമായി ക്ഷയിക്കുകയാണ്. എനിക്കതു തടഞ്ഞുനിർത്താൻ സാദ്ധ്യമാകുന്നില്ല. അതെ, സ്വയം വഞ്ചിക്കേണ്ട ആവശ്യമെന്താണ്? ഞാനൊഴിച്ചു മററുള്ളവക്കെല്ലാം അതറിയാം. ഞാൻ മരിച്ചുകൊണ്ടിരിക്കുന്നു. കുറെ ദിവസങ്ങൾ, അല്ലെങ്കിൽ കുറെ ആഴ്ചകൾ വേണ്ടിവരും. ഈ നിമിഷംപോലും മരിച്ചേക്കാം. കുറെ മുമ്പു പ്രകാശമുണ്ടായിരുന്നു. ഇപ്പോൾ ഇരുട്ടാണ്. കുറെ മുമ്പു ഞാൻ ഇവിടെയുണ്ടായിരുന്നു; ഇപ്പോൾ അവിടെ പോവുകയാണ്. എവിടെ?' അയാളുടെ സിരാകൂടമാകെ തണുത്തു. ശ്വാസം നിലച്ചു. ഹൃദയം മിടിക്കുന്നതുമാത്രം അയാൾക്കു സ്പഷ്ടമായി കേൾക്കാമായിരുന്നു.

'ഞാൻ മരിച്ചുകഴിഞ്ഞാൽ എന്തുണ്ടാകും? ഒന്നുമുണ്ടാവുകയില്ല. മരിച്ചാൽ ഞാൻ എവിടെപ്പോകും? ഇതു മരണമാണോ? ഇല്ല, എനിക്കു മരിക്കേണ്ട.' അയാൾ ചാടിയെഴുന്നേററു മെഴുകുതിരി കത്തിക്കാൻ ആഞ്ഞു. വിറയ്ക്കുന്ന കൈകളോടെ തപ്പി. മെഴുകുതിരി താഴെയിട്ടു. വീണ്ടും കിടക്കയിൽ മലൻവീണു.

'അതിൻെറ ആവശ്യമെന്താ? ഒന്നുമില്ല' എന്നു തന്നത്താൻ പറഞ്ഞുകൊണ്ടു് ഇരുട്ടിൽക്കൂടി തുറിച്ചു നോക്കി. 'മരണം. അതെ മരണം. അതെന്താണെന്നു് ആക്കും അറിയാൻ പാടില്ല. അതറിയണമെന്നു് ആക്കും ആഗ്രഹമില്ലതാനും, ആക്കും എന്നോടു് അനുകമ്പയില്ല. അവക്കു് ഉല്ലാസലീലയാണ്.' (കതകിനിടയിൽക്കൂടി ദൂരെനിന്നും ഗാനവും സംഗീതയന്ത്രത്തിൻെറ ശബ്ദവും കേൾക്കുന്നു.) 'അവക്കു യാതൊരു ചിന്തയുമില്ല. അവരും മരിക്കും. വിഡ്ഢികൾ! ഞാൻ ആദ്യം,

അവർ പിന്നീട്. എന്നിട്ടും അവക്കു യാതൊരു കുലുക്കവു മില്ല. ഉല്ലസിച്ചു മദിക്കുകയാണു്—മൃഗങ്ങൾ!'

ക്രോധാവേശം അയാളുടെ സ്ഥിതിയെ കുറേക്കൂടി വഷളാക്കി. 'എങ്കിലും ഈ ഭയങ്കര അനുഭവം എല്ലാവ ക്കും ഉണ്ടാവുകയില്ല, തീർച്ചതന്നെ.'

'എന്തോ തകരാറുണ്ട്. ഞാൻ കുറേക്കൂടി ശാന്ത നാകണം. ആദ്യംമുതലുള്ള കാര്യങ്ങൾ ചിന്തിക്കണം. അതെ, രോഗത്തിൻെറ ആരംഭം. എൻെറ ഒരുവശം ഇടിച്ചതാണു്. പക്ഷേ, അന്നും പിറേറദിവസവും യാ തൊരു കുഴപ്പവുമുണ്ടായില്ല. കുറെ ദിവസങ്ങൾ കഴിഞ്ഞ പ്പോൾ വേദനതുടങ്ങി, വദ്ധിച്ചു. ഞാൻ ഡോക്ടർമാരെ കണ്ടു. മനോവേദനയും ആരംഭിച്ചു. പല ഡോക്ടർമാരെ കണ്ടു. പക്ഷേ, ഞാൻ നാശഗത്തത്തെ സമീപിച്ചുകൊ ണ്ടുതന്നെയിരുന്നു. എൻെറ ബലം ക്രമേണ ക്ഷയിച്ചു. ഇപ്പോൾ നിശ്ശേഷം ക്ഷയിച്ചിരിക്കുന്നു. എന്റെ കണ്ണുക ളിൽ പ്രകാശമില്ല. ഇതു മരണംതന്നെ. ഭേദമാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു—പക്ഷേ, മരണം വളരെ അടു ത്തെത്തിക്കഴിഞ്ഞിരിക്കുന്നു! ഇതു് മരണംതന്നെയാ ണോ?'

വീണ്ടും അയാൾ ഭയഗ്രസ്തനായി. ശ്വാസം തടയ പ്പെട്ടു. ചരിഞ്ഞുകിടന്നുകൊണ്ടു് തീപ്പെട്ടി തപ്പാൻ തു ടങ്ങി. കിടക്കയ്ക്കടുത്തുള്ള സ്റ്റാൻഡിൽ തട്ടി അയാളുടെ ശരീരം വേദനിച്ചു. അരിശം ആളിക്കത്തി. സ്റ്റാൻഡ് തട്ടിത്താഴെയിട്ടു. ശ്വാസംമുട്ടി നിരാശയോടെ മലൎന്നുകി ടന്നു. മരണം അടുത്തനിമിഷം വരുമെന്നു പ്രതീക്ഷിച്ചു.

മുറിയിൽ എന്തോ വീഴുന്ന ശബ്ദംകേട്ടു് പ്രസ്കോ വ്യ ഫെഡറോവ്നാ അകത്തുവന്നു.

"എന്തുണ്ടായി?"

"ഒന്നുമില്ല. സ്റ്റാൻഡ് എൻെറ കൈതട്ടി താഴെ വീണു."

അവൾ പുറത്തുപോയി. ഒരു മെഴുകുതിരിയുമായി തിരിച്ചെത്തി. അയാൾ ആയിരംഗജം മത്സരഓട്ടം ഓടിയ മനുഷ്യനെപ്പോലെ കിടന്നു കിതയ്ക്കുകയായിരുന്നു. അയാൾ അവളെ തുറിച്ചുനോക്കി.

അവൾ ചോദിച്ചു: "എന്തുവേണം?"

"ഒന്നുമില്ല. ഞാൻ അതു തള്ളിയിട്ടു." (അയാൾ വിചാരിച്ചു: എന്തിനു വല്ലതും പറയണം? അവൾക്കൊന്നും മനസ്സിലാവുകയില്ല.)

യഥാർത്ഥത്തിൽ അവൾക്കൊന്നും മനസ്സിലായില്ല. അവൾ സ്റ്റാൻഡ് എടുത്തു നേരെവച്ചു മെഴുകുതിരി കത്തിച്ചിട്ട് സന്ദർശകരെ യാത്രയയയ്ക്കാൻപോയി. അവൾ തിരിച്ചുവന്നപ്പോൾ അയാൾ മുകളിൽ നോക്കിക്കൊണ്ട് മലർന്നു കിടക്കുകയായിരുന്നു.

"എന്താ, വേദന കൂടുതലായി തോന്നുന്നുണ്ടോ?"

"അതെ."

"ലെഷ്ചെററ്സ്കിയെ ഇവിടെവരുത്തി കാണിക്കണമെന്നാണെനിക്കു തോന്നുന്നതു്."

ആ പ്രസിദ്ധഡോക്ടരെ വീട്ടിൽ വരുത്തുക വലിയ ചെലവാണ്. അയാൾ വെറുപ്പുകാണിക്കുന്നതരത്തിൽ ചിരിച്ചിട്ടു പറഞ്ഞു: "വേണ്ട." അവൾ കുറേനേരം ഇരുന്നിട്ട് അയാളുടെ നെററിയിൽ ചുംബിച്ചു.

അവൾ ചുംബിച്ചപ്പോൾ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും അവളെ അയാൾ കഠിനമായി വെറുത്തു.

തള്ളി ദ്ദൂരെമാററാൻ ആഞ്ഞുവെങ്കിലും വളരെ പണി പ്പെട്ടു സ്വയം നിയന്ത്രിച്ചു.

"ദൈവം നല്ല ഉറക്കം തരട്ടെ."

"ഉം."

## ആറ്

ഓരോ ദിവസം കഴിയുന്തോറും താൻ മരണത്തിൻെറ വായിലേക്കു വഴുതിവീണുകൊണ്ടിരിക്കുകയാണെന്ന് ഇവാൻ ഇലിയിച്ചിന് ബോദ്ധ്യപ്പെട്ടു. അയാശം കഠിനമായ വിഷാദത്തിനിരയായി.

താൻ മരിക്കുകയാണെന്ന ബോധം അയാളുടെ ഹൃദയത്തിൻെറ അടിത്തട്ടിലുണ്ടായിരുന്നു. പക്ഷേ, ആ വിചാരം അയാശക്കു ശീലമുള്ളതായിരുന്നതുകൊണ്ട് അതിനെ ശരിക്കു മനസ്സിലാക്കാൻ അയാശക്കു കഴിഞ്ഞില്ല.

കെസവെറററുടെ 'യുക്തിചിന്ത' എന്ന പുസ്തകത്തിൽ 'കെയസ് മനുഷ്യനാണ്, മനുഷ്യരെല്ലാം മരിക്കും, അതുകൊണ്ടു കെയസും മരിക്കും' എന്ന വാക്യം അയാശം വായിച്ചിരുന്നു. അതു കെയസിനെ സംബന്ധിച്ചിടത്തോളം ശരിയാണെങ്കിലും ഇവാൻ ഇലിയിച്ചിനെ സംബന്ധിച്ചിടത്തോളം തീർച്ചയായും തെററാണെന്ന് അയാശം വിചാരിച്ചിരുന്നു. കെയസ്—കേവലമനുഷ്യൻ—മരിക്കുമെന്നകാര്യം വ്യക്തംതന്നെ. പക്ഷേ, താൻ കെയസല്ല—കേവലമനുഷ്യനല്ല—മറെറല്ലാവരെയുംകാശം വ്യത്യസ്തനായി സൃഷ്ടിക്കപ്പെട്ടവനാണ് എന്നായിരുന്നു അയാളുടെ വിചാരം. അയാശം ബാലനായ വാന്യായായിരുന്നിട്ടുണ്ട്. അമ്മ, അച്ഛൻ, മിത്യ, വോലഡ്യ, വണ്ടിക്കാരൻ, ആയ, കാറെറൻകാ ഇവരെ

ല്ലാം അയാളുടെ ജീവിതത്തിൽ മുദ്ര പതിപ്പിച്ചിട്ടുള്ള വരാണ്. ശൈശവം, ബാല്യം, യൗവനം എന്നീ ഘട്ടങ്ങളിലെ എല്ലാ സുഖദുഃഖങ്ങളും അയാളെ നേരിട്ടിട്ടുണ്ട്. വാന്യായ്ക്കു വളരെ ഇഷ്ടമായിരുന്ന തോൽപന്തിൻെറ മണം കെയസ് അറിഞ്ഞിട്ടുണ്ടോ? തൻെറ അമ്മയുടെ കൈ താൻ ചുംബിച്ചിട്ടുള്ളതുപോലെ കെയസ് ചെയ്തിട്ടുണ്ടോ? അപ്പം മോശമായിരുന്നപ്പോൾ തന്നെപ്പോലെ കെയസ് ബഹളംകൂട്ടിയിട്ടുണ്ടോ? കെയസിനു തന്നെപ്പോലെ സ്നേഹിക്കാൻ കഴിഞ്ഞിട്ടുണ്ടോ? തന്നെപ്പോലെ കോടതിയിൽ ഉദ്യോഗം നിർവ്വഹിച്ചിട്ടുണ്ടോ? 'കെയസ് നശ്വരനാണ്, അയാൾ മരിക്കുന്നതും സ്വാഭാവികംമാത്രം. പക്ഷെ, എനിക്ക്, വാന്യായ്ക്ക്, ഇവാൻ ഇലിയിച്ചിന് അതു വ്യത്യസ്തമാണ്. ഞാൻ മരിക്കണമെന്നില്ല. അതു ഭയങ്കരമാണ്.'

ഇതായിരുന്നു അയാളുടെ വിചാരം.

'ഞാൻ കെയസിനെപ്പോലെ മരിക്കുമെങ്കിൽ ഞാനതു് അറിഞ്ഞിരിക്കും. എൻെറ ആന്തരികശബ്ദം എന്നെ അതറിയിച്ചിരിക്കും. പക്ഷേ, എനിക്കും സുഹൃത്തുക്കൾക്കും കാര്യം വ്യത്യസ്തമെന്നാണു തോന്നിയതു്. അതുണ്ടാവുകയില്ല. പക്ഷെ, ഇതാ അതിവിടെയെത്തിയിരിക്കുന്നു. അതെങ്ങനെ പററി? മനസ്സിലാക്കാൻ പ്രയാസം.'

അയാൾക്കതു ശരിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ ഈ തെററായ, അനാരോഗ്യകരമായ വിചാരത്തെ ആട്ടിപ്പായിച്ചിട്ട് ആരോഗ്യകരമായ വിചാരം മനസ്സിൽ നിറയ്ക്കാൻ ശ്രമിച്ചു. പക്ഷെ, ആ ചിന്ത, ചിന്തമാത്രമല്ല യാഥാർത്ഥ്യംപോലും അയാളെ നേരിടുകതന്നെ ചെയ്തു.

ആ ചിന്തയെ നശിപ്പിക്കാൻ അയാഠം മറ്റനവധി വിചാരങ്ങളെ സഹായത്തിനു വിളിച്ചു. മരണചിന്ത യിൽനിന്നും മോചനംനേടാൻ പണ്ടു് അയാളെ സഹാ യിച്ചിരുന്ന പലതിനെയും തിരഞ്ഞുപിടിച്ചു. പക്ഷേ, അത്ഭുതമെന്നുതന്നെ പറയട്ടെ; പണ്ടു മരണത്തെ ഒളി ച്ചുവയ്ക്കാനും മറയ്ക്കാനും ഉപകരിച്ചിരുന്ന ചിന്തകഠംക്കു് ഇപ്പോഠം ആ കഴിവില്ലാതായിത്തീന്നിരിക്കുന്നു.

ആ പഴയ ചിന്താസരണിയെ വീണ്ടെടുക്കാൻ അ യാഠം സമയത്തിന്റെ ഭൂരിഭാഗവും ചെലവാക്കി. എല്ലാ സംശയങ്ങളും മാററിവച്ചിട്ടു് അയാഠം കോടതിയിൽ പ്പോയി സഹപ്രവത്തകരുമായി സംഭാഷണത്തിലേപ്പെ ട്ടും. പഴയപോലെ ഇരുന്നു് കോടതിയിൽക്കൂടിയ കൂട്ട ത്തെ നോക്കും. സഹപ്രവത്തകരുടെ അടുത്തു കുനിഞ്ഞു കടലാസെടുക്കുന്നതിനിടയിൽ അടക്കിയ ശബ്ദത്തിൽ സംസാരിക്കും. പെട്ടെന്നു നിവന്നിരുന്നു കോടതി നട പടികളിൽ പങ്കുകൊള്ളും.

പക്ഷേ, കേസുനടന്നുകൊണ്ടിരിക്കുമ്പോഠം അതി നെ തീരെ അവഗണിച്ചുകൊണ്ടു പഴയ രൂക്ഷമായ വേദ ന ആരംഭിക്കും. വേദനയെപ്പററി ചിന്തിക്കാതിരിക്കാൻ അയാഠം ശ്രമിക്കും. പക്ഷേ, നിഷ്ഫലം. അതു വന്നു് അയാ ളുടെ മുമ്പിൽനിന്നുകൊണ്ടു് അയാളെ തുറിച്ചുനോക്കും. അയാഠം ഭയഗ്രസ്തനാകും. കണ്ണുകളിലെ പ്രകാശം താനേ കെടും. ഈ ലോകത്തിൽ അതു മാത്രമാണോ സത്യമെ ന്നു് അയാഠം സ്വയം ചോദിക്കും. കൂട്ടുകാർ ഈ സമത്ഥ നായ ജഡ്ജി കുഴങ്ങുന്നതും തെററുകാണിക്കുന്നതും ആശ്ച ര്യ്യചകിതരായി നോക്കിനില്ക്കും. അയാഠം കസേരയിലി രുന്നു തിരിയും. സ്വസ്ഥനാകാൻ ശ്രമിക്കും. അവസാനം വല്ലവിധേനയും കോടതിനടപടികഠം അവസാനിപ്പി

ച്ചിട്ടു വീട്ടിലേക്കു മടങ്ങും. മരണബോധത്തെ തന്നിൽ നിന്നും അകററിനിർത്താൻ കോടതിനടപടികൾക്കു കഴി ഞ്ഞിട്ടില്ലെന്ന ബോധത്തോടെ അയാൾ വീട്ടിലെത്തും.

ആ വേദനാജന്യമായ ചിന്ത അയാളുടെ ശ്രദ്ധയെ എപ്പോഴും തന്നിലേക്കാകർഷിച്ചിരുന്നു. എന്തെങ്കിലും പരിഹാരമുണ്ടാക്കാനല്ല; അതിനെ നേരിട്ടു മുഖത്തിൽ നോക്കാൻ, നോക്കി യാതൊന്നും ചെയ്യാൻ കഴിയാതെ അവർണ്ണനീയമായ വിഷമം അനുഭവിക്കാനാണ് അതു നിർബ്ബന്ധിച്ചിരുന്നതു്. ഇതായിരുന്നു ഏററവും ദുഃഖ ജനകമായ കാര്യം.

ഈ അവസ്ഥയിൽനിന്നും രക്ഷപ്രാപിക്കാൻവേ ണ്ടി ഇവാൻ ഇലിയിച്ച് പുതിയ അഭയകേന്ദ്രങ്ങളെ, പുതിയ മറകളെ, തേടിപ്പിടിച്ചു. പുതിയ മറകൾ അല്പ നേരത്തേക്കു് അയാൾക്കു് ആശ്വാസം നല്കും; പക്ഷേ, പെട്ടെന്നു് അതു കീറിവീഴും—അല്ലെങ്കിൽ കണ്ണാടി പോലെയായിത്തീരും—യാതൊന്നിനെ ഭയപ്പെട്ടുവോ അതിനെ അതിൽക്കൂടി കാണാറാകും. അതിനെ യാതൊന്നിനും മറച്ചുവയ്ക്കാൻ സാദ്ധ്യമല്ലെന്നുതോന്നി.

അയാൾ തന്നത്താനെ അലങ്കരിച്ചുവച്ച സ്വീകര ണമുറിയിൽ പ്രവേശിക്കും. അവിടെവച്ചാണു് അയാൾ വീഴാൻഭാവിച്ചതു്. വിധിയുടെ ക്രൂരമായ പരിഹാസം ഓർത്തുനോക്കു. ആ ചെറിയ വീഴ്ച അയാളുടെ ജീവനെ പണയപ്പെടുത്തിയിരിക്കുന്നു. ആ വീഴ്ചയാണു് തൻെറ രോഗകാരണമെന്നു് അയാൾ മനസ്സിലാക്കിക്കഴിഞ്ഞി രുന്നു. മേശപ്പുറത്തു മിനുസപ്പെടുത്തിയ ഭാഗത്തിൽ വര വീണിട്ടുണ്ടെന്നു കാണും. അതിനു കാരണം അവിടെ വച്ചിരുന്ന ആൽബമാണെന്നു് അയാൾക്കു തോന്നും. ആൽബത്തിലെ ഫോട്ടോകൾ മാററിമറിച്ചു തലകീഴായി

വച്ചിട്ടുള്ളതു കാണുമ്പോൾ അയാൾ മകളുടെനേക്ക് ഉഗ്രമായി കയക്കും. മററൊരു സ്ഥലത്ത് അതെല്ലാം മാററിവയ്ക്കാൻവേണ്ടി ഭൃത്യനെ വിളിക്കും. ഭാര്യയോ മകളോ ആയിരിക്കും വരിക. ഭാര്യയും അയാളും വഴക്കുകൂടും. അയാൾ കോപാവേശനായിത്തീരും. ആ നിമിഷത്തിൽ അയാൾ മരണഭീതിയെ മറന്നുപോകും; അതു് അപ്പോൾ അപ്രത്യക്ഷമാകും.

പക്ഷേ, അയാൾ എന്തെങ്കിലും സാധനം തനിച്ചെടുത്തുമാററുമ്പോൾ ഭാര്യ പറയും: "വേലക്കാർ ചെയ്യട്ടെ. നിങ്ങൾക്കു വേദനയുണ്ടാകും." പെട്ടെന്നു മരണചിന്ത തിരശ്ശീലകീറിക്കൊണ്ടു വരും. അയാൾ അതിനെക്കാണും. അതു് ഉടൻ അപ്രത്യക്ഷമാകുമെന്നു് അയാൾ ആശിക്കും. പക്ഷേ, സ്വയം കൈ വശത്തോട്ടു പോകും. 'അതു് ഇവിടെത്തന്നെയുണ്ടു്! പഴയപോലെ.' അയാൾക്കു പിന്നെ മറക്കാൻ സാദ്ധ്യമല്ലാതാകും.

'ജനലിനു തിരശ്ശീലയിട്ടപ്പോഴാണു് ഞാൻ എൻെറ ജീവൻ പണയപ്പെടുത്തിയതു്. അതു സാദ്ധ്യമാണോ? അതെത്ര ഭയങ്കരവും എത്ര പരിഹാസ്യവുമാണു്. അതു സത്യമാകാൻ തരമില്ല—ഒരിക്കലും... പക്ഷേ, അതു സത്യമാണു്.' അയാൾ മുറിയിൽ ചെന്നു കിടക്കും. വേദനയോടൊപ്പം ഏകനായി അതിൻെറ മുഖത്തോട്ടുമുഖം നോക്കിക്കൊണ്ടു നിസ്സഹായനായി കിടക്കും. അതിനെക്കണ്ടു ഭയത്രസ്തനാവുകയല്ലാതെ മററൊന്നും സാദ്ധ്യമായിരുന്നില്ല.

## ഏഴ്

അതെങ്ങനെ സംഭവിച്ചുവെന്നുപറയാൻ സാദ്ധ്യമല്ല; അത്ര സാവധാനത്തിലും ആരും ശ്രദ്ധിക്കാതെയുമാണ് അതുണ്ടായത്. ഇവാൻ ഇലിയിച്ചിന്റെ രോഗം മൂന്നാം മാസത്തിലേക്കു കടന്നപ്പോൾ അയാളുടെ ഭാര്യ, മകൾ, മകൻ, സുഹൃത്തുക്കൾ, ഡോക്ടർമാർ, ഭൃത്യന്മാർ എന്നിവർക്കും അയാൾക്കുതന്നെയും ഒരു കാര്യം വ്യക്തമായി. താൻ എപ്പോഴാണു സ്ഥലം ഒഴിഞ്ഞുകൊടുക്കുക എന്നും തന്റെ സാന്നിദ്ധ്യംമൂലമുണ്ടാകുന്ന അസൗകര്യങ്ങളുടെയും ക്ലേശങ്ങളുടെയും പിടിയിൽനിന്നും അവരെ എപ്പോഴാണു വിമുക്തരാക്കുക എന്നും തന്റെ ദുരിതങ്ങൾക്ക് എന്ന് അറുതിവരുമെന്നും മാത്രമാണ് അവർ ചിന്തിച്ചിരുന്നതെന്ന് ഇവാൻ ഇലിയിച്ചിനു തോന്നി.

അയാളുടെ ഉറക്കം ക്രമേണ കുറഞ്ഞു. അഫീൻ കഴിച്ചുനോക്കി. ഉറക്കമരുന്നുകൾ കുത്തിവയ്പുകളും നടന്നു. പക്ഷേ, അതുകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല.

ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം പഥ്യാഹാരങ്ങൾ പാകംചെയ്യപ്പെട്ടു. കുറേക്കഴിഞ്ഞപ്പോൾ അതും അയാൾക്കു വെറുപ്പുളവാക്കി.

മലശോധനയ്ക്കു പ്രത്യേകം സജ്ജീകരണങ്ങൾ ചെയ്യപ്പെട്ടു. അത് അയാൾക്കു ജുഗുപ്സാവഹമായി ത്തോന്നി.

ഒരിക്കൽ മലശോധനകഴിഞ്ഞു നടക്കാൻപോലും കഴിയാതെ ബലഹീനനായി. ട്രൗസർ വലിച്ചിടാൻപോലും അയാൾക്കു ശക്തിയില്ലായിരുന്നു. വല്ലവിധേന അയാൾ ചാരുകസേരയിൽ വന്നുവീണു. ഭൃത്യനായ ഗെറാസിം മലപാത്രം എടുക്കാൻവന്നു. ഗെറാസിം ശുചിയും ബലവും ഉള്ളവനും എപ്പോഴും പ്രസന്നവദനനുമായി

രുന്നു. ശുചിയായ വസ്ത്രങ്ങൾ ധരിച്ചിരുന്ന ഗെറാസിം രോഗിയായ യജമാനൻെറ മനസ്സിന്ന് അസുഖം തോന്നാതിരിക്കാൻവേണ്ടി അങ്ങോട്ടുനോക്കാതെ മലപാത്രം എടുക്കാൻ പോയി.

ഇവാൻ ഇലിയിച്ച് ക്ഷീണിച്ച സ്വരത്തിൽ വിളിച്ചു: "ഗെറാസിം!"

ഗെറാസിം പെട്ടെന്നൊന്നു പരിഭ്രമിച്ചു. താൻ എന്തെങ്കിലും തെററുചെയ്തുപോയോ എന്ന വിചാരത്തോടെ മീശ കുരുത്തുവരുന്ന പ്രസന്നവദനം തിരിച്ചു വിളികേട്ടു.

"അതു നിനക്ക് ഇഷ്ടമില്ലാത്ത ജോലിയായിരിക്കണം. എനിക്കു മാപ്പുതരു, ഗെറാസിം! ഞാൻ നിസ്സഹായനാണു്."

ഗെറാസിമിൻെറ കണ്ണുകൾ പ്രകാശിച്ചു. തിളങ്ങുന്ന വെള്ളപ്പല്ലുകൾ കാട്ടിക്കൊണ്ടു പറഞ്ഞു: "എനിക്കു യാതൊരു ബുദ്ധിമുട്ടുമില്ല. ഏമാന്നു സുഖമില്ലാത്തതുകൊണ്ടല്ലേ!"

സമർത്ഥമായ കരങ്ങൾകൊണ്ടു പരിചിതമായ ജോലിചെയ്തിട്ടു് അവൻ മൃദുവായി നടന്നുപോയി. അഞ്ചുമിനിട്ടുകഴിഞ്ഞു് അവൻ തിരിച്ചുവന്നു.

ഇവാൻ ഇലിയിച്ച് ചാരുകസേരയിൽ അതേ ഇരുപ്പിൽ ഇരിക്കുകയായിരുന്നു.

"ഗെറാസിം, ഇവിടെവന്നു് എന്നെ സഹായിക്കു."

ഗെറാസിം അടുത്തുചെന്നു. "എന്നെ എടുക്കു. എനിക്കു് താനേ എഴുന്നേല്ക്കാൻ കഴിയുന്നില്ല."

ഗെറാസിം അയാളുടെ അടുത്തുചെന്നു് തൻെറ ബലിഷ്ഠമായ കൈകൾകൊണ്ടു് മൃദുവായി അയാളെ പൊക്കിയെടുത്തു് ഒരു കൈകൊണ്ടു താങ്ങിപ്പിടിച്ചശേഷം

ട്രൗസർ വലിച്ചുകയററിക്കൊടുത്തു. എന്നിട്ട് അയാളെ ഇരുത്താൻ ഭാവിച്ചു. പക്ഷേ, ഇവാൻ ഇലിയിച്ച് തന്നെ സോഫയിലേക്കു കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. ഗെറാസിം യാതൊരു വിഷമതയും കൂടാതെ സോഫവരെ നടത്തി. അതിൽ കിടത്തി.

"നീ എത്ര ഭംഗിയായി കാര്യങ്ങൾ ചെയ്യുന്നു."

ഗെറാസിം ചിരിച്ചിട്ടു മുറിവിടാൻ ഭാവിച്ചു. പക്ഷേ, ഇവാൻ ഇലിയിച്ചിനു് അവൻെറ സാമീപ്യത്തിൽ അവാച്യമായ ഒരാശ്വാസം അനുഭവപ്പെട്ടിരുന്നു. അവനെ വിടാൻ അയാൾ ഒരുക്കമെല്ലായിരുന്നു.

"ഒരു ജോലികൂടി. ആ കസേര, ഇതല്ല—മറേറതു്, ഇങ്ങോട്ടു കാലിനടിയിൽ നീക്കിയിടു. കാലു് ഉയരത്തിലിരിക്കുമ്പോൾ സുഖമാണു്."

ഗെറാസിം കസേരകൊണ്ടുവന്നു മൃദുവായി താഴെ വച്ചു. ഇവാൻ ഇലിയിച്ച് കാൽരണ്ടും ഉയർത്തി കസേരയിൽ വച്ചു. ഗെറാസിം കാൽ ഉയർത്തിപ്പിടിച്ചപ്പോൾ തനിക്കു വളരെ ആശ്വാസമുണ്ടായതായി അയാൾക്കു തോന്നി. അയാൾ പറഞ്ഞു: "കാലു് ഉയരത്തിലിരിക്കുമ്പോൾ സുഖമാണു്. ആ മെത്ത അടിയിലിടു."

ഗെറാസിം അതുപോലെ ചെയ്തു. കാൽപൊക്കി മെത്തയുടെ മീതെ വച്ചു. ഗെറാസിം കാൽ ഉയർത്തിപ്പിടിച്ചപ്പോഴുള്ള സുഖാനുഭവം താഴെവെച്ചപ്പോൾ നഷ്ടപ്പെട്ടതുപോലെ തോന്നി.

അയാൾ ചോദിച്ചു: "ഗെറാസിം, നിനക്കു ജോലിത്തിരക്കുണ്ടോ?"

"ഏയ്, ഒന്നുമില്ല." മാന്യന്മാരോടു സംസാരിക്കേണ്ടതെങ്ങനെയെന്നു് നഗരവാസികളിൽനിന്നും പഠിച്ച ഗെറാസിം മറുപടിപറഞ്ഞു.

"നിനക്കിനി എന്താണ് ചെയ്യാനുള്ളതു്?"

"നാളത്തേക്കുള്ള വിറകു കീറുന്നതൊഴിച്ച് എല്ലാ ജോലിയും തീൎന്നിരിക്കുന്നു."

"എന്നാൽ എൻെറ കാൽ കുറേനേരം ഉയൎത്തിപ്പിടിച്ചുകൊണ്ടിരിക്കു."

ഗെറാസിം യജമാനൻെറ കാലുകൾ ഉയൎത്തിപ്പിടിച്ചുകൊണ്ടിരുന്നു. ആ സ്ഥിതിയിൽ തൻെറ വേദനയെല്ലാം അപ്രത്യക്ഷമായിരിക്കുന്നു എന്നു് അയാൾക്കു തോന്നി.

"വിറകു് എപ്പോൾ കീറും?"

"ഓ! അതിനിനി എത്രസമയമുണ്ടു്!"

അവർതമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു. അത്ഭുതമെന്നുതന്നെ പറയട്ടെ, അയാൾക്കു് അവൎണ്ണനീയമായ സുഖവും ശാന്തിയും അനുഭവപ്പെട്ടു.

അതിനുശേഷം ഇവാൻ ഇലിയിച്ച് ഗെറാസിമിനെ വിളിച്ചുവരുത്തി അവൻ്റെ തോളിൽ കാലിട്ടിരുന്നുകൊണ്ടു് അവനുമായി സംസാരിക്കും. ഗെറാസിം അതെല്ലാം സ്വമനസ്സാലെ നിൎവ്വഹിക്കുന്നതുപോലെ ചെയ്യും. അവൻ്റെ സന്മനസ്സ് ഇവാൻ ഇലിയിച്ചിൻെറ ഹൃദയത്തെ സ്പർശിച്ചു. മററുള്ളവരുടെ ആരോഗ്യവും ബലവും ഓജസ്സും സാധാരണഗതിയിൽ അയാളെ രോഷാകുലനാക്കിയിരുന്നു. പക്ഷേ, ഗെറാസിമിൻെറ ബലവും ഓജസ്സും അയാളെ വ്രണപ്പെടുത്തുന്നതിനു പകരം സാന്ത്വനപ്പെടുത്തുകയാണുണ്ടായതു്.

താൻ മരിക്കുന്നില്ലെന്നും സുഖക്കേടു കുറേനാൾ വിശ്രമിച്ചു ചികിത്സിച്ചാൽ ഭേദപ്പെടുമെന്നുമുള്ള പച്ചക്കള്ളം മറെറല്ലാവരും എന്തോ കാരണത്താൽ വിശ്വസി

ക്കുന്നതുപോലെ ഭാവിച്ചിരുന്നതാണ് അയാൾക്ക് ഏററവും ദുസ്സഹമായി തോന്നിയതു്. പക്ഷേ, എന്തെല്ലാം ചെയ്താലും അതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടാവുകയില്ലെന്നും കൂടുതൽ കഷ്ടവും അവസാനം മരണവും മാത്രമേ സുനിശ്ചിതമായിട്ടുള്ളു എന്നും അയാൾക്ക് അറിയാമായിരുന്നു. മററുള്ളവരുടെ വഞ്ചനയാണ്—താനും മററെല്ലാവരും അറിഞ്ഞ വസ്തുതകളെ പരസ്യമായി അംഗീകരിക്കാൻ കൂട്ടാക്കാതെ തന്നെയും ആ വഞ്ചനയിൽ പങ്കെടുക്കാൻ അവർ നിർബ്ബന്ധിച്ചിരുന്നതാണ് അയാൾക്ക് ഒരിക്കലും സഹിക്കാൻകഴിയാത്തതായി തോന്നിയതു്. അവരുടെ കപടഭാവങ്ങളും ആത്മാർത്ഥതയില്ലാത്ത അന്വേഷണങ്ങളുമെല്ലാം ഇവാൻ ഇലിയിച്ചിൻെറ മനഃക്ലേശത്തെ വർദ്ധിപ്പിച്ചതേയുള്ളു. പലപ്പോഴും അവരുടെ മുഖത്തുനോക്കി, കള്ളംപറയുന്നതു നിർത്തു. ഞാൻ മരിക്കുകയാണെന്നു നിങ്ങൾക്കും അറിയാം, എനിക്കും അറിയാം. പിന്നെ എന്തിനു് അതിനെ മറച്ചുവയ്ക്കുന്നു' എന്നു പറയാൻ ഭാവിച്ചിട്ടുണ്ടു്. പക്ഷേ, അതു തുറന്നുപറയാനുള്ള ധൈര്യം അയാൾക്ക് ഒരിക്കലും ഉണ്ടായില്ല.

തൻെറ മരണമെന്ന ഭയങ്കരസംഭവം മററുള്ളവരുടെ കണ്ണിൽ വെറും സാധാരണവും അതേസമയം അസുഖപ്രദവും അനുചിതവും ആയ ഒന്നാണെന്നുമാത്രമേ തോന്നിയുള്ളു. തന്നോടു് ആരും സഹതപിക്കുന്നില്ലെന്നു് അയാൾക്കു തോന്നി. അയാളുടെ അവസ്ഥ മനസ്സിലാക്കാൻതന്നെ ആരും ശ്രമിക്കുന്നില്ല. ഗെറാസിം മാത്രം അയാളുടെ അവസ്ഥ മനസ്സിലാക്കുകയും അയാളോടു സഹതപിക്കുകയും ചെയ്തു. അതുകൊണ്ടു് ഇവാൻ ഇലിയിച്ചിനു് അവൻെറ സാമീപ്യത്തിൽ മാത്രമേ സാന്ത്വനം

ലഭിച്ചിരുന്നുള്ളു. ഗെറാസിം തൻെറ കാലുകഠം ഉയൎത്തി വച്ചുകൊണ്ടിരിക്കുമ്പോഠം (ചിലപ്പോഠം രാത്രിമുഴുവനും) അയാഠംക്കു സുഖംതോന്നി. ഗെറാസിം മാത്രം കള്ളം പറഞ്ഞില്ല. കാൎയ്യങ്ങളുടെ കിടപ്പ് അവൻ മാത്രം ശരിക്കു മനസ്സിലാക്കിയിരുന്നു എന്നും സത്യം മറച്ചുവയ്ക്കേണ്ട ആവശ്യം അവൻ കണ്ടില്ലെന്നും വ്യക്തമായിരുന്നു. രോഗിയും ആസന്നമരണനുമായ തൻെറ യജമാനനോട്ട് അയാഠംക്കു സ്വാഭാവികമായ സഹതാപം തോന്നി. തൻെറ ജോലി അവന്ന് ഒരിക്കലും ഭാരമായി തോന്നിയിരുന്നില്ല. എന്തെന്നാൽ മരിക്കുന്ന മനുഷ്യനു വേണ്ടിയാണ് താൻ അതു ചെയ്യുന്നതു്—തൻെറ അവസരം വരുമ്പോഠം തനിക്കു മറ്റുവല്ലവരും അതു ചെയ്യുമെന്നു് അവൻ വിചാരിച്ചു.

ഈ വഞ്ചനയ്ക്കു പുറമെ ഇവാൻ ഇലിയിച്ചിൻെറ മനഃക്ലേശത്തിനു മറെറാരു കാരണംക്രൂടിയുണ്ടായിരുന്നു. താനർഹിക്കുന്ന സഹതാപം തനിക്കു ലഭിക്കുന്നില്ലെന്നു് അയാഠംക്കു തോന്നി. രോഗിയായ ശിശുവിനോടു സഹതപിക്കുന്നതുപോലെ തന്നോടും ആരെങ്കിലും സഹതാപം പ്രകടിപ്പിക്കുമെന്നു് (അതു പുറത്തുപറയാൻ അയാഠം ലജ്ജിച്ചിരിക്കുമെങ്കിലും) അയാഠം ആശിക്കും. തന്നെ വാത്സല്യപൂൎവ്വം ഓമനിക്കുമെന്നും ആശ്വസിപ്പിക്കുമെന്നും അയാഠം പ്രതീക്ഷിക്കും. താൻ വലിയൊരു ഉദ്യോഗസ്ഥനാണ്—തൻെറ താടി നരയ്ക്കാൻ തുടങ്ങിയിരിക്കുന്നു—അതുകൊണ്ടു തൻെറ പ്രതീക്ഷ അസ്ഥാനത്താണ് എന്നതും അയാഠംക്കറിയാമായിരുന്നു; എങ്കിലും അയാഠം അതിനുവേണ്ടി ദാഹിക്കുകതന്നെ ചെയ്തു. തൻെറ ആഗ്രഹം ഗെറാസിമിൻെറ മനോഭാവത്തിൽ പൂരിക്കുന്നതു് അയാഠം കണ്ടു; തന്മൂലം അതു് അയാളെ

സാന്ത്വനപ്പെടുത്തി. ഇവാൻ ഇലിയിച്ചിനു കരയണമെന്നു തോന്നും. തന്നെ ആരെങ്കിലും ഓമനിക്കുമെന്നും തന്നോട്ചൊല്ലി കരയുമെന്നും ആഗ്രഹിക്കും. അപ്പോഴായിരിക്കും സഹപ്രവത്തകനായ ഷെബക്ക് വരിക. സഹതാപം പ്രകടിപ്പിക്കുന്നതിനു പകരം അയാഠം വളരെ ഗൗരവമേറിയ ഭാവത്തിൽ അപ്പീൽക്കോടതിയുടെ തീരുമാനത്തെപ്പററി തൻെറ അഭിപ്രായം പറയും. അയാഠംക്കു ചുററുമുള്ള ഈ കാപട്യമാണ് അയാളുടെ അവസാന ദിവസങ്ങളെ മറെറന്തിനെക്കാളും വിഷമകരമാക്കിത്തീത്തതു്.

## എട്ട്

ഇവാൻ ഇലിയിച്ച് കണ്ണുതുറന്നപ്പോഠം നേരം വെളുത്തിരുന്നു ഗെറാസിം പൊയ്ക്കഴിഞ്ഞു. പീററർ (ഭൃത്യൻ) വന്നു വിളക്കണച്ചിട്ടു മുറി വൃത്തിയാക്കാൻ തുടങ്ങി. പക്ഷേ, പ്രഭാതവും സന്ധ്യയും വെള്ളിയാഴ്ചയും ഞായറാഴ്ചയും ഒന്നും തന്നെസംബന്ധിക്കുന്നതായി ഇവാൻ ഇലിയിച്ചിനു തോന്നിയില്ല. ശമിപ്പിക്കാൻ കഴിയാത്തതും ഒരിക്കലും തീരാത്തതുമായ കടുത്തവേദന; ജീവിതം അല്പാല്പം ക്ഷയിച്ചുകൊണ്ടിരിക്കുന്നു, പക്ഷേ, മുഴുവനായി കെട്ടിട്ടില്ല എന്ന ബോധം; ക്രൂരവും ബീഭത്സവും ഭയങ്കരവുമായ മരണമെന്ന യാഥാത്ഥ്യവുമായുള്ള ഏററുമുട്ടൽ—ഈ അവസ്ഥയിൽ ദിവസങ്ങഠംക്കും ആഴ്ചകഠംക്കും എന്തത്ഥമാണുള്ളതു്!

"ചായ കൊണ്ടുവരട്ടെ?"

'അവനു് എല്ലാം കൃത്യമായി നടക്കണമെന്നും മാന്യന്മാർ രാവിലെ ചായകുടിക്കണമെന്നും ആഗ്രഹമുണ്ടു്'

എന്നു് ഇവാൻ ഇലിയിച്ച് വിചാരിച്ചു. പക്ഷേ, "വേണ്ട" എന്നുമാത്രമേ അയാാം പറഞ്ഞുള്ളു.

"ഏമാന്നു് ആ സോഫയിൽ മാറിയിരിക്കണോ?"

'അവനു മുറിയെല്ലാം വൃത്തിയാക്കണം. ഞാൻ അതിനു തടസ്സമാണു്. ഞാൻ വൃത്തികെട്ടവനും ക്രമക്കേടുളവാക്കുന്നവനുമാണു്' എന്നു് ഇവാൻ ഇലിയിച്ച് വിചാരിച്ചു. പക്ഷേ, "എന്നെ എന്റെ പാട്ടിനു വിട്ടേക്കു" എന്നുമാത്രമേ അയാാം പറഞ്ഞുള്ളു.

ഇവാൻ ഇലിയിച്ച് കൈനീട്ടി. പീററർ വന്നു ചോദിച്ചു: "എന്താണു വേണ്ടതു്?"

"എൻെറ വാച്ചു്."

പീററർ അടുത്തുതന്നെയുണ്ടായിരുന്ന വാച്ചെടുത്തു് യജമാനൻെറ കൈയിൽ കൊടുത്തു.

"എട്ടര. അവർ എണീററോ?"

"ഇല്ല, വ്ളാഡിമിർ ഇവാനിച്ച് (മകൻ) മാത്രം എഴുന്നേറ്റു് സ്കൂളിൽ പോയിരിക്കുന്നു. ഇവിടെ അന്വേഷിച്ചാൽ ഉണർത്തണമെന്നു കൊച്ചമ്മ പറഞ്ഞിട്ടുണ്ടു്. വിളിക്കട്ടേ?"

"വേണ്ട, അതിൻെറ ആവശ്യമില്ല." 'കുറെ ചായ കുടിച്ചാലെന്താ?' എന്നയാാം ആലോചിച്ചു. എന്നിട്ട് ഉറക്കെ, "എനിക്കു കുറെ ചായ കൊണ്ടുവാ" എന്നു പറഞ്ഞു.

പീററർ കതകിനടുത്തുപോയപ്പോാം ഇവാൻ ഇലിയിച്ചിനു തനിച്ചിരിക്കാൻ ഭയംതോന്നി. 'അവനെ എങ്ങനെ ഇവിടെ പിടിച്ചുനിത്താം? ങാ, എന്റെ മരുന്നു്.' "പീററർ, എൻെറ മരുന്നൊടുക്കൂ." 'ഒരുപക്ഷേ, അതിനിയും ഗുണംചെയ്തേക്കും.' അയാാം ഒരുകരണ്ടി മരുന്നു കഴിച്ചു. 'ഇല്ല, ഇതു് യാതൊരു ഗുണവും ചെയ്യുകയില്ല.

വെറും വിഡ്ഢിത്തം. സ്വയം വഞ്ചനയാണ്.' പരിചിതവും അറപ്പുളവാക്കുന്നതുമായ ആ രുചി അനുഭവപ്പെട്ടപ്പോൾ അയാൾക്ക തോന്നി. 'എനിക്കിനി ഇതിൽ വിശ്വസിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. ഈ വേദന! ഒരു മിനിട്ടുനേരം അതൊന്നു നിലച്ചെങ്കിൽ!' അയാൾ ദയനീയമായി ഞരങ്ങി. എന്നിട്ടു പീററരോട്ട പറഞ്ഞു: "നീ പോയി കുറെ ചായകൊണ്ടുവാ."

പീറ്റർ വെളിയിൽപ്പോയി. തനിച്ചായപ്പോൾ വേദനയെക്കാൾ കൂടുതൽ ദുസ്സഹമായ മാനസികവിമ്മിഷ്ടം കൊണ്ടു ഞരങ്ങിത്തുടങ്ങി. അന്തമില്ലാത്ത രാവുകളും പകലുകളും. അതു് എളുപ്പം വന്നാൽ! ഏതു് എളുപ്പം വന്നാൽ? മരണം! ഇരുട്ട്? ഇല്ലില്ല. മരണമൊഴിച്ചു മറെറന്തും!

പീററർ ട്രേയിൽ ചായയുമായി തിരിച്ചെത്തി. ഇവാൻ ഇലിയിച്ച് വളരെ സാവധാനം കൈകളും മുഖവും കഴുകി പല്ലുതേച്ച് തലമുടി ചീകിക്കൊണ്ടു കണ്ണാടിയിൽ നോക്കി. കണ്ണാടിയിൽക്കണ്ട രൂപം അയാളെ ഭയസ്തബ്ധനാക്കിക്കളഞ്ഞു; പ്രത്യേകിച്ചും വിളറിയനെററിയിൽ തലമുടി പററിപ്പിടിച്ചിരിക്കുന്ന വിധം കണ്ടപ്പോൾ. താൻ കുപ്പായം ഊരുമ്പോൾ കണ്ണാടിയിൽ നോക്കിയാൽ കുറേക്കൂടി സംഭ്രമചിത്തനാകുമെന്നു വിചാരിച്ച് അയാൾ നോക്കിയില്ല. അവസാനം വസ്ത്രം ധരിച്ചുകൊണ്ടു ചായകഴിക്കാൻവേണ്ടി ചാരുകസേരയിലിരുന്നു. ഒരു നിമിഷനേരം അയാൾക്ക സ്വാസ്ഥ്യം കിട്ടിയതുപോലെ തോന്നി. പക്ഷേ, ചായകുടിക്കാൻ തുടങ്ങിയപ്പോൾ ആ പഴയ വേദനയും അരുചിയും തിരിച്ചുവന്നു. വളരെ പ്രയാസപ്പെട്ട് അതു കുടിച്ചുതീർത്തു. കാലുനീട്ടി കിടന്നിട്ടു പീറ്ററിനോട്ട പോകാൻപറഞ്ഞു.

സദാ ഇതുതന്നെ കഥ. ആശ്വാസത്തിൻെറ നേരിയരശ്മി പ്രകാശിക്കും; അടുത്തനിമിഷം വേദനയുടേയും നിരാശയുടേയും പ്രവാഹത്തിൽ അയാൾ മുങ്ങിപ്പോകും. തനിച്ചിരിക്കുമ്പോൾ ആരെയെങ്കിലും അടുത്തിരിക്കാൻ വിളിക്കണമെന്നു് കലശലായ ആഗ്രഹം തോന്നും. പക്ഷേ, മററാരെങ്കിലും വന്നാൽ തൻെറ നില കുറേക്കൂടി മോശമാകുമെന്നു് അയാൾക്കുതന്നെ അറിയാമായിരുന്നു. 'ബോധംകെടാൻ ഉറക്കമരുന്നു കുറേക്കൂടി കഴിക്കണം. ഈ ഡോക്ടരോടു മറെറന്തെങ്കിലും മരുന്നു തരാൻ പറയണം. ഇതങ്ങനെ തുടരാൻ സാദ്ധ്യമല്ല. തീരെ സാദ്ധ്യമല്ല.'

അങ്ങനെ ഒരു മണിക്കൂർ. പിന്നെയും ഒരു മണിക്കൂർ. വാതില്ക്കൽ മണിയടിക്കുന്ന ശബ്ദം കേൾക്കുന്നു. ഡോക്ടറായിരിക്കും. അതെ, സ്വസ്ഥനും ആരോഗ്യവാനും പ്രസന്നവദനനും തടിച്ചവനുമായ ഡോക്ടർ വരുന്നു. 'നിങ്ങൾ എന്തോ ആലോചിച്ചു വിഷമിക്കയാണു്. ഒന്നും പേടിക്കേണ്ട. ഞങ്ങളതു ശരിപ്പെടുത്തിത്തരാം!' എന്നാണു് അയാളുടെ മുഖഭാവം പറഞ്ഞിരുന്നതു്. ഈ മുഖഭാവം ഇവിടെ അസ്ഥാനത്താണെന്നയാൾക്കറിയാം. പക്ഷേ, എല്ലാവർക്കുംവേണ്ടി അതു് അണിഞ്ഞതുടുള്ളതാണു്. എടുത്തുകളയാൻ അയാൾക്കു സാദ്ധ്യമല്ല—കുറെയധികംപേരെ സന്ദർശിക്കാൻ ഫ്രാക്കുകോട്ടു് ധരിച്ചിട്ടു് ഇറങ്ങുന്ന മനുഷ്യനെപ്പോലെ.

ഡോക്ടർ കൈകൾ ചൊറുചൊറുക്കോടെ തിരുമ്മുന്നു: "ഹോ! എന്തൊരു തണുപ്പു്! വല്ലാത്ത മഞ്ഞു്! ഞാനൊന്നു ചൂടായിക്കൊള്ളട്ടെ." അയാൾ ചൂടാകുന്നതുവരെ കാത്തിരുന്നാൽ മതി, അതിനുശേഷം എല്ലാം

താൻ ശരിപ്പെടുത്തിക്കൊടുക്കുന്നുണ്ടു്—എന്ന ഭാവമായിരുന്നു അയാൾക്കു്.

"എങ്ങനെയുണ്ടു്, ഇപ്പോൾ?"

'നമ്മുടെ കാര്യങ്ങൾ എന്തായി?' എന്നു ഡോക്ടർ ചോദിക്കുമെന്നു് ഇവാൻ ഇലിയിച്ച് ആശിക്കുന്നു. പക്ഷേ, ഡോക്ടർ ചോദിക്കുന്നതു്, "രാത്രി എങ്ങനെയിരുന്നു" എന്നാണു്.

'കള്ളം പറയാൻ നിങ്ങൾക്കു യാതൊരു ലജ്ജയുമില്ലേ?' എന്നു ചോദിക്കുന്ന ഭാവത്തോടെ ഇവാൻ ഇലിയിച്ച് ഡോക്ടറെ നോക്കുന്നു. പക്ഷേ, ഈ ചോദ്യം മനസ്സിലാക്കാൻ ഡോക്ടർക്കു് ആഗ്രഹമില്ല. ഇവാൻ ഇലിയിച്ച് പറയുന്നു: "എന്നത്തേംപോലെ ഭയങ്കരം. ഈ വേദന ഒരിക്കലും എന്നെ വിട്ടുമാറുന്നില്ല. ഒന്നടങ്ങുകപോലും ചെയ്യുന്നില്ല. എന്തെങ്കിലും..."

"നിങ്ങൾ രോഗികളെല്ലാം ഇങ്ങനെതന്നെ. ങാ, ഞാനൊന്നു ചൂടായി'' എന്നു പറഞ്ഞിട്ടു് രോഗിയുടെ കൈയ് അമർത്തുന്നു. കളിഭാവം ഉപേക്ഷിച്ചിട്ടു് ഗൗരവത്തോടെ നാഡി പരിശോധിക്കുകയും ടെമ്പറേച്ചറെടുക്കുകയും ചെയ്യുന്നു.

ഇതെല്ലാം അർത്ഥമില്ലാത്തതാണെന്നും വഞ്ചനയാണെന്നും ഇവാൻ ഇലിയിച്ചിനു നല്ലവണ്ണം അറിയാം. എങ്കിലും ഡോക്ടർ താഴെയിരുന്നു് അയാളുടെ ശരീരത്തോടു കാതുചേർത്തു ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ ഇവാൻ ഇലിയിച്ച് എല്ലാം സഹിച്ചുകൊടുത്തു—കോടതിയിൽ വക്കീലന്മാർ കള്ളം പറയുന്നു എന്നറിഞ്ഞിട്ടും, എന്തിനാണു് അവർ കള്ളം പറയുന്നതെന്നറിഞ്ഞിട്ടും, അവരുടെ പ്രസംഗങ്ങൾ സഹിക്കുന്നതുപോലെ.

ഡോക്ടർ പരിശോധന തുടർന്നുകൊണ്ടിരുന്നപ്പോൾ പ്രസ്കോവ്യ ഫെഡറോവ്നായുടെ വസ്ത്രം വാതില്ക്കൽ ഉലയുന്നതുകണ്ടു. ഡോക്ടരുടെ ആഗമനം തന്നെ അറിയിക്കാത്തതെന്തെന്നു പറഞ്ഞു് അവൾ ഭൃത്യനെ ശകാരിക്കുകയായിരുന്നു.

അവൾ അകത്തു കയറിവന്നു ഭർത്താവിന്റെ കൈ ചുംബിച്ചു. എന്നിട്ടു താൻ നേരത്തേ എഴുന്നേററിരുന്നു എന്നും എന്തോ ഒരു തെററിദ്ധാരണകൊണ്ടാണു് ഡോക്ടർ വന്നയുടൻ വരാത്തതു് എന്നും തെളിയിക്കാൻ പുറപ്പെട്ടു.

ഇവാൻ ഇലിയിച്ച് അവളെ അടിമുതൽ മുടിവരെ നോക്കി. വെളുത്തുകൊഴുത്തു ശുചിയുള്ള കൈയും കഴുത്തും, ഭംഗിയായി ചീകിവച്ച മുടിയും, തിളങ്ങുന്ന കണ്ണുകളും കണ്ടപ്പോൾ തന്റെ മുഴുവൻ ഹൃദയംകൊണ്ടു് അയാൾ അവളെ വെറുത്തു. ആ വെറുപ്പുണ്ടായിരുന്നതുകൊണ്ടു് അവൾ അയാളെ സ്പർശിച്ചപ്പോൾ വേദനയും അസഹ്യതയും തോന്നി.

അയാളോടും അയാളുടെ രോഗത്തോടുമുള്ള അവളുടെ മനോഭാവം പഴയതുതന്നെയായിരുന്നു. രോഗികളുടെനേർക്കു താൻ സ്വീകരിച്ചിട്ടുള്ള പ്രത്യേകമനോഭാവം ഉപേക്ഷിക്കാൻ ഡോക്ടർ അശക്തനായിരുന്നതുപോലെ അവൾക്കും ഭർത്താവിനോടുള്ള തന്റെ മനോഭാവം മാററാൻ കഴിയുമായിരുന്നില്ല. അയാൾ ചെയ്യേണ്ടതു ചെയ്യുന്നില്ല, എല്ലാററിനും കുററക്കാരൻ അയാളാണു്, താൻ സ്നേഹപൂർവ്വം കുററപ്പെടുത്തുന്നു—ഇതായിരുന്നു അവളുടെ മനോഭാവം.

“ഞാൻ പറഞ്ഞാൽ ഒന്നും കേൾക്കുകയില്ല. കുടി

ക്കേണ്ടനേരത്തു മരുന്നുകുടിക്കുകയില്ല. കാലു മുകളിൽ വച്ചാണു കിടക്കുന്നതു്. അതു നല്ലതല്ല."

ഗെറാസിം കാലുകൾ താങ്ങുന്നതെങ്ങനെയെന്നു് അവൾ വിവരിച്ചു.

ഡോക്ടർ പുച്ഛവും സ്നേഹവും ഒന്നിച്ചു സ്ഫുരിക്കുന്ന ചിരി ചിരിച്ചിട്ടു പറഞ്ഞു: "എന്തുചെയ്യാൻ? ഈ രോഗികൾക്കെല്ലാം ഓരോ വിഡ്ഢിത്തം തോന്നാറുണ്ടു്. നാം അവയ്ക്കു മാപ്പുകൊടുക്കണം."

ഡോക്ടർ വാച്ചിൽനോക്കി. എന്തായാലും താൻ ഇന്നു് ഒരു പ്രസിദ്ധനായ വിദഗ്ദ്ധനെ പറഞ്ഞയച്ചിട്ടുണ്ടെന്നും അദ്ദേഹം വന്നു ഡോക്ടറുമായി കൂടിയാലോചിക്കുമെന്നും അവൾ ഇവാൻ ഇലിയിച്ചിനോടു പറഞ്ഞു.

"ഇതിനു് എതിരുപറയരുതു്. എനിക്കുവേണ്ടിയാണു് ഞാനിതുചെയ്യുന്നതു്" എന്നവൾ പറഞ്ഞു. അയാൾ പുരികം ചുളിച്ചുകൊണ്ടു നിശ്ശബ്ദനായിരുന്നു. എല്ലാം അയാൾക്കുവേണ്ടിയാണു ചെയ്യുന്നതെന്നും നിരാകരിക്കാൻ അവസരം ഇല്ലെന്നുമാണു് അവൾ പറഞ്ഞതിൻെറ അത്ഥം. അയഥാത്ഥങ്ങളുടെ കുരുക്കുപിടിച്ച വലയ്ക്കുള്ളിൽ താൻ അകപ്പെട്ടുപോയെന്നും പുറത്തുകടക്കാൻ യാതൊരു മാഗ്ഗവുമില്ലെന്നും അയാൾക്കു തോന്നി.

പതിനൊന്നരമണിക്കു സുപ്രസിദ്ധനായ വിദഗ്ദ്ധൻ വന്നു. വീണ്ടും പഴയപോലെ ദേഹംതട്ടലുകൾ നടന്നു. വൃക്കത്തെപ്പററിയും കുടലിനെപ്പററിയും ഗൗരവംകലന്ന സ്വരത്തിൽ സംസാരിച്ചു. ജീവനോ മരണമോ എന്നതായിരുന്നു അയാളെ നേരിട്ട ഏകപ്രശ്നം. ഡോക്ടർമാക്കാകട്ടെ വൃക്കത്തിൻെറയും കുടലിൻെറയും ക്രമക്കേടായിരുന്നു പ്രശ്നം. അവർ രണ്ടുപേരും ചേന്നാൽ എല്ലാം നേരെയാകുമെന്നായിരുന്നു അവരുടെ ഭാവം.

ഭീതിയും ആശയും പ്രതിഫലിച്ച കണ്ണുകളോടെ താൻ രോഗവിമുക്തനാകുമോ എന്നു് ഇവാൻ ഇലിയിച്ച് വിദഗ്ദ്ധനോടു ചോദിച്ചപ്പോഠം തനിക്കു് അതു തീൎത്തുപറയാൻ സാദ്ധ്യമല്ലെന്നും പക്ഷേ, അതിനു സാദ്ധ്യതയുണ്ടെന്നും പറഞ്ഞിട്ടു ഗൗരവത്തോടെ മുറിവിട്ടു. വിദഗ്ദ്ധനെ തൻെറ ഭൎത്താവു് എത്രമാത്രം പ്രതീക്ഷയോടെയാണു നോക്കിയിരുന്നതു് എന്നുകണ്ട പ്രസ്കോവ്യ ഫെഡറോവ്നാ അദ്ദേഹത്തിനു ഫീസുകൊടുക്കാൻ വേണ്ടി മുറിവിട്ടപ്പോഠം യഥാൎത്ഥത്തിൽ കരഞ്ഞു പോയി.

സ്പെഷലിസ്റ്റ് വന്നതുകൊണ്ടു് ആശാനാളം വീണ്ടും കത്താൻ തുടങ്ങിയെങ്കിലും അതു വളരെനേരം നീണ്ടു നിന്നില്ല. വേദനയുടെ ഞരക്കങ്ങഠം തുടൎന്നു.

ഏഴുമണിക്കു പ്രസ്കോവ്യ ഫെഡറോവ്നാ മുറിയിൽ വന്നു. അവളുടെ മാറു് എഴുന്നുനിന്നിരുന്നു. മുഖത്തു പൗഡറിൻെറ അടയാളം കാണാം. അവർ നാടകം കാണാൻ പോകുന്നുവെന്നു നേരത്തേ അറിയിച്ചിരുന്നുവെങ്കിലും അയാഠം അതു മറന്നുപോയിരുന്നു. പുതിയ വേഷത്തിൽ അവളെ കണ്ടപ്പോഠം അയാഠംക്കു വീണ്ടും കലശലായ വെറുപ്പുതോന്നി.

പ്രസ്കോവ്യ ഫെഡറോവ്നാ സംതൃപ്തയായി കാണപ്പെട്ടുവെങ്കിലും അവളുടെ മനസ്സിൽ അപരാധബോധം നിഴലിച്ചിരുന്നു. അവഠം അടുത്തുചെന്നിരുന്നു് "ഇപ്പോഠം എങ്ങനെയുണ്ടു്?" എന്നു ചോദിച്ചു. വെറുതേ ചോദിക്കാൻവേണ്ടിമാത്രം ആ ചോദ്യം ചോദിച്ചതാണെന്നും പ്രത്യേകിച്ചു് അറിയാൻ ഒന്നുമില്ലെന്നു് അവഠംക്കറിയാമെന്നും അയാഠം മനസ്സിലാക്കി. തനിക്കു പോകാൻ പ്രത്യേകിച്ചു് ആഗ്രഹം ഇല്ലായിരുന്നുവെന്നും

മകളും മകളുടെ സ്നേഹിതനായ (കാമുകനായ) പെട്രോവിച്ചും പോകാൻ ഒരുങ്ങിയതുകൊണ്ട് അവരെ തനിച്ചയയ്ക്കുന്നതു ശരിയല്ലെന്നു തനിക്കു ബോദ്ധ്യമായിട്ടാണു പോകുന്നതെന്നും തീർച്ചയായും അയാളുടെ അടുത്തിരിക്കുന്നതാണു തനിക്ക് ഏററവും ഇഷ്ടമുള്ള കാര്യമെന്നും രാത്രി ഡോക്ടരുടെ നിർദ്ദേശങ്ങൾ ശരിക്കും അനുസരിക്കണമെന്നും അവൾ പറഞ്ഞൊപ്പിച്ചു.

അവരുടെ മകൾ അകത്തുവന്നു. യൗവനം തുളുമ്പി പ്രേമവും ആരോഗ്യവും തിളങ്ങുന്ന മുഖം. രോഗം, മരണം, വേദന—ഇവയോട് അവൾക്കു യാതൊരു സമ്പന്ധിയുമില്ല. അവ അവളുടെ ആനന്ദത്തിനു വിഘാതം വരുത്തുന്നവയാണ്.

ഭംഗിയുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് അവളുടെ കാമുകനായ ചുരുണ്ട തലമുടിയുള്ള ഫെഡോർ പെട്രോവിച്ചും മുറിയിൽ വന്നു.

അവൾക്കുപിന്നിൽ ഇളയമകൻ ആരുംകാണാതെ വന്നുകയറി. ആ മകനെ കാണുമ്പോൾ ഇവാൻ ഇലിയിച്ചിനു ഹൃദയത്തിൽ കരുണനിറയും. പാവം പയ്യൻ! ഗെറാസിമിനെക്കൂടാതെ ആ ബാലൻമാത്രമേ തൻെറ സ്ഥിതി ശരിക്കു മനസ്സിലാക്കിയിരുന്നുള്ളൂ എന്ന് അയാൾക്കു തോന്നി.

അവർ ഇരുന്നു. രോഗവിവരം അന്വേഷിച്ചു. കുറെ നേരത്തേക്കു നിശ്ശബ്ദത വ്യാപിച്ചു. മകൾ അമ്മയോട് നാടകംകാണാനുള്ള കുഴൽക്കണ്ണാടി എവിടെയെന്നു ചോദിച്ചു. ആരെടുത്തു എന്നതിനെക്കുറിച്ചു രണ്ടുപേരും വഴക്കായി. അന്തരീക്ഷത്തിൽ അസ്വാരസ്യം പടന്നു.

ഫെഡോർ പെട്രോവിച്ച് ഇവാൻ ഇലിയിച്ചി

നോട്ട്, "സാറാ ബെർൺഹാട്ട്രിനെ (നാടകത്തിലെ നായികയെ) കണ്ടിട്ടുണ്ടോ?" എന്നു ചോദിച്ചു. ആദ്യം അയാൾക്കു മനസ്സിലായില്ല. പിന്നീടു പറഞ്ഞു: "ഇല്ല, നിങ്ങൾ കണ്ടിട്ടുണ്ടോ?"

"ഞാൻ കണ്ടിട്ടുണ്ടു്. അഡ്രിയേൻ ലെക്രൂവ്രൂയിൽ."

സാറാ ഏററവും നന്നായി അഭിനയിക്കുന്ന ചില കഥാപാത്രങ്ങളുടെ പേരു് പ്രസ്കോവ്യ ഫെഡറോവ്നാ പറഞ്ഞു. മകൾ അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചു. അതിനുശേഷം അവളുടെ അഭിനയത്തിൻെറ ഭംഗിയും റീയലിസവുമായി അവരുടെ സംഭാഷണവിഷയം.

സംഭാഷണത്തിനിടയ്ക്കു ഫെഡോർ പെട്രോവിച്ച് ഇവാൻ ഇലിയിച്ചിനെ നോക്കി. ഉടൻ സംഭാഷണം നിറുത്തി. മററവരും അങ്ങോട്ടുനോക്കി. ഇവാൻ ഇലിയിച്ച് വ്യക്തമായും അവരുടെ സംഭാഷണത്തിൽ ക്രുദ്ധനായി തുറിച്ചുനോക്കിക്കൊണ്ടിരുന്നു. നിശ്ശബ്ദത ഭഞ്ജിക്കാൻ കുറേനേരത്തേക്കു് ആരും തയ്യാറായില്ല. ഒരുനിമിഷത്തിൽ തങ്ങളുടെ കാപട്യത്തിൻെറ തൊലി പൊളിയുമെന്നും സത്യം പ്രകാശിക്കുമെന്നും അവർക്കു തോന്നി. അവസാനം മകൾ ധൈര്യം സംഭരിച്ചുകൊണ്ടു പറഞ്ഞു:

"പോകുന്നുണ്ടെങ്കിൽ പുറപ്പെടാൻ സമയമായി." അവൾ അച്ഛൻ സമ്മാനിച്ച തന്റെ വാച്ചിൽ നോക്കിയിട്ടു ഫെഡോർ പെട്രോവിച്ചിനെ നോക്കി അർത്ഥഗർഭമായി പുഞ്ചിരിച്ചു. അതിൻെറ അർത്ഥം അവർക്കുമാത്രമേ അറിയാമായിരുന്നുള്ളു.

എല്ലാവരും എഴുന്നേററു് "ഗുഡ്നൈററ്!" പറഞ്ഞിട്ടു പുറത്തുപോയി.

അവർ പുറത്തുപോയപ്പോൾ തൻെറ സ്ഥിതി അല്പം മെച്ചപ്പെട്ടുവെന്ന് ഇവാൻ ഇലിയിച്ചിന് തോന്നി. കാപട്യവും വഞ്ചനയും അവരുടെകൂടെ പുറത്തുപോയിക്കഴിഞ്ഞു! പക്ഷേ, ആ ക്രൂരമായ വേദന അയാളെ വിട്ടുപോകാതെ പററിപ്പിടിച്ചുകിടന്നു. ഒരുനിമിഷം കഴിഞ്ഞ് അടുത്തനിമിഷം. ഒരുമണിക്കൂർ കഴിഞ്ഞ് അടുത്ത മണിക്കൂർ. യാതൊരു വ്യത്യാസവുമില്ല, യാതൊരു മാററവുമില്ല.

ഭൃത്യൻ വന്ന് എന്തോ ചോദിച്ചു. "അതെ, ഗെറാസിമിനെ അയയ്ക്കൂ" എന്നുമാത്രം അയാൾ മറുപടി പറഞ്ഞു.

## ഒൻപത്

അയാളുടെ ഭാര്യ രാത്രി വളരെ വൈകിയാണു വീട്ടിൽവന്നത്. അവൾ ശബ്ദമുണ്ടാക്കാതെയാണ് അയാളുടെ മുറിയിൽ കയറിയതെങ്കിലും അയാൾ അതറിഞ്ഞു. കണ്ണുതുറന്നിട്ട വേഗമടച്ചു. ഗെറാസിമിനെ പറഞ്ഞയച്ചിട്ട് അവിടെയിരിക്കണമെന്ന് അവൾക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ, അയാൾ കണ്ണുതുറന്നിട്ട പറഞ്ഞു: "വേണ്ട, പൊയ്ക്കോ."

"വലിയ വേദനയുണ്ടോ?"

"അതെ."

"അഫീൻ കഴിക്കൂ."

അയാൾ സമ്മതിച്ചു; അഫീൻ കഴിച്ചു. അവൾ പോയി.

രാവിലെ മൂന്നുമണിവരെ അയാൾ അർദ്ധനിദ്രയിൽ കിടന്നു വിമ്മിഷ്ടപ്പെടുകയായിരുന്നു. ബോധം വീണ

പ്പോഠം താൻ ശാന്തമായി ക്ഷമയോടെ ഇരുന്നുറങ്ങുന്ന ഗെറാസിമിൻെറ ചുമലിൽ കാൽവെച്ചു കിടക്കുകയാണെന്നറിഞ്ഞു. അതേ മെഴുകുതിരിയുടെ വെളിച്ചവും അതേ ക്രൂരമായ വേദനയും!

"ഗെറാസിം, നീ പൊയ്ക്കോ."

"സാരമില്ല. ഞാൻ കുറേനേരംകൂടി ഇരിക്കാം."

"വേണ്ട, നീ പൊയ്ക്കോ."

അയാഠം ഗെറാസിമിൻെറ തോളിൽനിന്നും കാലെടുത്തു ചരിഞ്ഞുകിടന്നു. തന്നോട് അപരിമിതമായ അനുകമ്പതോന്നി. ഗെറാസിം മുറിവിട്ടു് പോകുന്നതുവരെ കാത്തിരുന്നിട്ടു് ശിശുവിനെപ്പോലെ അയാഠം പൊട്ടിക്കരഞ്ഞു. തൻെറ നിസ്സഹായത, ഏകാന്തത, മനുഷ്യൻെറ ക്രൂരത, ദൈവത്തിൻെറ ക്രൂരത, ദൈവത്തിൻെറ നാസ്തികൃം—ഇതെല്ലാമോർത്തു് അയാഠം കരഞ്ഞു.

'അങ്ങെന്തിനാണിതു ചെയ്തതു്? എന്നെ എന്തിനിവിടെ കൊണ്ടുവന്നു? എന്തിനാണു് എന്നെ ഇങ്ങനെ ക്രൂരമായി ദ്രോഹിക്കുന്നതു്?'

മറുപടിയൊന്നും അയാഠം പ്രതീക്ഷിച്ചില്ല. അയാഠം വിതുമ്പി വിതുമ്പി കരഞ്ഞു. ആ ചോദ്യത്തിനു മറുപടി ഒന്നുമില്ല; ഉണ്ടാകാൻ തരമില്ല. വേദന വർദ്ധിച്ചതേയുള്ളു. പക്ഷെ, അയാഠം അനങ്ങുകയാകട്ടെ ആരെയെങ്കിലും വിളിക്കുകയാകട്ടെ ചെയ്തില്ല. അയാഠം സ്വയം പറഞ്ഞു: 'എന്നെ ദ്രോഹിച്ചോളൂ! പക്ഷെ, എന്തിനാണെന്നു പറഞ്ഞേക്കു. ഞാൻ അങ്ങേക്കു് എന്തു ദ്രോഹംചെയ്തു? എന്തിനാണിതു്?'

അയാഠം ഉടനെ ശാന്തനായി. കരച്ചിൽ നിർത്തി; എന്തോ ശ്രദ്ധിക്കാൻതുടങ്ങി. അയാളുടെ അന്തഃകരണം എന്തോ പറയുന്നതായി അയാഠംക്കു തോന്നി.

'നിനക്കെന്തുവേണം?'

'നിനക്കെന്തുവേണം? നിനക്കെന്തുവേണം?' അയാൾ ചോദ്യം ആവർത്തിച്ചു. 'എനിക്കെന്തുവേണമെന്നോ? എനിക്കു ജീവിക്കണം, എനിക്കു് ഈ ദുരിതം അനുഭവിക്കാൻ സാദ്ധ്യമല്ല.' ഒരു നിമിഷനേരത്തേക്കു് അയാൾ വേദന മറന്നുപോയി.

'ജീവിക്കണോ? എങ്ങനെ?'

'എങ്ങനെയെന്നോ? ഞാൻ മുമ്പു ജീവിച്ചിരുന്നതുപോലെത്തന്നെ. സുഖകരമായി, ആഹ്ലാദകരമായി.'

'മുമ്പു ജീവിച്ചിരുന്നതുപോലെയോ? സുഖകരമായി? ആഹ്ലാദകരമായി?'

ഭാവനയിൽ അയാൾ തൻെറ ജീവിതത്തിലെ ഏററവും സുഖകരമായ നിമിഷങ്ങൾ കണ്ടു. പക്ഷേ, അത്ഭുതമെന്നുതന്നെ പറയട്ടെ, ശൈശവത്തിലെ ചില സ്മരണകളൊഴിച്ചു് മറെറാന്നും അന്നത്തെപ്പോലെ സുഖമുള്ളതായി തോന്നിയില്ല. ശൈശവത്തിലെ ചില അനുഭവങ്ങൾ തിരിച്ചുവന്നാൽ അവയെ ആശ്രയിച്ചു ജീവിക്കാം. പക്ഷേ, അവ അനുഭവിച്ച ശിശു ഇന്നു് ഇല്ലാതായിരിക്കുന്നു. അതെല്ലാം മററാരുടേയോ സ്മരണകൾ പോലെ അയാൾക്കു തോന്നി.

ഇന്നത്തെ ഇവാൻ ഇലിയിച്ചായതു മുതലുള്ള അനുഭവങ്ങൾ ഓർത്തുനോക്കിയപ്പോൾ അവയെല്ലാം അപ്രധാനവും പലപ്പോഴും വൃത്തികെട്ടതുമായിത്തോന്നി.

ശൈശവത്തിൽനിന്നും അകന്നുവരുന്തോറും തന്റെ സുഖാനുഭവങ്ങൾ സംശയാസ്പദമാണെന്നും അർത്ഥമില്ലാത്തതാണെന്നും അയാൾക്കു തോന്നി. ലോകോളേജ് ജീവിതത്തിൽ തീർച്ചയായും സൗഹൃദത്തിൻെറയും വിശ്വാസത്തിൻെറയും ചില നല്ല നിമിഷങ്ങൾ ഉണ്ടായി

രുന്നു. അതുപോലെ ഔദ്യോഗികജീവിതത്തിലെ ആദ്യത്തെ കൊല്ലങ്ങളിലും മധുരസ്മൃതികൾ ഉണ്ടു്; ഒരു യുവതിയോടുള്ള പ്രേമത്തിൻെറ സ്മൃതികൾ. പിന്നീടു് എല്ലാം ആകെ കുഴഞ്ഞ മട്ടാണു്. മധുരനിമിഷങ്ങൾ കുറഞ്ഞുകുറഞ്ഞു വരുന്നു. അയാളുടെ വിവാഹം ആകസ്മികസംഭവമായിരുന്നു. ഭാര്യയിൽ വിശ്വാസം നശിച്ചതു്, അവളുടെ വഞ്ചനയും കാമാർത്തിയും, ജീവനററ ഉദ്യോഗജീവിതം, ധനത്തെപ്പററിയുള്ള ചിന്ത—ഒന്നല്ല, രണ്ടല്ല, ഇരുപതു കൊല്ലങ്ങൾ ഇതുതന്നെ. യാതൊരു മാററവുമില്ല. 'ഞാൻ കുന്നിൻെറ മുകളിൽ കയറുകയാണെന്നു വിശ്വസിച്ചുകൊണ്ടിരുന്നു; യഥാർത്ഥത്തിൽ ഞാൻ താഴോട്ടു വഴുതിവീണുകൊണ്ടിരിക്കുകയായിരുന്നു. അതെ, അതുതന്നെയാണുണ്ടായതു്. പൊതുജനാഭിപ്രായം എന്നെ ആകാശംവരെ ഉയർത്തി. പക്ഷെ, ജീവിതം എന്നിൽനിന്നും അകന്നുപൊയ്ക്കൊണ്ടിരുന്നു. ഇപ്പോൾ എല്ലാം തീർന്നു. മരണം മാത്രം ശേഷിച്ചിട്ടുണ്ടു്.

'അപ്പോൾ എന്താണു് ഇതിന്റെയെല്ലാം അർത്ഥം? ജീവിതം ഇത്ര ഭയങ്കരവും അർത്ഥശൂന്യവുമാകാൻ തരമില്ല. യഥാർത്ഥത്തിൽ ജീവിതം ഭയങ്കരവും അർത്ഥശൂന്യവുമാണെങ്കിൽ എൻെറ മരണം ഇത്ര വേദനയുള്ളതാകാൻ കാരണം? എവിടെയോ എന്തോ തകരാറുണ്ടു്!'

അയാൾക്കു് പെട്ടെന്നു തോന്നി: 'ഒരുപക്ഷേ, എങ്ങനെ ജീവിക്കണമോ അങ്ങനെ ഞാൻ ജീവിച്ചില്ലായിരിക്കും. അതെങ്ങനെ? ഞാൻ എൻെറ കടമയെല്ലാം കൃത്യമായി നിർവ്വഹിച്ചുവല്ലോ?' അയാൾ ഉടനേ സംശയത്തെ—മരണത്തെയും ജീവിതത്തെയും പററിയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയെ അസാദ്ധ്യമാ

ണെന്നു കരുതി മനസ്സിൽനിന്നും ആട്ടിപ്പായിച്ചുക ളഞ്ഞു.

'പിന്നെ നിനക്കു് എന്താണുവേണ്ടതു്? ജീവിക്ക ണോ? എങ്ങനെ ജീവിക്കണം? ബഹുമാനപ്പെട്ട ജഡ്ജി എന്നു് കോടതിയിലെ ശിപായി പറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നല്ലോ, അതുപോലെ ജീവിക്കണോ?'

അയാറം തന്നോടുതന്നെ പറഞ്ഞു: 'ബഹുമാനപ്പെ ട്ട ജഡ്ജി! ഇതാ കിടക്കുന്നു! പക്ഷേ, ഞാൻ യാതൊരു കുററവും ചെയ്തില്ലല്ലോ!'

'എന്തുകൊണ്ടിങ്ങനെ സംഭവിച്ചു?' അയാറം കര ച്ചിൽനിത്തി ചുമരിനുനേരെ തിരിഞ്ഞു കിടന്നുകൊ ണ്ടു് അതേ ചോദ്യത്തെപ്പററിയാലോചിച്ചു: 'ഈ ഭീക രത എന്തിനാണു്? എന്തു് ഉദ്ദേശ്യമാണു് ഇതിൻെറ പുറകിലുള്ളതു്?' എത്ര ബുദ്ധിമുട്ടി ആലോചിച്ചിട്ടും മറുപടി കിട്ടിയില്ല. പക്ഷേ, താൻ എങ്ങനെ ജീവിക്ക ണോ അതുപോലെ ജീവിച്ചില്ലായിരിക്കും എന്ന ചിന്ത വരുമ്പോഴെല്ലാം അയാറം അതിനെ ആട്ടിപ്പായിച്ചിട്ടു താൻ കടമകളെല്ലാം കൃത്യമായി നിവ്വഹിച്ചുവല്ലോ എ ന്നു് തന്നത്താൻ പറഞ്ഞു് ആശ്വസിക്കാൻ ശ്രമിച്ചു.

## പത്തു്

രണ്ടാഴ്ചകൂടി കഴിഞ്ഞു. ഇവാൻ ഇലിയിച്ചു് സോ ഫയിൽനിന്നും എഴുന്നേല്ക്കാറേയില്ല. ചുമരിനെനോക്കി ചരിഞ്ഞുകിടക്കും. ഒരിക്കലുംതീരാത്ത വേദന അനുഭവി ച്ചുകൊണ്ടു്, 'ഇതെന്താണു്? മരണമാണോ?' എന്ന മറു പടിയില്ലാത്ത ചോദ്യവും ചോദിച്ചുകൊണ്ടു് അങ്ങനെ

കിടക്കും. അയാളുടെ ആന്തരികശബ്ദം പറയും: 'അതെ, ഇതു മരണംതന്നെ.'

'ഈ വേദനയും കഷ്ടപ്പാടും എന്തിനു ഞാൻ അനുഭവിക്കണം?'

'പ്രത്യേകിച്ചു കാരണങ്ങളൊന്നുമില്ല. അതങ്ങനെ വന്നു, അത്രതന്നെ.'

രോഗാരംഭം മുതൽക്കുതന്നെ, അതായതു് ഡോക്ടറെ കാണാൻപോയ ദിവസംമുതൽ ഇവാൻ ഇലിയിച്ചിൻെറ മനസ്സിൽ പരസ്പരവിരുദ്ധമായ രണ്ടു വികാരങ്ങൾ തുടർച്ചയായി കൂട്ടിമുട്ടിക്കൊണ്ടിരുന്നു. ചിലപ്പോൾ നിരാശയും, മരണത്തെക്കുറിച്ചുള്ള ഭയങ്കരവും മനസ്സിലാക്കാൻ വിഷമമുള്ളതുമായ പ്രതീക്ഷയും അയാളെ ആക്രമിക്കും. മററുചിലപ്പോഴാകട്ടെ അയാളുടെ ഹൃദയത്തിൽ ആശയുടെ ഇളംതളിരുകൾ പുതുതായി തളിക്കും. തൻെറ തകരാറുള്ള അവയവങ്ങളുടെ പ്രവത്തനത്തെ സശ്രദ്ധം നിരീക്ഷിക്കും. ചിലപ്പോൾ അയാളുടെമുമ്പിൽ താല്ക്കാലികമായി പ്രവത്തനം മന്ദീഭവിച്ച കുടലും വൃക്കവും മാത്രം കാണും. മറ്റുചിലപ്പോഴാകട്ടെ രക്ഷപെടാൻ അസാദ്ധ്യമായ മരണത്തിൻെറ കരാളവക്ത്രവും.

രോഗാരംഭംമുതൽ ഈ വിരുദ്ധവികാരങ്ങൾ അയാളുടെ മനസ്സിൽ ഒന്നിനുപുറകേ ഒന്നായി അലയടിച്ചുകൊണ്ടിരുന്നു. പക്ഷേ, രോഗത്തിൻെറ സ്ഥിതി ഗുരുതരമാകുന്തോറും വൃക്കയെപ്പററിയുള്ള അയാളുടെ ചിന്ത വിചിത്രതരമായ ചില സങ്കല്പങ്ങൾ മാത്രമായിത്തീന്നുകൊണ്ടിരുന്നു; മരണത്തെപ്പററിയുള്ള ബോധമാകട്ടെ നിരന്തരം ഉറച്ചുകൊണ്ടുമിരുന്നു.

മൂന്നുമാസം മുമ്പുള്ള തന്റെ അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യംചെയ്താൽ മതി, താൻ എത്ര

വേഗത്തിലാണ് നാശഗത്തത്തിൽ പതിച്ചുകൊണ്ടിരുന്നതു് എന്നയാൾക്കു കാണാൻ കഴിയും. അയാളുടെ സർവ്വപ്രതീക്ഷകളും ആശകളും തകരുകയും ചെയ്യും.

സോഫയിൽ ചരിഞ്ഞു് ഏകാകിയായി കിടക്കുമ്പോൾ— ജനനിബിഡമായ നഗരമദ്ധ്യത്തിൽ, അനേകം ബന്ധുക്കളുടേയും പരിചിതരുടേയും ഇടയ്ക്കായിരുന്ന അയാളുടെ ഏകാകിതചമെങ്കിലും സമുദ്രത്തിൻെറ അടിത്തട്ടിലോ ഭൂഗർഭത്തിൽത്തന്നെയുമോ ഇത്രയും പരിപൂർണ്ണമായ ഏകാകിതചം ആർക്കും അനുഭവപ്പെട്ടുകയില്ലായിരുന്നു—അയാൾ ഭൂതകാലസ്മരണകളിൽ അഭയംപ്രാപിക്കും. ഭൂതകാലചിത്രങ്ങൾ ഒന്നിനുപുറകേ ഒന്നായി അയാളുടെ മുമ്പിൽ ഉയരും. ഓർമ്മകൾ വർത്തമാനകാലത്തിൽനിന്നും ശൈശവത്തിലേക്കു പോകും. തനിക്ക് അന്നുകിട്ടിയ മീനിനെപ്പററി ഓർക്കുമ്പോൾ താനറിയാതെ ശൈശവത്തിൽ കിട്ടിയ പലഹാരത്തിലേക്ക് അയാളുടെ ഓർമ്മകൾ ചെല്ലും. പലഹാരത്തിൻെറ രുചി, അതു തിന്നപ്പോൾ വായിൽ വെള്ളമൂറിയതു് ഇതെല്ലാം. അയാൾ ഓർക്കും. അതോടൊപ്പം അയാളുടെ ആയ, സഹോദരൻ എന്നിവരുടേയും കളിപ്പാട്ടങ്ങളുടേയും സ്മരണകൾ വരും. 'ഞാൻ അതൊന്നും ഓർക്കാൻ പാടില്ല. കൂടുതൽ ദുഃഖമുണ്ടാകും.' അയാൾ മററു വല്ലതിനെപ്പററിയും ആലോചിക്കാൻ ശ്രമിക്കും.

അതോടൊപ്പം തൻെറ രോഗം എങ്ങനെ വഷളായി എന്നതിനെപ്പററിയുള്ള ഓർമ്മകളും അയാളുടെ മനസ്സിൽ കടന്നുവരും. പിന്നോട്ടു നോക്കിയപ്പോൾ തനിക്കു കൂടുതൽ ജീവൻ ഉണ്ടായിരുന്ന ഒരു കാലം അയാൾ കണ്ടു. ജീവിതവും ജീവിതത്തിലെ നന്മയും അയാൾ അനുഭവിച്ചതാണ്. 'പക്ഷേ, എൻ്റെ വേദന കൂടുന്തോറും

ജീവൻ കുറഞ്ഞുകുറഞ്ഞുവന്നു.' ദുരിതങ്ങൾ നിറഞ്ഞ തൻെറ ജീവിതം അതിൻെറ ഭയങ്കരമായ അന്ത്യത്തിനു നേരെ പായുകയാണ്! 'ഞാൻ പറന്നുകൊണ്ടിരിക്കുന്നു—' അയാൾ ഞെട്ടി. തൻെറ പാച്ചിലിനെ നിരോധിക്കാൻവേണ്ടിയെന്നോണം ശരീരം ചലിപ്പിച്ചു. പക്ഷേ, നിരോധനം അസാദ്ധ്യമാണെന്ന് അയാൾക്കറിയാമായിരുന്നു. അയാൾ തളർന്ന കണ്ണുകൾ സോഫയുടെ വശത്തുറപ്പിച്ച് ആ ഭയങ്കരപതനത്തിനും നാശത്തിനുംവേണ്ടി കാത്തിരുന്നു.

'നിരോധനം സാദ്ധ്യമല്ല.' അയാൾ തന്നത്താൻ പറഞ്ഞു: 'ഇതെല്ലാം എന്തിനാണെന്നു മനസ്സിലായാൽ മതിയായിരുന്നു! പക്ഷേ, അതും സാദ്ധ്യമല്ല. ഞാൻ ജീവിക്കേണ്ടവിധത്തിൽ ജീവിച്ചില്ല എന്നു സമ്മതിച്ചാൽ ഇതു വിശദീകരിക്കാം. പക്ഷേ, ഒരിക്കലും അങ്ങനെ പറയാൻ കഴിയുകയില്ല.' അയാൾ തന്റെ ജീവിതത്തിലെ ചിട്ടയും ക്രമവും ഓർത്തു: 'അതൊരിക്കലും സമ്മതിക്കാൻ കഴിയുകയില്ല. ഇതിനു യാതൊരു വിശദീകരണവും സാദ്ധ്യമല്ല. ദുഃഖവും മരണവും...പക്ഷേ, എന്തിന്...?'

## പതിനൊന്ന്

വീണ്ടും രണ്ടാഴ്ചകൂടി കഴിഞ്ഞു. അതിനിടയ്ക്ക് ഇവാൻ ഇലിയിച്ചും ഭാര്യയും ആഗ്രഹിച്ചിരുന്ന ഒരു കാര്യം സംഭവിച്ചു. പെട്രിഷ്ചേവ് ഔപചാരികമായി വിവാഹാഭ്യർത്ഥന നടത്തി. ഒരു സന്ധ്യയ്ക്കാണതു സംഭവിച്ചത്. പിറേറദിവസം രാവിലെ പ്രസ്കോവ്യ ഫെഡറോവ്നാ ഇതു് ഏററവും ഉചിതമായവിധ

ത്തിൽ ഭർത്താവിനെ അറിയിക്കാൻ എങ്ങനെ സംഭാഷണം ആരംഭിക്കണമെന്നു് ആലോചിച്ചുകൊണ്ടു് അയാളുടെ മുറിയിൽ കടന്നു. പക്ഷെ, തലേരാത്രി ഇവാൻ ഇലിയിച്ചിൻെറ സ്ഥിതി കുറേക്കൂടി ഗുരുതരമായി മാറിയിരുന്നു. സോഫയിൽ അയാൾ മലൎന്നുകിടക്കുന്നതാണു് അവൾ കണ്ടതു്. അയാൾ മലൎന്നുകിടന്നു മുകളിലോട്ടു നോക്കി ഞരങ്ങുകയായിരുന്നു.

അവൾ സാവധാനം മരുന്നിൻെറ കാൎയ്യം ഓൎമ്മിപ്പിച്ചു. പക്ഷെ, അയാൾ അവളെ അതിരൂക്ഷമായി നോക്കി. തുടങ്ങിവച്ച വാചകം മുഴമിപ്പിക്കാൻപോലും അവൾ ധൈൎയ്യപ്പെട്ടില്ല. ആ നോട്ടത്തിൽ അവളോടു് അത്യധികം വെറുപ്പു പ്രകടിതമായിരുന്നു.

അയാൾ പല്ലുകടിച്ചുകൊണ്ടു പറഞ്ഞു: "കൎത്താവിനെയോൎത്തു് എന്നെ എൻെറ പാട്ടിനുവിട്ടു. ഞാൻ സമാധാനത്തോടെ മരിച്ചുകൊള്ളട്ടെ!"

അവൾ പോകാൻ തിരിഞ്ഞപ്പോഴേക്കും മകൾ മുറിയിൽ പ്രവേശിച്ചു. അയാൾ തൻെറ ഭാൎയ്യയെ നോക്കിയതുപോലെ മകളെയും നോക്കി. രോഗവിവരം ചോദിച്ചപ്പോൾ താൻ അവരെയെല്ലാം അവരുടെ ബുദ്ധിമുട്ടുകളിൽനിന്നു താമസിയാതെ ഒഴിവാക്കുമെന്നു നിൎവ്വികാരനായി പറഞ്ഞു. അമ്മയും മകളും ഒന്നും പറഞ്ഞില്ല. കുറേസമയം അയാളുടെ അടുത്തിരുന്നിട്ടു് അവർ എഴുന്നേററു വെളിയിൽപ്പോയി.

ലിസ അമ്മയോടു പറഞ്ഞു: "ഇതെന്തു ശല്യമായിത്തീൎന്നു! ഇതു കേട്ടാൽത്തോന്നും ഇതെല്ലാം നമ്മുടെ കുറ്റമാണെന്നു്! അച്ഛനെയോൎത്തു് എനിക്കു വ്യസനമുണ്ടു്. പക്ഷെ, നമ്മെ എന്തിനിങ്ങനെ ചിത്രവധം ചെയ്യണം?"

പതിവുനേരത്തിനു ഡോക്ടർ വന്നു. ഇവാൻ ഇലി

യിച്ച് തൻ്റെ ക്രുദ്ധനയനങ്ങൾ ഡോക്ടരുടെമേൽനിന്നും മാററാതെ "അതെ" എന്നും "ഇല്ല" എന്നും ചോദ്യങ്ങൾക്ക മറുപടി പറഞ്ഞുകൊണ്ടിരുന്നു. അവസാനം അയാൾ പറഞ്ഞു: "എനിക്കുവേണ്ടി ഒന്നും ചെയ്യാൻ നിങ്ങൾക്ക സാദ്ധ്യമല്ലെന്ന കാര്യം നിങ്ങൾക്കുതന്നെ അറിയാമല്ലോ? അതുകൊണ്ട് എന്നെ എൻെറ പാട്ടിനു വിട്ടേക്കു."

"നിങ്ങളുടെ വേദന ശമിപ്പിക്കാൻ ഞങ്ങൾക്കു കഴിയും."

"ഇല്ല. അതുപോലും സാദ്ധ്യമല്ല. എന്നെ വിട്ടേക്കു."

ഡോക്ടർ സ്വീകരണമുറിയിൽച്ചെന്ന് ഇവാൻ ഇലിയിച്ചിൻെറ സ്ഥിതി ഗുരുതരമായിരിക്കുന്നുവെന്നും അയാളുടെ ഭയങ്കരവേദന ശമിപ്പിക്കാൻ ഏകമാർഗ്ഗം അഫീൻ കൊടുക്കുക മാത്രമാണ് എന്നും പ്രസ്കോവ്യ ഫെഡറോവ്നായോടു പറഞ്ഞു.

ഇവാൻ ഇലിയിച്ചിൻെറ ശാരീരികവേദന ഡോക്ടർ പറഞ്ഞതുപോലെ ഭയങ്കരമായിരുന്നു. പക്ഷേ, അതിനെക്കാളും ഭയങ്കരമായിരുന്നു അയാളുടെ മാനസിക വേദന. അതായിരുന്നു അയാളെ ക്രൂരമായി കാൻതിന്നു കൊണ്ടിരുന്നതു്.

തലേന്നുരാത്രി ഉറക്കംതൂങ്ങിക്കൊണ്ടിരുന്ന ഗെറാസിമിൻെറ ഓമനത്തംതുളുമ്പുന്ന മുഖത്തിൽ നോക്കിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഒരു ചോദ്യം അയാളുടെ മുമ്പിലുയൎന്നു: 'യഥാൎത്ഥത്തിൽ എൻെറ ജീവിതം മുഴുവനും തെററായ മാൎഗ്ഗത്തിൽക്കൂടിയാണു സഞ്ചരിച്ചതു് എന്നാലോ?'

താൻ ജീവിക്കേണ്ട വിധത്തിൽ ജീവിച്ചില്ല എന്ന

വിചാരത്തെ അയാറം പണ്ട് എല്ലായ്പോഴും മനസ്സിൽനിന്നു് ആട്ടിപ്പായിച്ചിരുന്നു. പക്ഷേ, ആ വിചാരം ശരിയായിരിക്കാം എന്നയാറംക്കു് ഇപ്പോറം തോന്നി. മാന്യന്മാരുടെ ഇടയ്ക്കു നല്ലതെന്നു കരുതപ്പെട്ട അയാളുടെ നടപടികറംക്കെതിരായി അയാളുടെ ഹൃദയത്തിൽത്തന്നെ പൊങ്ങിവന്ന വികാരങ്ങളെ അയാറം അപ്പോഴപ്പോറം അടിച്ചമർത്തിയിരുന്നെങ്കിലും അവയായിരിക്കാം യാഥാർത്ഥ്യമെന്നും ബാക്കിയുള്ളതെല്ലാം അയഥാർത്ഥമാണെന്നുമുള്ള വിചാരം അയാളുടെ മനസ്സിൽ ഉറയ്ക്കാൻതുടങ്ങി. തൻെറ ഔദ്യോഗികചുമതലകളും തൻെറയും കുടുംബത്തിൻെറയും ജീവിതത്തിലെ ചടങ്ങുകളും എല്ലാം പൊള്ളയും അന്തസ്സത്തയില്ലാത്തതും ആണെന്നു് അയാറംക്കു ബലമായ സംശയമുണ്ടായി. താൻ ചെയ്തതെല്ലാം ശരിയാണെന്നു വാദിക്കാൻ അയാറം ശ്രമിച്ചുവെങ്കിലും അതു തീരെ നിഷ്ഫലമായിരുന്നു.

'അപ്പോറം...എനിക്കു കിട്ടിയതെല്ലാം ഞാൻ വീണ്ടുവിചാരമില്ലാതെ നഷ്ടപ്പെടുത്തിയെന്നും അതു വീണ്ടെടുക്കുക അസാദ്ധ്യമാണെന്നുമുള്ള ബോധത്തോടെയാണു് ഞാൻ മരിക്കാൻ പോകുന്നതു്...അപ്പോറം...?'

അയാറം മലർന്നുകിടന്നുകൊണ്ടു തൻെറ ജീവിതത്തെ പുതിയ കാഴ്ചപ്പാടിൽക്കൂടി നോക്കിത്തുടങ്ങി. രാവിലെ ഭൃത്യൻ, ഭാര്യ, മകറം, ഡോക്ടർ എന്നിവരെയെല്ലാം കണ്ടപ്പോറം തലേന്നുരാത്രി തനിക്കു വെളിപ്പെട്ട സത്യം ഒന്നുകൂടി ഉറപ്പിക്കപ്പെട്ടു. അവരിൽ അയാറം തന്നെത്തന്നെ ദർശിച്ചു. എന്തിനെല്ലാംവേണ്ടി താൻ ജീവിച്ചുവോ അതെല്ലാം അവരിൽ കണ്ടു. അതെല്ലാം അയഥാർത്ഥമാണെന്നും ജീവിതത്തെയും മരണത്തെയും മറച്ചുപിടിച്ച വൻവഞ്ചനയാണെന്നും അയാറം വളരെ

വ്യക്തമായിക്കണ്ടു. ഇതു് അയാളുടെ ശാരീരികമായ വേദനയെ പതിന്മടങ്ങു വർദ്ധിപ്പിച്ചു. അയാൾ ഞരങ്ങുകയും ഉരുളുകയും ചെയ്തു.

അവർ അയാൾക്കു കുറേക്കൂടി അഫീൻ കൊടുത്തു. കുറേനേരത്തേക്കു് അയാൾക്കു് ബോധമില്ലാതായി. എങ്കിലും ഉച്ചയായപ്പോൾ വേദന വീണ്ടും തുടങ്ങി. തന്റെ മുമ്പിൽവന്ന എല്ലാവരെയും അയാൾ ആട്ടിപ്പായിച്ചു. കിടക്കയിൽ അങ്ങുമിങ്ങും ഉരുണ്ടുപിരണ്ടുകിടന്നു.

അയാളുടെ ഭാര്യ വന്നു പറഞ്ഞു: "ദയവുചെയ്തു് എനിക്കുവേണ്ടി ഇതു ചെയ്യുക. ഒരാപത്തും ഇല്ല. പലപ്പോഴും പ്രയോജനമുണ്ടാകും. ആരോഗ്യമുള്ളവരും ചെയ്യാറുണ്ടു്—"

അയാൾ കണ്ണു മലക്കെ തുറന്നു.

"ഏ, അന്ത്യക്രൂദാശയോ? എന്തിനു്? അതിന്റെ ആവശ്യമില്ല. പക്ഷേ—"

അവൾ കരയാൻ തുടങ്ങി: "അതു വേണം. ഞാൻ നമ്മുടെ പാതിരിക്കു് ആളയയ്ക്കാം. അയാൾ തങ്കംപോലത്തെ മാന്യനല്ലേ?"

"ശരി, ആയിക്കളയാം."

പാതിരി വന്നു കുറ്റസമ്മതം കേട്ടുകഴിഞ്ഞപ്പോൾ അയാൾക്കു് ആശ്വാസം തോന്നി. വേദനയിൽനിന്നും വിമോചനം കിട്ടിയോ എന്നപോലും അയാൾക്കു തോന്നിപ്പോയി. പ്രതീക്ഷയുടെ നേരിയരശ്മി വീണ്ടും പ്രകാശിച്ചുതുടങ്ങി. അയാൾ തൻെറ കുടലിനെപ്പററി ആലോചിക്കുകയും അതു ശരിയാക്കാൻ മാർഗ്ഗമുണ്ടെന്നു വിശ്വസിക്കുകയും ചെയ്തു. അയാൾ കണ്ണുനീരോടുകൂടി തീർത്ഥം സ്വീകരിച്ചു.

അതെല്ലാം കഴിഞ്ഞപ്പോൾ, താൻ ജീവിച്ചേക്കും

എന്ന ആശ അയാളിൽ വീണ്ടും കിളിത്തു. ശസ്ത്രക്രിയ നടത്തണമെന്ന അഭിപ്രായത്തെപ്പററി അയാൾ ആലോചിച്ചുതുടങ്ങി. 'ജീവിക്കണം! എനിക്കു ജീവിക്കണം!'

ഭാര്യ വന്നു ചോദിച്ചു: "ഇപ്പോൾ കുറെ ആശ്വാസം തോന്നുന്നുണ്ട് അല്ലേ?" അവളുടെ മുഖത്തുനോക്കാതെ അയാൾ പറഞ്ഞു: "അതെ."

അവളുടെ വസ്ത്രം, രൂപം, മുഖഭാവം, ശബ്ദം എല്ലാം അതുതന്നെ വെളിപ്പെടുത്തി. 'ഇതു തെററാണ്. എങ്ങനെ വേണമോ അങ്ങനെയല്ല ഇതെല്ലാം. ഇതുവരെ നീ എന്തിനെല്ലാംവേണ്ടി ജീവിച്ചുവോ, ഇപ്പോൾ എന്തിനെല്ലാംവേണ്ടി ജീവിക്കുന്നുവോ അതെല്ലാം ഭയങ്കര വഞ്ചനയാണ്. അതു ജീവിതത്തെയും മരണത്തെയും നിന്നിൽനിന്നു മറച്ചുവയ്ക്കുന്നു.' ആ വിചാരം ശരിയാണെന്നു സമ്മതിച്ചപ്പോൾ അയാളുടെ വെറുപ്പും ശാരീരികവേദനയും വീണ്ടും വന്നു. അതോടൊപ്പം മാററിനിർത്താൻ വയ്യാത്ത അന്ത്യത്തെപ്പറ്റിയുള്ള തീക്ഷ്ണമായ ബോധവും.

"അതെ" എന്ന് അയാൾ ഉച്ചരിച്ചപ്പോൾ അയാളുടെ മുഖഭാവം ഭയങ്കരമായിരുന്നു. അതു പറഞ്ഞ ശേഷം അയാൾ അവളുടെ കണ്ണുകളിൽ രൂക്ഷമായി നോക്കി. പെട്ടെന്നു ചരിഞ്ഞുകിടന്നിട്ട് അയാൾ വിളിച്ചുപറഞ്ഞു: "ഇവിടെനിന്നും ദൂരെപ്പോ! എന്നെ എന്റെ പാട്ടിനു വിടൂ."

## പന്ത്രണ്ട്

ആ നിമിഷംമുതൽ അയാൾ നിലവിളി തുടങ്ങി. അതു് മൂന്നുദിവസം നീണ്ടുനിന്നു. അടച്ച വാതിലിനിടയിൽക്കൂടി കേൾക്കുമ്പോഴും ഭയാവഹമായിരുന്നു!

താൻ എന്നെന്നേക്കുമായി നശിച്ചുകഴിഞ്ഞിരിക്കുന്നു എന്നും ഇനി ജീവിതത്തിലേക്കു തിരിച്ചുവരാൻ ഒരിക്കലും സാദ്ധ്യമല്ല എന്നും തൻെറ സംശയങ്ങൾക്കു നിവൃത്തിലഭിക്കാതെ ഇപ്പോഴും സംശയങ്ങളായിത്തന്നെ അവ തുടരുന്നു എന്നും അയാൾക്കു തോന്നി.

ആ മൂന്നുദിവസവും രൂക്ഷമായ വേദനയുടെ ഫലമായി തുടർച്ചയായി അയാൾ നിലവിളിച്ചു. വധശിക്ഷ വിധിക്കപ്പെട്ടവൻ തനിക്കു വിമോചനം ഇല്ലെന്നറിഞ്ഞിട്ടുകൂടി ആരാച്ചാരുടെ കൈയിൽക്കിടന്നു പിടയുന്നതുപോലെ അയാൾ രക്ഷപെടാൻ ശ്രമിച്ചു. പക്ഷേ, എത്രതന്നെ ശ്രമിച്ചിട്ടും, താൻ പേടിച്ചുകൊണ്ടിരുന്ന അന്ത്യം നിർദ്ദയമായി, ക്രൂരമായി തന്നെ സമീപിച്ചുകൊണ്ടിരിക്കുന്നു എന്നാണു് അയാൾക്കു തോന്നിയതു്. അയാളെ ഒരു കറുത്ത ചാക്കിനുള്ളിൽ ആരോ പിടിച്ചു തള്ളുകയാണു്; പക്ഷേ, ഉള്ളിൽ ഇറങ്ങിയിട്ടില്ല. അതിൻെറ ഉള്ളിൽ മുഴുവനായി ഇറങ്ങാതിരിക്കാൻ കാരണം തൻെറ ജീവിതം നല്ലതായിരുന്നു എന്ന അയാളുടെ വിശ്വാസമായിരുന്നു. ആ നീതീകരണം അയാളുടെ മുന്നോട്ടുള്ള ഗതിയെ തടഞ്ഞുവച്ചു; അതാണു് അയാൾക്കു് ഏററവുമധികം വേദന നല്കിയതു്.

പെട്ടെന്നു് ഒരജ്ഞാതശക്തി അയാളെ ആ ചാക്കിനകത്തു തള്ളിയിട്ടു. അയാൾക്കു ശ്വാസംകഴിക്കാൻ കുറേക്കൂടി ബുദ്ധിമുട്ടു തോന്നി. പക്ഷേ, ആ ചാക്കിന്റെ അടിത്തട്ടിൽ അയാൾ പ്രകാശം കണ്ടു. ചിലപ്പോൾ,

തീവണ്ടി യഥാർത്ഥത്തിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുമ്പോൾ അതു പിന്നോട്ടാണു പോകുന്നതെന്നു നമുക്കു തോന്നും; പെട്ടെന്ന് അതിൻെറ യഥാർത്ഥഗതി നാം അറിയുന്നതുപോലുള്ള അനുഭവമാണ് ഇലിയിച്ചിന് ഉണ്ടായതു്.

അയാൾ സ്വയം പറഞ്ഞു: 'അതെ, അതെല്ലാം വഞ്ചനയായിരുന്നു. പക്ഷേ, അതു സാരമില്ല. ഏതാണു ശരിയായിട്ടുള്ളതു്?' പെട്ടെന്ന് അയാൾ നിശ്ചലനായി.

മരിക്കുന്നതിനു രണ്ടുമണിക്കൂർമുമ്പാണ് അതു സംഭവിച്ചതു്. അയാളുടെ മകൻ കിടക്കയുടെ അരികിൽ വന്നുനിന്നു. മരണശയ്യയിൽ കിടന്ന ആ മനുഷ്യൻ അപ്പോഴും ഭയങ്കരമായി നിലവിളിച്ചുകൊണ്ടിരുന്നു. അയാളുടെ കൈ ബാലന്റെ ശിരസ്സിൽ വീണു. ബാലൻ അതു പിടിച്ചു തൻെറ ചുണ്ടോടു ചേർത്തുകൊണ്ടു കരഞ്ഞുതുടങ്ങി.

ആ നിമിഷത്തിൽ ഇവാൻ ഇലിയിച്ച് പ്രകാശം കണ്ടു. തൻെറ ജീവിതം എങ്ങനെ വേണ്ടിയിരുന്നോ അങ്ങനെയല്ല കഴിഞ്ഞതു്. എങ്കിൽക്കൂടിയും ഇപ്പോഴും അതിനു പരിഹാരമുണ്ടാക്കാമെന്ന് അയാൾക്കു തോന്നി. അയാൾ തന്നത്താൻ ചോദിച്ചു: 'ഏതാണ് ശരിയായിട്ടുള്ളതു്?' പെട്ടെന്ന് എന്തോ ശ്രദ്ധിക്കുന്നമട്ടിൽ അയാൾ നിശ്ചലനായി. അപ്പോൾ തൻെറ കൈ ആരോ ചുംബിക്കുന്നതായി അയാൾക്കു തോന്നി. അയാൾ കണ്ണു തുറന്നു മകനെ നോക്കി. അവനെയോർത്ത് അയാൾ ദുഃഖിച്ചു. അയാളുടെ ഭാര്യയും അടുത്തെത്തി. അയാൾ അവളെയും നോക്കി. അവളുടെ കണ്ണിലും മൂക്കിന്മേലും

കണ്ണുനീർ ഉണ്ടായിരുന്നു. അവളെയോർത്തും അയാരം ദുഃഖിച്ചു.

അയാരം വിചാരിച്ചു: 'ഞാൻ വെറുതേ അവരെ ബുദ്ധിമുട്ടിക്കുന്നു. അവക്ക് വ്യസനമുണ്ട്. പക്ഷേ, ഞാൻ മരിച്ചുകഴിഞ്ഞാൽ അവക്ക് ആശ്വാസം കിട്ടും' അയാരംക്ക് അതു് ഉറക്കെപ്പറയണമെന്നു തോന്നി; പക്ഷേ, അതിനുള്ള ബലമുണ്ടായില്ല. അയാരം തന്റെ മകനെ സൂചിപ്പിച്ചുകൊണ്ടു ഭാര്യയോടു പറഞ്ഞു: "അവനെ വെളിയിൽ കൊണ്ടുപോകൂ. അവനെയോർത്ത് സങ്കടമാകുന്നു." 'നിന്നെയോർത്തും സങ്കടമുണ്ട്. എന്നോടു ക്ഷമിച്ചേക്കു' എന്നു പറയാൻ ശ്രമിച്ചെങ്കിലും "എന്നോടു ക്ഷമി..."എന്നു മാത്രമേ പറയാൻ കഴിഞ്ഞുള്ളു. ആരാണോ മനസ്സിലാക്കേണ്ടതു് ആ ദൈവം മനസ്സിലാക്കിക്കൊള്ളുമെന്നു് അയാരം വിശ്വസിച്ചു.

അയാരം പെട്ടെന്നു തന്നോടുതന്നെ ചോദിച്ചു: 'വേദനയെവിടെ? അതിനു് എന്തുപററി? എൻെറ വേദനേ, നീയെവിടെ?

അയാരം തൻെറ ശ്രദ്ധ അതിലേക്കു തിരിച്ചു.

'ങാ, അതിവിടെയുണ്ട്. അതിനെന്താ? ഇരിക്കട്ടെ. മരണം—അതെവിടെ?'

അയാരം തനിക്കു സുപരിചിതമായ മരണഭയം എവിടെയെന്നന്വേഷിച്ചു: "അതെവിടെ?" പക്ഷേ, അയാരംക്കു യാതൊരു ഭയവും തോന്നിയില്ല; കാരണം, മരണത്തെ അയാരംക്കു കാണാൻ കഴിഞ്ഞില്ല.

മരണത്തിനു പകരം അയാരം വെളിച്ചം കണ്ടു.

അയാരം ഉറക്കെപ്പറഞ്ഞു: "അപ്പോരം അങ്ങനെ വരട്ടെ! എന്താനന്ദം!"

ഇതെല്ലാം ഒരൊററ നിമിഷത്തിലാണു് സംഭവി

ച്ചതു്. അടുത്തു നിന്നിരുന്നവർക്കു് അയാളുടെ വേദന രണ്ടു മണിക്കൂർകൂടി ഉണ്ടായിരുന്നതായി തോന്നി. അയാളുടെ തൊണ്ടയിടറി, ശരീരം ഒന്നു വലിഞ്ഞു, കിതപ്പു കുറഞ്ഞുകുറഞ്ഞുവന്നു.

“എല്ലാം തീൎന്നു” അടുത്തുനിന്ന ആരോ പറഞ്ഞു.

അയാളതു മനസ്സിൽ ആവൎത്തിച്ചു.

‘മരണം കഴിഞ്ഞു. അതിനി ഇല്ല!’ അയാൾ തന്നെത്താൻ പറഞ്ഞു.

അയാൾ ശ്വാസംവലിച്ചു; ദീൎഘശ്വാസത്തിനിടയ്ക്കു നിൎത്തി; ശരീരം ഒന്നുകൂടി വലിഞ്ഞു; അയാൾ മരിച്ചു.

UNIVERSITY LIBRARY
18 JUN 1969
MADRAS

221818
O142:3M28:22
32k2

MADRAS UNIVERSITY LIBRARY
-3 APR 2003
CHENNAI-600 005

# ഇവാൻ ഇലിയിച്ചിൻെറ മരണം

കറുത്ത ബോർഡറിനുള്ളിൽ ഇങ്ങനെ അടിച്ചിരുന്നു: "തന്റെ പ്രിയഭർത്താവായ ജസ്റ്റി ഇവാൻ ഇലിയിച്ച് ഗോലോവിൻ 1882 ഫെബ്രുവരി നാലാം തീയതി മരിച്ചുപോയ വിവരം പ്രസ്കോവ്യ ഫെഡറോവ്നാ ഗോലോവിനാ ഏററവും ദുഃഖത്തോടെ ബന്ധുക്കളേയും സുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു...."

ഇവാൻ ഇലിയിച്ചിൻെറ മരണംമൂലം സംഭവ്യമായ ഉദ്യോഗക്കയററങ്ങളെപ്പററിയും സ്ഥലംമാററങ്ങളെപ്പററിയും എല്ലാവരും ആലോചിച്ചു. പക്ഷേ, അതുകൂടാതെ സുപരിചിതനായ ഈ വ്യക്തിയുടെ മരണം കേട്ടവരുടെ മനസ്സിൽ മറ്റൊരു വികാരംകൂടി ഉളവാക്കി. "അയാളല്ലേ മരിച്ചതു്, ഞാൻ അല്ലല്ലോ" എന്ന വികാരത്തിൽനിന്നുമുളവായ ആശ്വാസമായിരുന്നു അതു്.

'യുദ്ധവും സമാധാനവും', 'അന്നാ കരനീന' തുടങ്ങിയ വിശ്വപ്രസിദ്ധനോവലുകളുടെ കർത്താവായ ലിയോ ടോൾസ്റ്റോയിതന്നെയാണു്, ഇവാൻ ഇലിയിച്ചിന്റെ കഥയും എഴുതിയിരിക്കുന്നതു്.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ